REG. NO. M. 2689 & T. 122. LICENCE NO. 246. DATED 5-4-31

മലയാളരാജ്യം ചിത്രവാരിക

13th THULAM 1110

28th OCTOBER 1934.



രാഗിണീദേവി ലക്ഷ്മീലാസ്യം

Courtesy. Sry. Ragini Devi.

VOL. VII. NO. 8

Price As. 2. വില ൨ ണ.

...ed by R. Raghavan Pillai at ...

മലയാളരാജ്യം

ചിത്രവാരിക.

പുസ്തകം ൧ | ൲൱൮ തുലാം ൰൩-ാംനു- തിങ്കളാഴ്ച. | ലക്കം ൪.

ഹാംബർഗ്ഗ് റാത്തോസ്



ഹെർ ഹിററ്ലറുടെ തെരഞ്ഞെടുപ്പുപ്രസംഗം കേൾക്കുന്നതിനായി ബഹുസഹസ്രം പൗരന്മാർ ഹാംബർഗ്ഗ് റാത്തോസ് മന്ദിരത്തിൻെറ സമീപത്തു് കൂടി നിൽക്കുന്നതു്.

Universal

സി. വി-യും കവിതയും.

വി. ഗോപാലപിള്ള ബി. എ; എൽ. ററി.

ചന്തമേറിയപൂവിലും ശബളാഭമാം ശലഭത്തിലും
സന്തതം കരതാരിയന്നൊരുചിത്രചാതുരികാട്ടിയും
ഹന്ത! ചാരുകടാക്ഷമാലകളർക്കരശ്മിയിൽനീട്ടിയും
ചിന്തയാംമണിമന്ദിരത്തിൽവിളങ്ങുമീശനെ വാ–
(ഴ്ത്തുവിൻ.

ആ ഈശൻതന്നെയാണു് സാക്ഷാൽ കവിത. ചിന്താമണിമന്ദിരം കവിതാമയമാണു്. അതിൽ പ്രവേശിച്ചാൽ എങ്ങും ഏതിനും കവിതയേയുള്ളൂ ...കവിതയില്ലാതെ ചിന്തിയ്ക്കില്ലാ ചൈതന്യം."

കവിത ചിന്താസന്താനമാണു്. എന്നാൽ അതു കേവലം ചിന്ത മാത്രമാണോ എന്നു് ആലോചിക്കേണ്ടതുണ്ടു്

"ശക്തി,ലോകകലാശാസ്ത്ര
സൂക്ഷ്മാവേക്ഷണപാടവം
അഭ്യാസസിദ്ധി ഈ മൂന്നും
ചേൎന്നാൽകാവ്യനിമിത്തമാം"

എന്നാണു് കാവ്യനിർമ്മാണത്തെപ്പററി അഭിജ്ഞമതം. മുജ്ജന്മവാസന, ലോകം, കലകൾ, ശാസ്ത്രങ്ങൾ ഇവയെ സൂക്ഷ്മമായി നിരീക്ഷണം ചെയ്യുന്നതിനുള്ള സാമൎത്ഥ്യം, അഭ്യാസം ഇവ ഒരു കാവ്യനിർമ്മാണത്തിൻെറ കരുക്കളാണു്. സാമാന്യജനങ്ങൾ പരിസരങ്ങളോടു് അലസത നടിച്ചു് അപ്പോഴപ്പോൾ മാത്രമുണ്ടാകുന്ന ജിജ്ഞാസ ശമിപ്പിച്ചു് 'കണ്ടു'നടക്കുമ്പോൾ ഒരു കവി പ്രകൃതിയേയും സംഭവങ്ങളേയും സൂക്ഷ്മദൃഷ്ട്യാ 'നിരീക്ഷണം'ചെയ്തു പ്രജ്ഞാകേന്ദ്രത്തിൽ അവയ്ക്കു ചിരപ്രതിഷ്ഠ നൽകുന്നു. ഈ ജ്ഞാനശകലങ്ങളാണു് ഒരു ഗ്രന്ഥകാരൻെറ സമ്പത്തു്. വാസനയും നിരീക്ഷണശക്തിയുമുള്ള ഒരു കവിക്കു് വിവിധ രീതിയിലുള്ള ഭൂപ്രകൃതികളോടും മനുഷ്യപ്രകൃതിയോടും സംഭവങ്ങളോടും സിദ്ധിക്കുന്ന പരിചയം വലുതായ സമ്പത്തുണ്ടാക്കിക്കൊടുക്കുന്നു. ഈ സമ്പത്തു കാവ്യനിർമ്മാണത്തിൽ അയാൾക്കു മൂലധനമായിത്തീരുന്നു.

എന്നാൽ സമ്പത്തുണ്ടായാൽ പോരാ. അതിനെ വേണ്ടവിധത്തിൽ പ്രയോഗിക്കുന്നതിനുള്ള പാടവം അത്യാവശ്യമാണു്. ധാരാളം സമാൎജ്ജിച്ചു ചിലവാക്കാൻ മനസ്സോ മാൎഗ്ഗമോ തോന്നാതെ 'നിധികാക്കുന്ന ഭൂതത്താന്മാ'രായി കഴിഞ്ഞുകൂടുന്നതുകൊണ്ടു് എന്തൊരു പ്രയോജനമാണുള്ളതു്. ഇവിടെയാണു് അഭ്യാസസിദ്ധിയുടെ പ്രയോജനം. ഔചിത്യബോധം കാവ്യനിർമ്മാണത്തിൽ, അഥവാ സംഗ്രഹിച്ചിട്ടുള്ള ആശയസമ്പത്തിൻെറ വിനിമയത്തിൽ പ്രധാനമാണു്. വിവിധരാജ്യങ്ങളിലും കാലങ്ങളിലും ഉള്ള ഗ്രന്ഥങ്ങളെ പഠിച്ചു സിദ്ധിക്കേണ്ട ഒരു പരിചയമാണു് അഭ്യാസം. ഇങ്ങനെ ജന്മവാസന, നിരീക്ഷണശക്തി, അഭ്യാസസിദ്ധി ഇവ കാവ്യനിർമ്മാണത്തിൽ അത്യന്താപേക്ഷിതങ്ങളാണു്.

ചിലപ്പോൾ ഫോട്ടോഗ്രാഫിയന്ത്രത്തെപ്പോലെ കവികൾ പ്രകൃതിയെപ്പകൎത്താറുണ്ടു്. ഇവിടെ രമണീയങ്ങളായ ഭൂപ്രകൃതികൾ ചിത്രകാരൻെറ മസ്തിഷ്കത്തിൽ ചെറുതായി പതിഞ്ഞു് അഭ്യാസസിദ്ധിയാകുന്ന കണ്ണാടിച്ചില്ലിൽക്കൂടി കടന്നു കടലാസിൽ പരന്നു പഠിതാക്കൾക്കു് അനുഭവജ്ഞാനം നൽകുന്നു. ചേരിപ്പകതീക്കുന്നതിനും, തിങ്കൾക്കോപ്പു് പിരിക്കുന്നതിനുംമററുമായി പുറപ്പെടുന്ന പള്ളിബാണർ തൻെറ യാത്രയ്ക്കിടയിൽ കടന്നുപോകുന്ന പാടങ്ങളുടെ മനോഹരത അപ്പൻതമ്പുരാൻ തിരുമേനിയുടെ സൂക്ഷ്മാവേക്ഷണപാടവത്തേയും അഭ്യാസസിദ്ധിയേയും ഉച്ചൈസ്തരം ഘോഷിക്കുന്നു. കണ്ടൻകോരനും കൂട്ടരും തണ്ടുകൾ ആഞ്ഞിട്ടു മുതലനായാട്ടിനു പുറപ്പെട്ടു കടന്നുപോകുന്ന വഴികളേയും സമയത്തേയും പററിയുള്ള സുന്ദരചിത്രം മററൊരുദാഹരണമാണു് ജനസങ്കല്പംവഴി സങ്കേതങ്ങളായി തീൎന്നിരിക്കുന്ന ലിപിസമുച്ചയത്തെക്കൊണ്ടു വരച്ചുതീൎത്തിട്ടുള്ള ഇത്തരം ചിത്രങ്ങൾ ആലോചനാമൃതങ്ങളല്ലെന്നു് ആരു പറയും? ഇവരുടെ വാക്ചിത്രങ്ങൾ ആർട്ടിസ്റ്റു് രാജരാജവർമ്മ തിരുമേനിയുടെ മനോഹരചിത്രങ്ങളെത്തന്നെ അനുസ്മരിപ്പിക്കുന്നു. കഠിനംകുളംകായലിലെ ഉദിസന്ധ്യാകാലങ്ങളെയും രണ്ടു ചിത്രങ്ങളിൽ അദ്ദേഹം പകൎത്തിയിരിക്കുന്നു. അവയെ സൂക്ഷിച്ചു വീക്ഷിച്ചാൽ സമയത്തിനു സഹജമായ ശൈത്ത്യം നമുക്കനുഭവപ്പെടുന്നോ എന്നു ഭ്രമിച്ചുപോകും. അദ്ദേഹത്തിൻെറ മലക്കറിക്കാരി, പുഷ്പങ്ങൾ ശേഖരിച്ചു കുട്ടയിലാക്കി വൃക്ഷം ചാരി നിൽക്കുന്ന സ്ത്രീരത്നം ഇവയും അനിതരസാധാരണസൗഷ്ഠവത്തെ പ്രദർശിപ്പിക്കുന്നു. (ഇവ കാഴ്ചബംഗ്ലാവു ലൈബ്രറിയുടെ ചുവരുകളെ സവിശേഷം അലങ്കരിക്കുന്നു,)

എന്നാൽ കവികൾ ഇത്രയുംകൊണ്ടു തൃപ്തരാകുന്നില്ല. ഇവൎക്കു സൃഷ്ടികൂടാതെ കഴികയില്ല ഇവിടെയാണു് ചിന്തയാംമണിമന്ദിരത്തിൽ വസിക്കുന്ന ഈശനായി നാം കവിയെ കാണുന്നതു്. ഈശനു പഞ്ചഭൂതങ്ങൾപോലെ കവിക്കു നിരീക്ഷണംകൊണ്ടു സിദ്ധിച്ചിട്ടുള്ള ജ്ഞാനശകലങ്ങളാണു് സൃഷ്ടിവിഷയത്തിൽ ഉപകരിക്കുന്നതു്. ഈ സമീക്ഷകളെ മാററിയും മറിച്ചും മാത്ര കൂട്ടിയും, കുറച്ചും, തമ്മിൽ കലൎത്തി പുതിയ സൃഷ്ടിചെയ്യുന്നതിനു കവിക്കു ഭാവനാശക്തിയും അഭ്യാസവും അത്യാവശ്യമാണു്. ഇങ്ങിനെ കവിസങ്കല്പം സൃഷ്ടിച്ചു പ്രദാനം ചെയ്യുന്ന ലോകത്തിൽ, കുബേരനും, കുചേലനും ഒരുപോലെ വിഹരിക്കാം. പക്ഷേ വിവിധജനസമുദായങ്ങളോടും, വ്യക്തികളോടും, സംഭവങ്ങളോടും പരിചയം സിദ്ധിക്കത്തക്ക നിലയിൽ കവിക്കു സഞ്ചാരസാഹചൎയ്യങ്ങൾ അത്യാവശ്യമാണു്. സീ. വീ രാമൻപിള്ള അവൎകളുടെ 'മണികണ്ഠൻ' കവിയുടെ സുപരിചിതങ്ങളായ പല സക്ഷാദ്രൂപങ്ങളുടെ കലൎപ്പായിരിക്കാനെ തരമുള്ളൂ.

ഒരു ചിത്രകാരനു നിറങ്ങൾപോലെ ഒരു പദ്യകാരനു് സംഗീതം ഉപകരിക്കുന്നു. എന്നാൽ ഗദ്യമാകട്ടെ കവികളുടെ നികഷമായിത്തീൎന്നിട്ടുണ്ടു്. സി വി. രാമൻപിള്ള അവർകളുടെ കൃതികൾ അദ്ദേഹത്തെ ഒരു മഹാകവിയാക്കിത്തീൎത്തിട്ടുണ്ടു്. മലയാളഭാഷയ്ക്കു അനർഘസമ്പത്തുകളായിതീൎന്നിട്ടുള്ള അദ്ദേഹത്തിൻെറ കൃതികൾ ഗ്രന്ഥപാരായണോൽസുകരായ ജനങ്ങളുടെ ശ്രദ്ധയെ സവിശേഷം ആകൎഷിക്കുന്നു. ചരിത്രാഖ്യായികകളാണു് അദ്ദേഹത്തിൻെറപ്രധാനപ്രതിപാദ്യവിഷയം. അപ്പൻതമ്പുരാൻ തിരുമേനി ഭൂതരായരിൽകൂടി നമുക്കു പ്രദാനംചെയ്യുന്ന പെരുമാൾവാഴ്ചക്കാലത്തെപ്പററി നോക്കുക. സമുദായഭരണത്തിൻെറ സമാപ്തിയാൽ അസ്വസ്ഥരായിത്തീൎന്ന പലരുടെയും കുസൃതികൾ, സമുദായമത്സരങ്ങൾ തുടങ്ങി ഒരു പ്രത്യേകകാലഘട്ടത്തിൻെറ പല വശങ്ങളേയും അദ്ദേഹം നമുക്കു കാട്ടിത്തരുന്നു എന്നാൽ രാമൻപിള്ള അവർകളുടെ ചരിത്രകാലം അഭിനവമാണു്. തിരുവിതാംകൂർ രാജ്യത്തിൻെറ സൃഷ്ടിക്കും, സ്ഥിതിക്കും കാരണഭൂതന്മാരായ രണ്ടു രാജസിംഹങ്ങളാണു് അദ്ദേഹത്തിൻെറ കഥയിൽകൂടി കാണുന്നതു്. രാജഭക്തിയും, ഈശ്വരഭക്തിയും അദ്ദേഹത്തിനു വേറല്ല. വീരാരാധനസ്ഥായിയായരസമാണു്. രാജാകേശവദാസൻെറ കുടുംബത്തോടു് അദ്ദേഹത്തിനു വലിയ കടപ്പാടുണ്ടു്. പണ്ടത്തെ വീരപുരുഷന്മാരുടെ അപദാനങ്ങളെ പ്രൗഢന്മാരായ വൃദ്ധന്മാരിൽനിന്നു് അദ്ദേഹം നേരിട്ടു ഗ്രഹിച്ചു രസിച്ചുമിരിക്കണം. ഇങ്ങിനെ രാജകുടുംബങ്ങളോടും, പ്രഭുകുടുംബങ്ങളോടുമുള്ള ഗാഢപരിചയം തിരുവിതാംകൂർ രാജ്യചരിത്രത്തിൻെറ കണ്ണായ കാലഘട്ടത്തെ പാത്രീകരിക്കുന്നതിനു് അദ്ദേഹത്തെ ഉത്സാഹിപ്പിച്ചതിൽ അതിശയിക്കാനെന്തുള്ളൂ? അദ്ദേഹത്തിൻെറ പാത്രങ്ങളിൽകൂടി കാണുന്ന അക്കാലം സങ്കല്പസൃഷ്ടമാണെന്നു വളരെ പണിപ്പെട്ടാലും തോന്നുക പ്രയാസം.

കഥാരംഗങ്ങളെ തയാറാക്കുന്നതിൽ അദ്ദേഹത്തിനു് ഒരു പ്രത്യേകപാടവമുണ്ടു്. കവികൾ സാധാരണ വൎണ്ണ്യപുരുഷൻെറ അപദാനങ്ങളെ ക്രമത്തിലധികം ചായം തേച്ചു് മോടിപിടിപ്പിച്ചു ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമിക്കുന്നു. ഒരുലക്ഷംപേരോടു് ഒററയായി നേൎത്തു പടവെട്ടി വിജയിയാകുക, കണ്ണിമയ്ക്കുന്നതിന്നിടയ്ക്കു പല വേഷങ്ങളും ധരിച്ചു പരാക്രമപ്രകടനം ചെയ്ക എന്നുവേണ്ട അവതാരപുരുഷന്മാരെക്കൂടി നാണിപ്പിക്കത്തക്ക അത്ഭുതകാൎയ്യങ്ങൾക്കു് കഥാപുരുഷനെ കെട്ടിയൊരുക്കിയാൽ വേണ്ടതിലധികമായിഎന്നു ഇക്കൂട്ടർ സമാധാനപ്പെടുന്നു. എന്നാൽ ഒരു യഥാൎത്ഥ ആൎട്ടിസ്റ്റിനെപ്പോലെ പരിസരത്തെ മാററി ചരിത്രത്തിനു ജാജ്വല്യത നൽകുന്നതിലാണു് സി. വി. രാമൻപിള്ള അവർകളുടെ സാമൎത്ഥ്യം വെളിപ്പെടുന്നതു്. സ്യമന്തകം തുള്ളലിൽ നമ്പ്യാരാശാൻ ചെയ്യുന്ന വൎണ്ണന സൂ

ക്ഷിച്ച് അദ്ദേഹം വീക്ഷിച്ചിട്ടുണ്ട്. പ്രസേനന്റെ നായാട്ടുയാത്രയിലുള്ള ഒരുക്കങ്ങൾ അദ്ദേഹം വൎണ്ണിക്കുന്നു. പ്രസേനനെ നിഷ്പ്രയാസംകൊന്നു മണിഹരിച്ച സിംഹത്തെ അത്രമാത്രം വൎണ്ണിക്കേണമെന്നില്ല. ഈ സിംഹത്തെ കളിച്ചെന്നോണമടിച്ചു മുടിക്കുന്ന ജാംബവാന്റെ പരാക്രമം ഊഹ്യമാണ്. ജാംബവാനെ കളിപ്പന്തുപോലെ താഴത്തെറിഞ്ഞു വിജയിയായിനിൽക്കുന്ന കൃഷ്ണന്റെ തിരുവടിയെപ്പററി എന്തിനേറെപ്പറയണം. എട്ടുവീട്ടിൽപിള്ളമാരുടെ പരാക്രമങ്ങളേയും, സ്വാധീനശക്തിയേയും, തമ്പിമാരുടെ ആനുകൂല്യത്തേയും വൎണ്ണിക്കുന്നതിൽ കവിക്കു കൂടുതൽ ശ്രദ്ധയുണ്ട്. മഹാരാജാവുതിരുമനസ്സുകൊണ്ടു രാപ്പകൽ വ്യത്യാസംകൂടാതെ കല്ലും മുള്ളുംതൊഴിച്ച് ഓടിയും ഒളിച്ചും ദൈവഗത്യാമാത്രം ആപത്തുകളിൽനിന്നു രക്ഷപ്പെട്ടും ഒടുവിൽ "അരക്ഷിതം തിഷ്ഠതി ദൈവരക്ഷിതം" എന്ന മഹദ്വാക്യത്തിനു മകുടോദാഹരണമായി ശത്രുസംഹാരംചെയ്തും, ജയിച്ചുരുളുന്ന ശത്രുക്കളെ വൎണ്ണിക്കുന്നതിൽ ചെയ്യുന്ന ശ്രമം മുഴുവനും ഇവരെ സംഹരിക്കുന്നതിനു പ്രാപ്തമായിത്തീൎന്ന രാജശക്തിയെ യഥാൎത്ഥത്തിൽ കീൎത്തിക്കുകയാണു ചെയ്യുന്നതു്. ധൎമ്മരാജനിലും ഈ രീതിതന്നെ അദ്ദേഹം സ്വീകരിച്ചിരിക്കുന്നു. ഹൈദർഖാൻബഹദൂരിന്റെ ആക്രമണമഹാവിപത്തിന്റെ സൂത്രധാരത്വം വഹിച്ചു നവമായി സമ്പാദിക്കപ്പെട്ട രാജ്യങ്ങളിൽ പ്രജകളുടെയിടയിൽ കലാപം, സന്യാസവേഷം ധരിച്ചു രാജ്യത്തിൽപ്രവേശിച്ചു ദ്രോഹോദ്യുക്തനായി പ്രയത്നിക്കുന്ന ഹരിപഞ്ചാനനന്റെ ഉപജാപങ്ങൾ, രാമനാമഠത്തിന്റെ നരുന്തായ ചന്ത്രക്കാരന്റെ എന്തിനുമുള്ള പുറപ്പാടു തുടങ്ങി അത്യന്തം ആപൽക്കരമായ ഒരു പരിസരം ശ്രീപത്മനാഭപ്രസാദാനുഗ്രഹപരിപൂൎണ്ണനായ ധൎമ്മരാജരത്നത്തെ ഏററവും ശോഭിപ്പിക്കുന്നു. ഈ പരിസരങ്ങളിൽകൂടി ധൎമ്മരാജാവുതിരുമേനിയുടെ രാജ്യത്തെ രക്ഷിക്കുന്നതു ശ്രീപത്മനാഭൻതന്നെ, മററാരുമല്ല. മനുഷ്യന്റെ ശക്തിയെ തുലനംചെയ്തു അതിന്റെ കൂടുതൽകുറവനുസരിച്ചു ജയാപജയങ്ങൾ നൽകുന്നതു് ദൈവമതത്തെ വിഗണിക്കുന്ന ഹ്രസ്വവീക്ഷണംകൊണ്ടാണെന്നും ഈ കഥകൾ നമ്മെ പഠിപ്പിക്കുന്നു. തിരുവിതാംകൂറിനു നേക്കേണ്ടിവന്നിട്ടുള്ള ശത്രുക്കളിൽ മൈസൂർവ്യാഘ്രം ഏററവും ഭയങ്കരനായിരുന്നു. ഇദ്ദേഹത്തിന്റെ ചാരന്മാരായി ഗൗണ്ഡൻ, ബബേ്ശ്വരൻ കണ്ഠീരവൻ തുടങ്ങിയ ഗംഭീരന്മാർ തിരുവിതാംകൂറിൽ പ്രച്ഛന്നവേഷരായി കടന്നുമടയ്ക്കുന്നു. നിസ്സാരങ്ങളായ വ്യക്തിമത്സരങ്ങൾ പെരിഞ്ചക്കോടനെ ദ്രോഹവൃത്തിക്കു, കൊടന്തയെ ചാരവൃത്തിയ്ക്കും ഒരുക്കിനിറുത്തുന്നു തിരുമേനിയുടെ വാൎദ്ധക്യകാലം. ഇതാണ് രാമരാജബഹദൂറിലെ 'ബക്ഗ്രൗണ്ട്" ശ്രീപത്മനാഭപ്രസാദത്താൽ വൈഷമ്യങ്ങളെ തരണംചെയ്തു തൊഴുകൈയോടെ ചിത്രത്തിന്റെമദ്ധ്യത്തിൽ പരിലസിക്കുന്ന ദശരഥപ്രഭാവനായ തിരുമനസ്സുകൊണ്ടു കവിയുടെ സാമൎത്ഥ്യത്താൽ എത്രമാത്രം പരിലസിക്കുന്നു എന്നു നോക്കുക.

ഇദ്ദേഹത്തിന്റെ കൈയിൽ കഥകൾ സംഭവബഹുലങ്ങളാണ്. ചരിത്രാഖ്യായികകൾകൊണ്ടു സാധിക്കേണ്ടതു് വൎണ്ണനാവിഷയമാകുന്ന ചരിത്രപുരുഷനെയോ, സംഭവത്തെയോ, യാഥാൎത്ഥ്യത്തിനു ലോപംവരുത്താതെ വൎണ്ണിച്ചു നായകന്റെ ജയാപജയങ്ങൾക്കോ, സംഭവത്തിന്റെ നിലനിൽപിനോ കാരണമായ സംഗതികൾക്കു ചിരപ്രതിഷ്ഠ ഉണ്ടാക്കിക്കൊടുക്കുകയെന്നുള്ളതാണ് ഒരു കവിയെന്നുള്ളനിലയിൽ അദ്ദേഹം സങ്കല്പസൃഷ്ടങ്ങളായ പാത്രങ്ങളെ കഥയിൽ കൂട്ടിയിണക്കി ഒരു പ്രണയകഥക്കു രംഗമുണ്ടാക്കുകയും ചെയ്യുന്നു. ചരിത്രാഖ്യായികകളിലെ പ്രണയകഥകൾക്കു രണ്ടാംസ്ഥാനമേയുള്ളു. അവിദഗ്ദ്ധന്മാരായ ചിത്രകാരന്മാരുടെ ചില പട്ടാഭിഷേകപ്പടങ്ങൾ വായനക്കാർ കണ്ടിരിക്കാം. സീതാരാമന്മാരുടെ ചിത്രങ്ങൾ രചിക്കുന്ന വിഷയത്തിൽ ചിത്രകാരന്റെ സാമൎത്ഥ്യവും ചായത്തിന്റെ ഏറിയക്കൂറും വ്യയംചെയ്തു മററുരൂപങ്ങൾ 'കണ്ണാമണ്ണാ' വരച്ചു ആകപ്പാടെ അലങ്കോലപ്പെടുത്തുന്ന രീതിയിലാണ്, നായികാനായകന്മാൎക്കു പ്രാധാന്യംനൽകി അവരെ നഥനില്ലാനാടുകളിൽ നടമാടിച്ചു ചില കവികൾ കാവ്യങ്ങൾ ചമയ്ക്കുന്നതു്. ഒരു രാഷ്ട്രചരിത്രത്തിലും ഒരു സമുദായചരിത്രത്തിലും നായികാനായകന്മാൎക്കു എത്രമാത്രം സ്ഥാനം ഉണ്ടായിരിക്കാമെന്നു സൂക്ഷ്മാവലോകനംചെയ്തു അദ്ദേഹത്തിന്റെ കഥകൾ രചിച്ചിരിക്കുന്നു. അനന്തപത്മനാഭൻ ആഭിജാത്യംകൊണ്ടും, രാജപ്രീതികൊണ്ടും ബന്ധുസമ്പത്തുകൊണ്ടും പരാക്രമപ്രകടനങ്ങൾകൊണ്ടും, ഏററവും ഉയൎന്നുനിൽക്കുന്നു. പാറുക്കുട്ടിക്കു ഒരു കുറവുമില്ല. എന്നാൽ ഗുരുജനങ്ങളുടെ പരിസരത്തിൽ ഇവൎക്കു നൽകിക്കാണുന്ന സ്ഥാനം എത്ര വിനീതമായ ഒന്നാണ്. മററു കഥകളിലും ഈനയം നിലനിൎത്തിക്കാണുന്നു. അവയെ ഉദ്ധരിച്ചു കാളങ്ങൾ നിറച്ചിട്ടു വിശേഷം യാതൊന്നുമില്ല. രംഗങ്ങൾ സംഭവബഹുലങ്ങളായതിനാൽ നായകന്മാൎക്കു നായികമാരെ നൎമ്മസല്ലാപങ്ങൾകൊണ്ടു രസിപ്പിക്കുന്നതിനു സമയംകൂടി കിട്ടുന്നില്ല. അനന്തപത്മനാഭൻ ഭ്രാന്തന്റെവേഷത്തിൽ ശ്രീവീരമാൎത്താണ്ഡവൎമ്മയുവരാജാവിന്റെ പ്രാണരക്ഷണം നിൎവഹിച്ചു ഓടിനടക്കുമ്പോൾ പാറുക്കുട്ടി അദ്ദേഹത്തിന്റെ അകാലനിൎയ്യാണകഥകേട്ടും, വിശ്വസിക്കാതെയും ജീവിതഭാരം വഹിക്കുന്നു. താൻ എഴുന്നള്ളിച്ചുകൊണ്ടു നടന്ന സാവിത്രിയായ കുണ്ടാമണ്ടിക്കുട്ടക്കയെ ഒന്നു കാണുന്നതിനുകൂടി സന്ദൎഭംലഭിക്കാതെ വിക്രമൻ രാജ്യകാൎയ്യങ്ങളിൽ തന്നാലായതുചെയ്തു ഉഴറിപ്പടക്കുന്നു. കേശവൻകുഞ്ഞു സ്മരിക്കക്കൂടി വയ്യാത്ത ബ്രഹ്മഹത്യാപാപം ആരോപിക്കപ്പെട്ടു ബന്ധനം അനുഭവിച്ചു നായികക്കു വിയോഗശോകം നൽകുന്നു.

കഷ്ടിച്ചുമാത്രംലഭിക്കുന്ന സന്ദൎശനാവസരങ്ങളിൽ നായികാനായകന്മാരെ കവി, സംഭാഷണം ചെയ്യിക്കുന്ന രീതി വളരെ സ്തുത്യൎഹമാണ്. കുമാരനാശാനവർകളുടെ ശൃംഗാരത്തെപ്പററി കലൎപ്പില്ലാത്ത ശൃംഗാരമെന്നും, പരിശുദ്ധശൃംഗാരമെന്നും പറഞ്ഞുകാണുന്നു. എന്നാൽ ശൃംഗാരദേവതയുടെ വൃദ്ധദശയിൽ ഉണ്ടായ സന്താനമെന്നു തോന്നിക്കുന്ന അച്ചുപിള്ളഡെഫേദാരെ പാറുഅമ്മയുടെ ഭവനത്തിൽപ്രവേശിപ്പിച്ചു ശൃംഗാരാഭാസമായ ഒരു രംഗം സൃഷ്ടിച്ച കവി അദ്ദേഹത്തിന്റെ ശൃംഗാരരംഗങ്ങൾക്കു വരുത്തിയിരിക്കുന്ന ആരാധ്യത ഏററവും ശ്രേഷ്ഠമായിരിക്കുന്നു. കേശവൻകുഞ്ഞു് മൂക്കിന്റെതുമ്പത്തു കോപംസംഭരിച്ച ഒരു നായകനാണ്. പ്രണയിനിയുടെ ഊരും, പേരും പൊരുത്തങ്ങളും അറിയാതെ ഉൽകൃഷ്ടമായ ഒരു സിദ്ധാന്തിയായിട്ടാണ് ഇദ്ദേഹം പ്രണയരംഗങ്ങളിൽ കഴിക്കുന്നതു്. അഭ്യാപി ആകണ്ഠം പരിഭവം-നിവൃത്തിയില്ലാതെ ആയാൽ ചോദിക്കുകയാണ്: "കളിപറയാതെ കാൎയ്യമായി മറുപടി പറയൂ". കൂടിപ്പോയാൽ "സമ്മതമുണ്ടോ"— ഈ മുട്ടുചോദ്യം നായികയെ വിഷമിപ്പിക്കുന്നു. മാതാവിൽനിന്നു അറിയേണ്ടതറിഞ്ഞു പാൽക്കടലിലോ പാൽപ്പായസക്കടലിലോനീരാടി സുഖിച്ചിരിക്കുമ്പോഴാണ് ഘോരനരഹത്യാപരാധത്തിനു ഈ കോമളയുവാവു് ബന്ധനസ്ഥനായതു്. അനന്തരമുണ്ടാകുന്ന വിരഹം മഹാദാരുണം. ജിജ്ഞാസ അപാരം. സാവിത്രീവിക്രമന്മാർ കളിച്ചുവളൎന്നവരാണ്. സ്നേഹം പ്രണയമായി മാറിത്തുടങ്ങിയപ്രായത്തിൽ രാജ്യസേവനാകാംക്ഷ വിക്രമനെ കൎത്തവ്യത്തിലേക്കു നയിച്ചു. രണ്ടുകൊല്ലംകഴിഞ്ഞു തികഞ്ഞ യൗവനഘട്ടത്തിൽ ഇവരെ കവി സംഘടിപ്പിക്കുന്നതു നോക്കുക. സാവിത്രീവിക്രമന്മാർ പരസ്പരം കാണുന്നു. രണ്ടുപേൎക്കും വന്നിട്ടുള്ള പ്രായവ്യത്യാസങ്ങളെ ആദരിക്കുന്നു. ആകൃതിസൗഷ്ഠവത്തെ ആസ്വദിക്കുന്ന കുലമൎയ്യാദകളെ മാനിക്കുന്നു. ഈ ഘട്ടത്തിൽ ഇത്ര ഗഹനമാക്കി അവരുടെ വിചാരഗതികൾ വായനക്കാരുടെ ഊഹാബാധങ്ങൾക്കു വിട്ടുതരുന്ന ഗ്രന്ഥകാരന്റെ ഔചിത്യത്തെ എത്രവാഴ്ത്തിയാലും മതിയാകുന്നതല്ല. ഇവരുടെ സംഭാഷണം നോക്കുക.

വി—"അച്ഛനില്ലെ?"

സാ "ഇല്ല"......"ഇപ്പോൾവരും"...

..."അമ്മ കിടപ്പുതന്നെ ചേട്ടാ അങ്ങോട്ടുചെല്ലണം." എന്നിട്ടിവർ മീനാക്ഷിയുടെ സമീപത്തു് പോകുന്നു. ഒരു രഹസ്സല്ലാപത്തിനു കിട്ടിയ ഈ സന്ദൎഭത്തെ ഇത്ര വഷളാക്കിയല്ലോ എന്നു വ്യസനിക്കുന്നവരും ഉണ്ടാവാം. ശരീരത്തിനും, മനസ്സിനും, സംസ്കാരത്തിനും ഈ നായികാനായകന്മാൎക്കു് സിദ്ധിച്ചിരുന്ന ആരോഗ്യദാൎഢ്യം ശൃംഗാരവികൃതികൾക്കു ഇവരെ പ്രേരിപ്പിക്കില്ലെന്നേയുള്ളു. തനിച്ചുകണ്ടപ്പോൾ അതിഥിമൎയ്യാദയുംമറന്നു് മൗനംദീക്ഷിച്ച സാവിത്രി അമ്മയുടെ സാന്നിദ്ധ്യത്തിൽ ആശാട്ടിയാകുന്നു.

സാ – കണ്ടില്ലയോ അമ്മാ—ഇപ്പോൾ ആരെപ്പോലെയിരിക്കുന്നു. ആക്കാട്ടു നവാബോ ഇങ്ങോട്ടു ആക്രമിക്കാൻവരുന്ന സുൽത്താനോ?

• ... ...

വി—അമ്മച്ചി! ഇവിടത്തെ സാവിത്രക്കുട്ടി– ഞാൻ കൊച്ചിലെ എഴുന്നള്ളിച്ചുകൊണ്ടുനടന്ന കുണ്ടാമണ്ടിക്കുട്ടക്ക-എങ്ങോട്ടു ഉരുണ്ടുപോയി.

സാ—ഒരാളിനു മൂക്കിന്റെ താഴെ പുര.

കഠ കരഃത്തപ്പോഠ കണ്ണു വായ്ക്കുകത്തായിപ്പോയി.

രണ്ടുപേക്ഷം വന്നിട്ടുള്ള പ്രായവ്യത്യാസത്തെ അവർ ഇങ്ങനെ പരസ്പരം പറഞ്ഞു രസിക്കുന്നു, ഇവിടെ 'ചമ്മല' വന്നുചാടുന്നു. കൊടന്ധയുടെ പ്രേരണയാൽ കുപിതനായിത്തീരുന്ന ഉണ്ണിത്താൻ സാവിത്രിയെ ബബ്ളിപുരംരാജാവിനുകൊടുക്കാൻ തീച്ച്പ്പെടുത്തി വിക്രമൻ ആ ഭവനത്തിൽ വന്നുകൂടെന്നു ആജ്ഞയും പുറപ്പെട്ടിരിക്കുന്നു. വിക്രമനു യുദ്ധരംഗത്തിലേക്കു പുറപ്പെടുന്നതിനുള്ള കാലവും സമീപിച്ചിരിക്കുന്നു. ഈ ഘട്ടത്തിൽ ബബ്ളിപുരേശനെ ഉണ്ണിത്താൻ സൽക്കരിക്കുന്ന വിവരങ്ങളറിഞ്ഞു് നിരാശാകാലുഷ്യത്താൽ പറന്നെത്തുന്ന കുട്ടിഭീമൻ സാവിത്രിയുമായി ചെയ്യുന്ന സംഭാഷണം നമുദായത്തിനു എന്നെന്നേക്കും ആഭരണമാണു്. "കൂടിഎടുത്തുകൊണ്ടു പൊയ്ക്കളയട്ടെ," എന്നു് നൈരാശ്യത്തോടുകൂടി ചോദിക്കുന്ന വിക്രമനോടു സാവിത്രി പറയുന്നതു നോക്കുക. "പോയി ജയിച്ചുവരണം ചേട്ടാ". ആരൊക്കെ മറിഞ്ഞാലും തന്റെ ഹൃദയവല്ലഭനെയൊഴിച്ചു ആരെയും വരിക്കുകയില്ലെന്നു സാവിത്രിക്കു നിശ്ചയമാണു്. ലീലയെപ്പോലെ ദേഹം കമനനും, ഹൃദയം മദനനും കൊടുത്തു ജീവിക്കാൻ സീ. വിയുടെ വീരസന്താനം ഒരുക്കമല്ല. സോദരീസോദരന്മ ർ ഒരുമിച്ചിരുന്നു് വായിച്ചുരസിക്കത്തക്ക ഇത്തരംപ്രണയരംഗങ്ങളാണു് അദ്ദേഹം സൃഷ്ടിച്ചിട്ടുള്ളതു്. ഇതു് സാദ്ധ്യമാണോ എന്നു പലരും ചോദിച്ചേക്കാം. അതിനു സമാധാനം പറയാൻ ഞാൻ പ്രാപ്തനല്ല. നായികാനായകന്മാർ ജീവിതരംഗത്തിൽ കൈകോത്തുപിടിച്ചു നമ്മുടെ മുൻപിൽവച്ചു സല്ലപിക്കാറുണ്ടു്. അതുകൊണ്ടു അവക്കു നേപഥ്യരംഗങ്ങൾ ഇല്ലന്നോ, പരസ്പരം അനുരാഗമില്ലെന്നോ ആകുന്നില്ല. കവി അപ്രകാരമുള്ള രംഗങ്ങളിലേക്കു നമ്മെ ആനയിക്കുന്നില്ല.

തിരുവിതാംകൂർ രാജവംശത്തോടു പ്രജകൾക്കും, പ്രജകളോടു ഭരണാധികാരികൾക്കുമുള്ള കത്തവ്യബോധത്തെ പ്രത്യക്ഷമാക്കത്തക്ക രംഗങ്ങളും സി. വി. യുടെ ഭാവനാശക്തി സൃഷ്ടിച്ചുതന്നിട്ടുണ്ടു്. എട്ടുവീട്ടിൽപിള്ളമാരായ രാജ്യഭക്തന്മാരെ നശിപ്പിച്ചു മാത്താണ്ഡവർമ്മതിരുമേനി സ്വേച്ഛാപ്രഭുത്വം നടത്തി എന്നൊരപരാധം പറയുന്നുണ്ടു്. അതിന്റെ ന്യായാന്യായങ്ങളെ ഇവിടെ ചിന്തിക്കേണ്ട ആവശ്യം ഇല്ല. കവിയുടെ സൃഷ്ടിയിൽ മാത്താണ്ഡവർമ്മ മഹാരാജാവുതിരുമനസ്സുകൊണ്ടു് കളങ്കരഹിതനായി പ്രശോഭിക്കുന്നു. പിള്ളമാരുടെ രാജദ്രോഹപ്രവൃത്തികളെ തന്ത്രംകൊണ്ടു് ജയിക്കാമെന്നു് രാമയ്യൻ ഉപദേശിക്കുമ്പോൾ ഉള്ള മറുപടി നോക്കുക.

യുവരാജാ—രാമയ്യന്റെ ഉപദേശം നന്നുതന്നെയാണു്. തന്ത്രംകൊണ്ടു് അവരെ അടക്കാൻ കഴിയുന്നതുമാണു്........എന്നാൽ നിഗ്രഹിക്കാതെ പാട്ടിലാക്കി രാജ്യഭരണം നടത്തിക്കാണണമെന്നു് എനിക്കു മോഹമുണ്ടു്.

രാമ— സ്വാമി—

യു. രാജാ—തന്റെ അഭിപ്രായം മനസ്സിലായി. അവർ നമ്മേയും പൂർവികന്മാരെയും വളരെ ദ്രോഹിച്ചിട്ടുണ്ടു്. എങ്കിലും അവർ നമ്മുടെ പ്രജകളിൽ പ്രമാണികളാണെന്നുള്ള സംഗതി മറന്നുകൂടാ. അതുമല്ല അവരെ നശിപ്പിക്കുന്നതായാൽ മേലാൽ പ്രബലന്മാരായി വരുന്നകുടികൾക്കു് നമ്മെക്കുറിച്ച് ഭയവും സംശയവുമല്ലാതെ സ്നേഹവും ഭക്തിയും ഉണ്ടാകുന്നതല്ല ....അവർ ചെയ്യുന്നതുപോലെ ചെയ്തുകൂടാത്തതിനാലാണു് നാം ക്ഷമിക്കുന്നതു. കേൾക്കു രാമയ്യൻ സാമം, ദാനം, ഭേദം, ദണ്ഡം ഇതുകൾ രാജാക്കന്മാക്കു് അനുവദിച്ചിട്ടുള്ള ഉപായങ്ങളാണു".

ഈ സംഭാഷണങ്ങളിൽ കൂടി കവി നമുക്കു കാണിച്ചുതരുന്ന മാത്താണ്ഡവർമ്മതിരുമേനിയാണു് ഇന്നത്തെ തിരുവിതാംകൂറിന്റെ സകല ഐശ്വര്യങ്ങൾക്കും ശിലാസ്ഥാപനം നടത്തിയതു് രാജൈശ്വര്യത്തെക്കവിഞ്ഞു ശ്രീപത്മനാഭദാസന്മാക്കു ഒന്നുംതന്നെ ഇല്ല. ടിപ്പുവുമായി സമരസന്നദ്ധനായി നിന്നിരുന്ന കേശവപിള്ളദിവാൻജിക്കു ധർമ്മരാജാവുതിരുമേനി അയയ്ക്കുന്ന കത്തു ഈ അഭിപ്രായത്തെ കുറച്ചുകൂടി സ്പഷ്ടമാക്കുന്നു— നോക്കുക.

............ഇവിടുത്തെ അന്തൎഗ്ഗതം എന്തെന്നെന്നിക്കറിയാം. ഇവിടെ പ്രതാപം വദ്ധിപ്പിക്കണമെന്നോ ശാശ്വതമാക്കണമെന്നോ ആഗ്രഹമില്ല. രാജ്യം ഇങ്ങോട്ടു കിട്ടിയനിലയിൽനിന്നും അല്പംകൂടി ഐശ്വര്യത്തോടെ അനന്തിരവക്കു പോകണമെന്നേ മോഹമുള്ളു.

'യഥാരാജാ തഥാപ്രജാ'. കവിയുടെ സങ്കല്പസൃഷ്ടിയിൽ പ്രജകളുടെ രാജഭക്തി എത്രമാത്രം അഭിമാനകരമായി പ്രശോഭിക്കുന്നു. രാജപുരുഷന്മാരോടു സംസൎഗ്ഗം ലഭിച്ചിട്ടുള്ള ഉഗ്രധീകളും, ഏകലവ്യനെപ്പോലെ രാജനാമങ്ങളോടു ശ്രവണപരിചയം മാത്രമുള്ള അസംസ്കൃതബുദ്ധികളും രാജഭക്തിയിൽ എത്രമാത്രം സഹധർമ്മം അനുവത്തിക്കുന്നു. രാജാകേശവദാസൻ നിഷ്കളങ്ക രാജഭക്തനാണു്. കേവലം താണ ഒരുദ്യോഗത്തിൽ നിയുക്തനായിരുന്നപ്പോൾ തന്റെ അധികാരസീമയെ അതിലംഘിച്ചു രാജ്യത്തിന്റെ ക്ഷേമൈശ്വര്യങ്ങളെ അദ്ദേഹം ലാക്കാക്കി പ്രവത്തിച്ചിരുന്നു. രാമവർമ്മ മഹാരാജാവുതിരുമേനിയെ പലഹാരപ്പുരയിൽ പത്തായത്തിനിടയിൽ മറച്ചിരുത്തി മാമനെയും, കേശവപിള്ളയേയുംകൊണ്ടു കവി സംഭാഷണം ചെയ്യിച്ചിരിക്കുന്ന രംഗം എത്രമാത്രം ഹൃദ്യമായിരിക്കുന്നു.

"അടിക്കടി തിരുമുമ്പിൽചെന്നു ഉണത്തിക്കാതെ ചില്ലറക്കാര്യങ്ങൾ തിരുമേനിയുടെ ഉപ്പുംചോറും തിന്നുന്ന നാംതന്നെസാധിക്കണം" എന്നുള്ള കേശവപിള്ളയുടെഅഭിപ്രായം അയാളുടെ അന്തസ്സത്വത്തെ വെളിപ്പെടുത്തുന്നു. നിരപരാധിയായ സ്വന്തപുത്രനെ ബ്രഹ്മഹത്യാപരാധം ചുമത്തി ബന്ധിച്ചിട്ടും, എങ്ങോട്ടെന്നു രൂപമല്ലാതെ തിരസ്കരിക്കപ്പെട്ടു എന്നുള്ള വത്തമാനംഅറിഞ്ഞിട്ടും ഉണ്ണിത്താൻപ്രഭു തിരുമനസ്സിനോടു സംഭാഷണംചെയ്യുന്ന ഘട്ടം യഥാത്ഥത്തിൽ ആക്കുതന്നെ അഭിമാനഹേതുകമല്ല? പ്രിയപുത്രനായ അനന്തപത്മനാഭന്റെ വധകത്താവു മാത്താണ്ഡവർമ്മ യുവരാജാവാണെന്നു വിശ്വാസ്യമായ പല തെളിവുകളും തമ്പിയിൽനിന്നു കിട്ടുന്നമാത്രയിലും തിരുമുഖത്തുപിള്ള യുവരാജാവിനെ രക്ഷിക്കുന്നതിനായി മാങ്കോയിക്കലേക്കു കുതിച്ചുചാടുന്നു. അത്ഭുതപരവശനായ തമ്പി തടുത്തപ്പോൾ "എന്റെ ഈ സ്ഥിതി എവിടുന്നുണ്ടായി, എന്റെ കുത്തനെക്കാൾ എനിക്കു സ്നേഹമുണ്ടു്" എന്നു അദ്ദേഹം രാജഭക്തി പുലമ്പിപ്പോകുന്നു.

എന്നാൽ അഴകൻപിള്ളയുടെ രാജഭക്തിയുടെ അഴകൊന്നു വേറെയാണു്. ആളറിയാതെ പൊന്നുതമ്പുരാന്റെ മുഖത്തു നോക്കി "തൊട്ടതിനൊക്കെ തടിമൊറണ്ടു പറയണ ഇങ്ങേരിപ്പം നന്മതിന്മ ചൊല്ലിത്തരേണ്ട" എന്നും "തുണതുണാ ഇരുന്നാലക്കൊണ്ടു എള്ളോളം ഉശിരൊക്കെവേണ്ടയോ" എന്നും ഘോഷിക്കുന്ന അഷ്ടാവക്രൻ യവനികക്കുള്ളിലെ സജീവപ്രതിഷ്ഠയെ കാണാൻ തുനിഞ്ഞപ്പോൾ അയാളുടെ ആത്മാവു പാൽക്കടലിലൊ, പാല്പായസക്കടലിലൊ നീരാടി—രണ്ടാമത്തെ യാത്രയിൽ രാജനിലയനത്തെതന്നെ അഴകൻ കൈക്കൂപ്പുന്നു. മാങ്കോയിക്കൽകുറുപ്പിന്റെ ഭക്തി ഒരു കിഴങ്ങൻനായരുടേതാണു്. "കല്പിച്ചു്അധികമായ വാഴ്ത്തും, വാഴ്ത്തിൽ അധികമായ കൊതിയും രണ്ടും വിട്ടടണം. എന്നാലക്കൊണ്ടുതന്നെ തിരുമേനിക്കു നല്ല പേരും നല്ല വാഴ്ച്ചയും ഉണ്ടാവൂ." തിരുമനസ്സിലെ നല്ല പേരും വാഴ്ച്ചയുമാണു കുറുപ്പിന്റെ സായുജ്യം.

കളപ്രാക്കോട്ടു തമ്പിയുടെ ഭക്തിക്കു ഉപമാനംകിട്ടുക പ്രയാസം. ഹരിപഞ്ചാനനന്മാരെ ഉടലോടെ സ്വർഗ്ഗംപൂക്ക തിരുമേനയുടെ ഇഹപരലോകങ്ങളിലെ ഛായകളായിക്കണ്ടു മനംകുളിത്ത മറയൻ ഭക്തിയുടെ കൂടുതൽകൊണ്ടു രാജദ്രോഹത്തിനു തന്നെ മുതിന്നുപോയി. യഥാർത്ഥ രാജദർശനം ഈ ഭക്തശിരോമണിക്കുണ്ടാകുന്ന ഘട്ടം ഇതാണു്. "തമ്പി അമൃതപ്രളയവഷംകൊണ്ടു അഭിഷിക്തനായതുപോലെഅകവും പുറവും കുളിത്തു ഹ്രസ്വഗാത്രനായി സംകുചിതസർവ്വാംഗനായി താടിവെട്ടി കിട്ടുങ്ങുന്ന നാവുകൊണ്ടു തന്റെ ചാരിതാത്ഥ്യത്തെ പുലമ്പി "പൊന്നുതിരുമേനി......
ന്തുററിഇരുപതും പിന്നേംചെന്നു.........
പേരും പെരുമയും ചേന്നു...............
നാട്ടാക്കു തായും തകപ്പനുമായി............
ചെൽവവും നിറചെൽവവും പെരുക്കി
..............എത്തിശയും തുലങ്ക......
......ആണ്ടയുള...............മുമ്മൂത്തിയും
ഒരുമകൊണ്ടു്...........മൂവുലകുടയ......
......താണുമാലപ്പെരുമാൾ അനുഗ്രഹിക്ക
..........അടിയൻ......അടിയൻ."

(തുടരും)

വജ്റം.

കെ. എൻ. ബാലകൃഷ്ണപിള്ള ബി. എ.

നവരത്നങ്ങളിൽ സർവ്വപ്രാധാന്യം വജ്റത്തിനാണല്ലൊ. ഇതു് Carbon ന്റെ ഒരു വകഭേദമാകുന്നു ഈ വസ്തുതയറിഞ്ഞിട്ടായിരിക്കണം, ഇന്ദ്രൻ വലലാസുരനെ മിന്നൽകൊണ്ടു നിഗ്രഹിച്ചതുമൂലം അയാളുടെ അസ്ഥികളിൽനിന്നും വജ്റമുണ്ടായിത്തീർന്നുവെന്നുള്ളപുരാണകഥ നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. കരിക്കട്ടയുടേയും വജ്റത്തിന്റെയുംഘടകങ്ങൾ ഒന്നുതന്നെ. തൻമൂലം പുരാതനകാലംമുതല്ക്കേ വജ്റം കൃത്രിമമായി നിർമ്മിക്കുവാൻ മനുഷ്യൻ യത്നിച്ചുവന്നു

പൗരാണികപരിഷ്കാരത്തിന്റെ ജനയിതാക്കളായ ബാബിലോണിയാക്കാർക്കും ഈജിപ്റ്റുകാർക്കും ഈവക രത്നങ്ങളെപ്പററി അന്നുവോതൊരു പരിജ്ഞാനവുമുണ്ടായിരുന്നില്ലെന്നു വിശ്വസിപ്പാൻ ധാരാളം ന്യായങ്ങളുണ്ടു്. ഈ പരിഷ്കാരത്തിന്റെ സ്മാരകങ്ങളായി കിട്ടിയിട്ടുള്ള വിലപിടിച്ച വസ്തുക്കളുടെ കൂട്ടത്തൽ ഒരു രത്നംപോലും ഉൾപ്പെടുന്നില്ലെന്നുള്ള സംഗതിതന്നെ മേൽപറഞ്ഞ വസ്തുതക്കു ഒരു പ്രബലമായ പ്രമാണമാകുന്നു. അലക്സാണ്ഡരുടെ ആക്രമണത്തിനുശേഷമാണു് യൈറോപ്യരാജ്യങ്ങളിൽ ഈവക ഭാരതീയരത്നങ്ങൾക്കു പ്രചാരം സിദ്ധിച്ചുതുടങ്ങിയതു്.

ധാതുദ്രവ്യങ്ങൾ, സാമാന്യേന കൂട്ടംകൂട്ടമായിട്ടാണു് കാണപ്പെടുന്നതു്. വജ്റം ഇതിനു ഒരു വ്യത്യസ്തമാണു്. ഇതു പ്രത്യേകമായുള്ള കട്ടകളായി അവിടവിടെ മാത്രമേ കാണാൻ സാധിക്കുകയുള്ളു. തെക്കെആഫ്രിക്കയിൽ രത്നഖനികൾ കണ്ടുപിടിക്കപ്പെടുന്നതിനു മുൻപു പ്രചാരത്തിലിരുന്ന വജ്റങ്ങളെല്ലാംതന്നെ ഭാരതജന്യമാണു്. ഈയിനം രത്നങ്ങളെല്ലാം, ചാരം, തവിട്ടു്, വെള്ളപ്പു, മഞ്ഞ, ഈ നിറങ്ങളിലൊന്നായിരിക്കും. മഞ്ഞവജ്റക്കല്ലുകൾ ആദായത്തിനുകിട്ടും. വെള്ളക്കല്ലുകൾക്കാണു് വലിയവില. ഇത്തരം രത്നങ്ങൾക്കു ഏതു നിറവും വരുത്തുവാൻ സാധിക്കുന്നതും കാലക്രമേണ ഈ നിറം രത്നത്തെ വിട്ടുപിരിയുന്നതുമാണു്. വലിയ സമ്മർദ്ദത്തിൽ ചൂടുകേററിയാൽ വജ്റത്തിനു നിറഭേദമുണ്ടാകും. ഇത്തരം നിറഭേദമുള്ള രത്നത്തിനു മേൽപറഞ്ഞ ചൂടിന്റെ കാരണം (ചൂടു തേജസ്സാണല്ലോ) ഇരുട്ടത്തു ഉജ്വലമായി പ്രകാശിക്കാൻ കഴിയും. ഈ പ്രഭയും പ്രകാശവും രത്നശില്പിയുടെ പാടവത്തെ ആസ്പദമാക്കി കൂടിയും കുറഞ്ഞും ഇരിക്കാവുന്നതാണു്. അനേകം മുഖപ്പുകൾ വരത്തക്ക വണ്ണമാണു് ഇതുവെട്ടിയെടുക്കുന്നതു്. രത്നശില്പനത്തിൽ ഇന്നു ഏററവും പ്രസിദ്ധി Amsterdamനഗരത്തിനാണു്. ലണ്ടൻ, ബോസ്റ്റൺ, അൻറ്വർപ്പ് എന്നീ നഗരങ്ങളിലും വജ്റശില്പികൾ ധാരാളമുണ്ടു്.

ഇൻഡ്യയിൽ വജ്റഖനനം അവസാനിച്ചിട്ടു കാലം വളരെക്കഴിഞ്ഞു. ഇന്നത്തെ പ്രധാനപ്പെട്ട വജ്റോൽപാദനകേന്ദ്രംതെക്കെ ആഫ്രിക്കയാണു്. അടുത്ത സ്ഥാനം തെക്കേഅമ്മേരിക്കയ്ക്കാകുന്നു ഇൻഡ്യയിൽ രത്നങ്ങൾ ലഭിച്ചിരുന്നതു് പെണ്ണാർനദീതീരം, കർണ്ണൂൽ, ബസ്വാഡ, സാംബൽപൂർ, പന്നാ എന്നീ സ്ഥലങ്ങളിൽനിന്നാണു്.

സ്ഫടികം, രത്നങ്ങൾ ഇവയെ മുറിക്കുന്നതിനും വജ്റം അത്യന്താപേക്ഷിതമാണു്. ചിത്രമെഴുത്തിലും ഇതിനപൂർവ്വമായി പ്രവേശനമുണ്ടു്. എന്നാൽ ആഭരണമെന്നവിധത്തിലാണു ഇതിനധികമായി ഗണന ലഭിക്കുന്നതു്. ലോകത്തിൽ ആകെക്കൂട്ടി $10\frac{1}{2}$ ടൺ വജ്റമുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ രത്നങ്ങളെല്ലാം ഒരു "കോണാ" (Cone) കൃതിയിൽ ഒന്നിനുമുകളിലൊന്നായി വയ്ക്കുന്നതായാൽ, ആ "കോണിനു് 5 അടി പൊക്കവും, അതിന്റെ അടിത്തട്ടിന്റെ വൃത്തത്തിനു് ൪ അടി വ്യാസവും വരും. 1400 കോടി രൂപയായിരിക്കും ഇവയുടെ മൊത്തവില. അമേരിക്കയാണു് വജ്റങ്ങൾ അധികമായി വാങ്ങുന്നതു്. മഹായുദ്ധത്തിനുമുൻപു അമ്മേരിക്ക 50 മുതൽ 60 ശതമാനംവരെ വജ്റം വാങ്ങിക്കൊണ്ടിരുന്നു. യുദ്ധത്തിനുശേഷം ൮0 ശതമാനവും അമ്മേരിക്കയാണു് വാങ്ങുന്നതു്. പണ്ടു അരമനകളിൽമാത്രം വിഹരിച്ചിരുന്ന വജ്റങ്ങൾ ഇന്നു അമേരിക്കയിലെ മിക്ക സുന്ദരികളുടെയും ദേഹങ്ങളെ അലങ്കരിക്കുന്നതായി കാണാം.

വജ്റങ്ങൾക്കു ചില പ്രത്യേകശക്തികളുള്ളതായി വിശ്വസിക്കപ്പെടുന്നു. ചിത്തഭ്രമം അകററുന്നതിനും വിഷശക്തി നശിപ്പിക്കുന്നതിനും ഇതിന്നു ശക്തിയുണ്ടത്രേ. ഭാരതത്തിൽ വജ്റം സൌവ്വൈശ്വര്യദായകമായ ഒരു ദിവ്യാലങ്കാരമായി പരിഗണിക്കപ്പെടുന്നു.

"കനകംമൂലം കാമിനിമൂലം
കലഹംപലവിധമുലകിൽസുലഭം."

എന്നുണ്ടല്ലൊ. കനകത്തിനു് കലഹനിദാനത്തിൽ ഇത്രമാത്രം പങ്കുണ്ടെങ്കിൽ അതെക്കാൾ എത്രയോ മടങ്ങു മൂല്യമുള്ള രത്നങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലോ. യുദ്ധങ്ങൾ, വധങ്ങൾ തുടങ്ങിയ പലവിധപാതകങ്ങളും രത്നങ്ങൾക്കായി ചെയ്യപ്പെട്ടിട്ടുള്ളതായി കാണാം. ഇത്തരം രത്നങ്ങളിൽ പ്രസിദ്ധി ഭാരതീയരത്നങ്ങൾക്കാണു്. അതിൽ പ്രഥമസ്ഥാനം വഹിക്കുന്നതു കോഹിനൂർരത്നമാണു്

ഇതു 1304-ൽ അല്ലാവുദീൻ ചക്രവത്തിക്കു മാൾവായിൽനിന്നും ലഭിച്ചു. മാൾവാരാജാക്കന്മാൎക്കു ഇതു എവിടെനിന്നും എങ്ങിനെ കിട്ടിയെന്നുള്ള വസ്തുത അജ്ഞാതമാണു്. അനേകതലമുറകളായി രാജകുടുംബം ഈ രത്നത്തെ സൂക്ഷിച്ചുവന്നുവെന്നു കാണുന്നുണ്ടു്.

1526-ൽ ഇതു "ഹുമയൂൺ" ചക്രവത്തിയുടെ കൈവശം വന്നുചേൻറു. അറംഗസീബു്, "മയൂരാസനത്തി"ലെ മയിലിന്റെ ദൃഷ്ടിസ്ഥാനത്തു ഈ രത്നം പ്രതിഷ്ഠിച്ചു. നാദിർഷാദില്ലിയെ ആക്രമിച്ചപ്പോൾ ഈ രത്നം കരസ്ഥമാക്കിക്കൊണ്ടുപോയി. "കോഹിനൂർ" ഒരു പെർഷ്യൻവാക്കാണു്. പ്രകാശം ശൈലം എന്നാണത്ഥം. ഈ നാമധേയം നാദിഷാ കൊടുത്തതാണെന്നു കേൾക്കുന്നു. കഥകൾ പലതും കഴിഞ്ഞു ഒടുവിൽ കോഹിനൂർ "രഞ്ജിത്സിംഗി"ന്റെ കൈവശം വന്നുചേൻറു. അദ്ദേഹത്തിന്റെ മരണശേഷം പഞ്ചാബിനെ ബ്രിട്ടിഷിന്ത്യയോടുചേത്തപ്പോൾ ഈ രത്നം ഈസ്ററിന്ത്യാ കമ്പനിക്കു ലഭിച്ചു. അവർ ചക്രവത്തിക്കു സമപ്പിക്കാൻ നിശ്ചയിച്ചു. 1850-ൽ ഡൽഹൌസിപ്രഭു ഇതു ഇംഗ്ലണ്ടിലേക്കയച്ചു. 1851 ലെ വലിയ പ്രദർശനത്തിനുശേഷം, ലണ്ഡൻശില്പികളുടെ പക്കൽ പരിഷ്കരിക്കുന്നതിനായി ഈ രത്നം കൊടുത്തു. അവരുടെ കലാപാടവത്തിന്റെ ഫലമായി ഇന്നു ലോകോത്തരപ്രസിദ്ധി ലഭിച്ച ആ ദിവ്യരത്നം ബ്രിട്ടിഷ്ചക്രവത്തിയുടെ കിരീടത്തിൽ മിന്നുന്നു.

കോളാർ ഖനികളിൽ നിന്നും ലഭിച്ച Great Mugal എന്ന രത്നം ഇതുപോലെ തന്നെ പ്രസിദ്ധികേട്ടതാണു്. 1665 ൽ അറംഗസീബിന്റെ രാജധാനിയിൽ ഈ രത്നംകണ്ടതായി Taveriver എന്ന കച്ചവടക്കാരൻ പറയുന്നു. ഇതു മിർജമലാ, ഷാജഹാൻ ചക്രവത്തിക്കു സമ്മാനിച്ചതാണു്. ഇതിന്റെ ചരിത്രം പിന്നീടറിയുന്നില്ല. ഏതോ നിക്ഷേപത്തിൽ മറഞ്ഞുകിടപ്പുണ്ടെന്നാണു് പരക്കെ വിശ്വാസം. പക്ഷെ Tehran നിക്ഷേപത്തിലായിരിക്കാം.

ഓർലോഫ് എന്ന രത്നവും ഭാരതീയമാണു. 1770-ൽ Orloff രാജകുമാരൻ അന്നത്തെ റഷ്യൻചക്രവത്തിനിയായിരുന്ന "കാത്തറിനു"വേണ്ടി "ആംസ്റ്റർ ഡാമ"ൽവച്ചു വാങ്ങിയതായറിയുന്നു. ഈ രത്നം മൈസൂറിൽ ശ്രീരംഗദേവാലയത്തിലെ വിഗ്രഹത്തിന്റെ കണ്ണായി പരിശോഭിച്ചിരുന്നു. അവിടെനിന്നും ഇതു ഒരു പറങ്കിപ്പടയാളി മോഷ്ടിച്ചു. പടയാളിയുടെ കയ്യിൽനിന്നും ഒരു കപ്പിത്താൻ മോഷ്ടിച്ചു. കപ്പിത്താന്റെ പക്കൽനിന്നുമാണു രാജകുമാരൻ $15\frac{1}{2}$ ലക്ഷം രൂപക്കു ഈ രത്നം വാങ്ങിയതു്. ഇതിന്റെനിറം ഇളംമഞ്ഞയാണു്. റഷ്യാചക്രവത്തിയുടെ ചെങ്കോലിൽ ഇതു ചിരകാലം ശോഭിച്ചു. Great Mugal എന്ന രത്നത്തിന്റെ രണ്ടുഭാഗമാണു ഈ രത്നവും കോഹിനൂരും എന്നു ഒരുപക്ഷമുണ്ടു്.

"റീജൻറ്" പാരീസിലെ രത്നശേഖരത്തിൽപെട്ട ഒരുജ്വലരത്നമാണു്. കൃഷ്ണാനദീതീരത്തുനിന്നും 1701-ൽ ഒരടിമ ഇതു കണ്ടെടുത്തു. അയാൾ മദ്രാസിൽ ഒരു ഇംഗ്ലീഷുകാരനു വിററു. അവിടെനിന്നും പിത്താംപ്രഭു (അന്നത്തെ മദ്രാസ്ഗവണ്ണർ) വിലയ്ക്കുവാങ്ങി. 1717-ൽ പിററു് ഈ രത്നം "ഓർലിയൻസ്" പ്രഭുവിനു വിററു. ഇന്നു ഈ രത്നത്തിനു 500,000 പവൻ വിലയുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു

വിപ്ലവകാലത്തു അപഹരിക്കപ്പെട്ടുവെങ്കിലും വീണ്ടെടുത്തു ഇപ്പോഴും ഫ്റാൻസിൽ സൂക്ഷിക്കപ്പെടുന്നു.

"സാൻസി"(Sancy)1570-ൽകാൻസ്റ്റാൻറിനോപ്പിളിലെ ഫ്റഞ്ചുസ്ഥാനപതി വാങ്ങി. ഫ്റഞ്ചുരാജാക്കന്മാരായ Henry III, Henry IV എന്നിവർ ഇതണിഞ്ഞിരുന്നു. ഫ്റഞ്ചുമന്ത്രി "മസാറിൻ" (Mazarin)എലിസബെത്ത്‌രാജ്ഞിയ്ക്കു ((ഇംഗ്ലണ്ട്) ഇതു വിററു. ജേംസ് രണ്ടാമൻ (ഇംഗ്ലണ്ട്) 1695-ൽ ഫ്റാൻസിലെ രാജാവായ ലൂയി പതിന്നാലാമനു 25000 പവനു വിററു. ഫ്റഞ്ചുവിപ്ലവകാലത്തു, കൊള്ളക്കാരിൽ നിന്നു രക്ഷിക്കുന്നതിനുവേണ്ടി, കൊട്ടാരത്തിലെ ഒരു വിശ്വസ്തഭൃത്യൻ ഇതു വിഴുങ്ങി. ഇയാൾ കൊല്ലപ്പെട്ടെങ്കിലും അക്രമികൾക്കു രത്നം കിട്ടിയില്ല. വയർപിളൎന്നു രത്നം എടുത്തു ഗവമ്മെൻറുവശം സൂക്ഷിക്കപ്പെട്ടു. 19-ാംനൂററാണ്ടിൻെറ ആദ്യം ഇതു "റഷ്യ" യുടെകൈവശം ചെന്നുചേൎന്നു. പിന്നീടു സ്പെയിൻരാജാവു ഇതിൻെറ ഉടമസ്ഥനായി 1865 ൽ "ജംബട്ജി ജീജിബായി" എന്ന പ്രസിദ്ധ ബമ്പായിവണിഗ്വരൻ ഇരുപതിനായിരംപവനു വാങ്ങി. ഗയിക്കവാർമഹാരാജാവിൻെറ കൈവശമാണു Empress Engeue എന്ന രത്നം. 35000 പവൻ വിലവരുന്ന "അക്‌ബർഷാ"യും അദ്ദേഹത്തിൻേറതാണു്. "നൈസാം" രത്നം ഹൈദരബാദ്‌നൈസാമിൻേറതാണു്.

വൎണ്ണവജ്റങ്ങളിൽപ്രധാനം റീജൻറും Dresdon Green-ഉം ആകുന്നു. രണ്ടാമതുപറഞ്ഞ രത്നം പച്ചനിറമാണു്. ഡ്രെസ്ഡനി"ൽ സൂക്ഷിക്കപ്പെടുന്നു. "ഹോപ്പ്" എന്നു പേരായ വജ്റം വളരെ വിശേഷപ്പെട്ടതാണു്. ഇന്ദ്രനീലക്കല്ലിൻെറ ശോഭയാണതിനു. ഇതു കൈവശമിരിക്കുന്നവൎക്കു എപ്പോഴുമാപത്തുണ്ടായിരിക്കുമെന്നു ഒരു വിശ്വാസമുണ്ടു്. പല ദുരന്തസംഭവങ്ങളും ഇതേസംബന്ധിച്ചു കിടക്കുന്നു. "ടാവൎണ്ണിയർ" എന്ന കപ്പൽ വ്യാപാരി ആദ്യം ഇൻഡ്യയിൽനിന്നും ഇതു വാങ്ങി. അതോടുകൂടി അയാളുടെ വ്യാപാരം അധഃപതിച്ചു. വീണ്ടും ധനസമ്പാദനാൎത്ഥം അയാൾ ഒരു കപ്പൽയാത്രയ്ക്കൊരുങ്ങി. പക്ഷെ മാൎഗ്ഗമദ്ധ്യേ മരണംസംഭവിക്കയാണുണ്ടായതു്. ലൂയി പതിന്നാലാമൻ ഇതു തൻെറ പ്രണയഭാജനമായ ഒരുസ്ത്രീക്കു സമ്മാനിച്ചു. പെട്ടെന്നു അവർ രാജാവിൻെറ അപ്രീതിക്കു പാത്രീഭവിച്ചു കൊട്ടാരത്തിൽനിന്നും ബഹിഷ്കൃതയായി. ലൂയി പതിനാറാമനും അദ്ദേഹത്തിൻെറ ഭാൎയ്യയ്ക്കും സംഭവിച്ച ദുരന്തം ഈ രത്നത്തിൻെറ ഉടമസ്ഥതമൂലമാണെന്നു പറയുന്നു ഫ്റഞ്ചുവിപ്ലവകാലത്തു കുറെ മോഷ്ടാക്കൾകൂടിച്ചേൎന്നു ഇതു തട്ടിക്കൊണ്ടുപോയി. ഇവർ നാടുകടത്തപ്പെടുകയോ, വധിക്കപ്പെടുകയോ ചെയ്തു. കള്ളന്മാൎക്കുവേണ്ടി രത്നം മുറിച്ചുകൊടുത്ത ശില്പി നിർദ്ധനനായി മരിച്ചു. ഇയ്യാളുടെ മകൻ കള്ളന്മാരുടെകയ്യിൽനിന്നും രത്നം തട്ടിയെടുത്തു. അയാൾ ആത്മഹത്യ ചെയ്തു. "ഡാനിയൽ എലിയാസൻ" എന്ന ഒരു ലണ്ഡൻവ്യാപാരി ഇതു വാങ്ങിച്ചു. അയാൾ പട്ടിണികൊണ്ടു മരിച്ചു. പിന്നീടു അതു മി. ഹോപ്പിൻെറ വകയായി അദ്ദേഹം അചിരേണ ഒരു പാപ്പരായിത്തീൎന്നു. 1906-ൽ രത്നം വിററു. "ലോസൽലാർഡ്" എന്ന ഒരു അമേരിക്കൻനൎത്തകി പിന്നീടിതു വാങ്ങി. നൃത്തവേളയിൽ അവളെ സ്വകാമുകൻ വെടിവെച്ചുകൊന്നു പിന്നീടു ഇതിൻെറ ഉടമസ്ഥനായിത്തീൎന്ന തുൎക്കിസുൽത്താൻ രാജ്യഭ്രഷ്ടനായി. അതിൻെറ സൂക്ഷിപ്പുകാർ മൂന്നുപേരും ദുർമ്മരണത്തിനു വിധേയരായി. അമേരിക്കയിലെ ഒരു കോടീശ്വരൻ (Edward Mcdean) തൻെറ ഭാൎയ്യയ്ക്കുവേണ്ടി അനന്തരം രത്നം വിലയ്ക്കു വാങ്ങി. മിസസ്സ് എഡ്‌വേർഡ് വജ്റം ധരിച്ചു ഒരു വിരുന്നിനുപോകുകൊണ്ടു. രാജോചിതമായ ആ വിരുന്നിനു മിന്നിട്ടൊന്നുക്കു 166 ഡാളർ ചിലവായിപോൽ. അടുത്തുതന്നെ അവരുടെ ഏകസന്താനം ദുർമ്മൃതിയടഞ്ഞു.

"ദക്ഷിണതാരം" (Southern Star) എന്ന പ്രസിദ്ധ ബ്രസീലിയൻവജ്റം ഇപ്പോൾ ബറോഡാമഹാരാജാവിൻെറ കൈവശമാണു്. 120 ലക്ഷം രൂപയാണു ഇതിൻെറ ഇന്നത്തെ വില. Excelsior, Cullion എന്ന രണ്ടു രത്നങ്ങളാണു വലുപ്പത്തിൽ ലോകപ്രസിദ്ധി നേടിയിരിക്കുന്നതു്. എക്സൽസിയർ, പത്തായി മുറിക്കപ്പെട്ടു. "കള്ളയൺ"രത്നം 1905-ൽ കണ്ടെടുത്തു എഡ്വേർഡ് ഏഴാമനു സമ്മാനിച്ചു. ഇതും ഒൻപതായി മുറിച്ചു. ഈ രത്നങ്ങളെല്ലാംതന്നെ സ്ഫടികനിർമ്മലവും ജ്യോതിർമ്മയവുമാണു്-

പ്രസിദ്ധിയുള്ള ഒരു വജ്റമാല്യത്തിൻെറ ചരിത്രംകൂടി പറഞ്ഞു ഈ ലേഖനം ഉപസംഹരിക്കാം.

മാഡംഡ്യൂബാറി എന്ന ഒരു സ്ത്രീയിൽ ലൂയി പതിന്നാലാമനു വലിയ ഭ്രമമായിരുന്നു. അവൎക്കു വിൽക്കുന്നതിനായി രണ്ടു പാരീസുവ്യാപാരികൾ ചില രത്നങ്ങൾ ശേഖരിച്ചു ഒരു മാല്യം ഉണ്ടാക്കാൻ തുടങ്ങി. പണി പൂൎത്തിയാകുംമുമ്പെ അവർ രാജാവിൻെറ അപ്രീതിക്കു പാത്രമായിത്തീൎന്നു. 500 രത്നങ്ങളാൽ ചെയ്യപ്പെട്ടിരുന്ന മാല അവർ "മേരിഅൻറായിനിററി" എന്ന ഫ്രഞ്ചുരാജ്ഞിക്കു വിൽക്കുവാൻ രണ്ടുതവണ നിഷ്ഫലമായി യത്നിച്ചു.

ഇക്കാലത്തു പാരീസ്സിൽ Louis Rchan എന്നു പേരായ ഒരു കാർഡിനൽ ഉണ്ടായിരുന്നു. 1784 ൽ ഇയ്യാൾ Valois വംശത്തിൽപെട്ട ഒരു യുവതിയുമായി സ്നേഹമായി. ഇവരും രാജ്ഞിയുംതമ്മിൽ വലിയ സ്നേഹമാണെന്നു സാധുവായ കാർഡിനലിനെ ഇവർ വിശ്വസിപ്പിച്ചു. അവസാനം രാജ്ഞിക്കു കാർഡിനലിൽ വലിയ അനുരാഗമുണ്ടെന്നും ഇവൾ പ്രഭാവ ധരിപ്പിച്ചു. ഇവൾക്കു കയ്യെഴുത്തു അനുകരിക്കുന്നതിൽ വലിയ പാടവമുണ്ടായിരുന്നതുമൂലം രാജ്ഞിയുടെ പ്രേമലേഖനങ്ങളെന്നു തോന്നിക്കത്തക്ക കത്തുകൾ "റോഹൻെറ" കത്തുകൾക്കു മറുപടിയായി കൊടുത്തുകൊണ്ടിരുന്നു. ഒരിക്കൽ മേൽപറഞ്ഞ വജ്റമാല്യം റാണിക്കു വാങ്ങിയാൽകൊള്ളാമെന്നു ആശയുണ്ടെന്നും പണത്തിൻെറ വൈഷമ്യംമൂലം "റോഹൻ" ജാമ്യംനില്ക്കണമെന്നു റാണി ആശിക്കുന്നുവെന്നും സാധുവിനെ ധരിപ്പിച്ചു. ഇയ്യാൾ സമ്മതിച്ചു, പ്രഭ്വികൊണ്ടുവന്ന ഒരുടമ്പടിയിൽ ഒപ്പുമിട്ടു. ഉടമ്പടിയും റാണിയുടെ ഒപ്പും പ്രഭ്വിയുടെ കൃത്രിമമാണെന്നു പറയേണ്ടതില്ലല്ലൊ. കുറച്ചുദിവസങ്ങൾക്കുള്ളിൽ മാല പ്രഭ്വിവശം വന്നുചേൎന്നു അവർ സ്വകാൎയ്യമായി ഭൎത്താവൊരുമിച്ചു ലണ്ടനിൽ ചെന്നു ടി മാല്യം അപഗ്രഥിച്ചു വിൽപനതുടങ്ങി. കളവു മുഴുവൻ ക്ഷണേന വെളിച്ചത്തുവന്നു. കാർഡിനലിനെ അറസ്ററു ചെയ്തെങ്കിലും വിചാരണയ്ക്കുശേഷം വെറുതേവിട്ടു. പ്രഭ്വിയെ പരസ്യമായി മുക്കാലിൽകെട്ടി അടിച്ചു തസ്കരമുദ്ര പതിച്ചു കാരാഗ്രഹത്തിലടച്ചു. അവരുടെ ഭൎത്താവു ആജീവനാന്തം അടിമയായി കപ്പലിൽ വേലയ്ക്കും വിധിക്കപ്പെട്ടു. ഇങ്ങിനെ വജ്റമാല്യത്തിൻെറ കഥയവസാനിക്കുന്നു.

കവിയുടെ സമ്പാദ്യം.

പന്തളം കെ. പി. രാമൻപിള്ള ബി. ഏ.

I

ഇരുപതിങ്ങുമോമകസങ്കേതത്തിൽ
തനിയേഞാനേകാന്തഗ്രന്ഥമായി
വിജയമേ!നീയെനിക്കേകിയോരു
മിഴിനീരിൻതുള്ളികളെണ്ണിനോക്കി,
പരിചിതസംഖ്യകളൊക്കെയുംതീ-
ൎന്നളവൊന്നുതൊട്ടുതുടങ്ങിവീണ്ടും
ഇനിയൊരുകണ്ണീർകുബേരനായി
കഴിയാമെന്നോൎത്തുഞാൻനിശ്വസിച്ചു.
അയൽവീട്ടിൽപൊൻമയനാണ്യനാദം
ഇവനുള്ളദാരിദ്ര്യകാഹളമായ്
അപവാദമെത്രപരത്തിയാലും
അതുമമസ്വപ്നംമുടക്കുകില്ല

II

അമലപരിമളംതിങ്ങിനില്ക്കു-
മൊരുമലർമൊട്ടും,പ്രഭുനിലയും;
ഇതിലേതുവേണമെന്നാദ്യമായി
കവിയോടുലോകേശൻചോദ്യംചെയ്തു
സുരഭിലമോഹനകുഡ്മളത്തെ
തൊഴുകയ്യോടായവൻ വാങ്ങിപ്പോന്നു.
ഇവനുള്ളൊരാദികുടുംബവൃത്തം
ഇതുമറ്റുസൎവ്വവിദിതമത്രെ
വിജയമേ!നിൻചുടുകണ്ണുനീരിൻ
കണികയാൽസംപൂൎണ്ണതൃപ്തനിഞാൻ.

ജീവചരിത്രം.

ബങ്കിമചന്ദ്രചാററർജി.

കെ. ജി. പരമേശ്വരപ്പണിക്കർ ബി. ഏ.

വിശ്വസാഹിത്യകാരന്മാരിൽ ഒരുവനെന്നു നിസ്സംശയം വിധിക്കപ്പെടാവുന്ന ഒരാളാണു തന്റെ 'വിസ്മയാവഹവൈദഗ്ദ്ധ്യപ്രകർഷപ്രകടിത'വും മാതൃഭാഷാപ്രണയസമ്പന്നവുമായ നോവലുകൾവഴി പ്രഖ്യാതി നേടിയ ബങ്കിമചന്ദ്രചാററർജി. ഒരുപക്ഷേ നോവലുകളെക്കാൾ കൂടുതലായി അദ്ദേഹത്തിന്റെ 'വന്ദേമാതര'ഗാനമായിരിക്കാം അനശ്വരയശസ്സു സമ്പാദിക്കാൻ അദ്ദേഹത്തെ സഹായിച്ചതെന്നും തോന്നുന്നു ഏകദേശം മൂന്നു ദശാബ്ദക്കാലമായി ഇന്ത്യയുടെ ദേശീയഗാനമായി അംഗീകൃതമായിരിക്കുന്ന വന്ദേമാതര ഗാനത്തിന്റെ ആദ്യത്തെ രണ്ടുവരിയെങ്കിലും തോന്നാത്ത ഭാരതീയർ ചുരുക്കംതന്നെയായിരിക്കും. ചരിത്രപ്രസിദ്ധമായ ഈ ഗാനം ബംഗാളിയിലാണു വിരചിതമായിരിക്കുന്നതെങ്കിലും ഹിമവൽസേതുപര്യന്തമുള്ള ഭാരതീയർക്കു അതു സുഗമമായി തോന്നുകയും, എത്രയും ചുരുങ്ങിയ കാലത്തിനുള്ളിൽ പ്രചുരപ്രചാരമാകയും ചെയ്തു. എന്നാൽ തന്റെ ഗാനത്തിന്റെ ധ്വനികൊണ്ടു ഭാരതാന്തരീക്ഷം മാറെറാലിക്കൊള്ളുന്നതു കേൾക്കുവാൻ ബങ്കിമചന്ദ്രനു ഭാഗ്യമുണ്ടായില്ല.

ഉദ്ദേശം അമ്പതു കൊല്ലങ്ങൾക്കു മുമ്പു വംഗസാഹിത്യത്തിൽ ഏററവും അത്യുന്നതമായ സ്ഥാനം അലങ്കരിച്ചിരുന്നതു് ബങ്കിമചന്ദ്രചാററർജിയായിരുന്നു. കടന്നുപോയ വത്സരങ്ങൾ അദ്ദേഹത്തിന്റെ പ്രശസ്തിയെ വിലോപപ്പെടുത്തിയിട്ടില്ല. മേലിൽ വിലോപം ഭവിക്കുമെന്നു തോന്നുന്നുമില്ല. പാശ്ചാത്യലോകത്തിൽ സാഹിതീസേവനം ഒരു ജീവികാവൃത്തിയായി അംഗീകരിച്ചിട്ടു കാലം കുറേയായി. പുരുഷന്മാരും സ്ത്രീകളും അതിൽനിന്നു നല്ല ഒരു സമ്പാദ്യം നേടിയിട്ടുണ്ടു്. എന്നാൽ ഇൻഡ്യയിൽ കാലം അത്രയ്ക്കു മുന്നോട്ടു വന്നിട്ടില്ല. സാഹിത്യം ജീവിതസമ്പാദ്യമാർഗ്ഗമായി തിരഞ്ഞെടുത്തിട്ടുള്ള ആളുകൾ ഇവിടെ താരതമ്യേന വളരെകുറവാണു്. ഉള്ളവർതന്നെ അത്ര സുനിശ്ചിതമായ വരവോ പ്രശംസാർഹമായ പദവിയോ ലഭിച്ചിട്ടില്ലതാനും. (ഇന്നു ടാഗോർ തുടങ്ങിയ സരസ്വതീദാസന്മാരുണ്ടെന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല) സാഹിത്യദ്വാരാ പ്രശസ്തി സമ്പാദിച്ചെങ്കിലും, അതിൽനിന്നും ഗണ്യമായ ഒരു സമ്പാദ്യം ബങ്കിമചന്ദ്രനും ഉണ്ടായില്ല.

ബങ്കിമചന്ദ്രന്റെ യഥാർത്ഥ ഛായാപടം ഇപ്പോൾ ലഭ്യമല്ല. ഫോട്ടോ എടുക്കുന്നതിനു അദ്ദേഹം ഇരുന്നിട്ടുള്ള സന്ദർഭങ്ങൾ തന്നെ ചുരുക്കമാണു്. ജീവിതകാലത്തു തന്റെ പുസ്തകങ്ങളിൽ തന്റെ ഛായ ഉൾപ്പെടുത്തുന്നതിൽ അദ്ദേഹം വിമുഖനായിരുന്നു. സാധാരണയിൽ കവിഞ്ഞ ഉയരം, സ്ഥൂലമല്ലാത്ത ശരീരഘടന, വിസ്തൃതവും മുഴുവലുമായ ഫാലദേശം, കുഴിഞ്ഞതും ധൂസരപ്രഭവും സൂക്ഷ്മശക്തിയേറിയതുമായ കണ്ണുകൾ, അധരത്തിനുമുകളിൽ അല്പം വളഞ്ഞെത്തുന്ന നീണ്ട നാസിക, കുന്ദകോരകസമാനമായ ദന്തനിരയെ മറയ്ക്കുന്ന നേർത്ത ചുണ്ടുകൾ, എന്നിങ്ങനെ പോകുന്ന വർണ്ണനയോടുകൂടിയ ബങ്കിമചന്ദ്രനെ പ്രഥമവീക്ഷണത്തിൽ തന്നെ ഒരു ബുദ്ധിമാനെന്നു ഗ്രഹിക്കാൻ ആർക്കും വിഷമമുണ്ടായിരുന്നില്ല ഒത്ത വലിപ്പത്തോടുകൂടിയ അദ്ദേഹത്തിന്റെ ശിരസ്സ് മുഖത്തിനുചേർന്നതുതന്നെയായിരുന്നു. മിക്കവാറും ചീകിമിനുക്കാത്തതും ചുരുണ്ടതും നിബിഡവുമായ കേശഭാരം ഏതൊരു ജനസമൂഹത്തിലും അദ്ദേഹത്തെ തിരിച്ചറിയാൻ സഹായിച്ചു. സാധാരണയായി അർദ്ധോന്മീലിതാവസ്ഥയിൽ നോക്കിവന്ന അദ്ദേഹത്തിന്റെ നേത്രങ്ങൾ സംഭാഷണസമയങ്ങളിലും മററും ഫലിതപ്രദ്യോതകങ്ങളും പ്രകാശമാനങ്ങളുമായി മാറിയിരുന്നു ഓജഃസ്ഫുരിതമായ വദനകമലം, ശരീരാനുയോജ്യമായ ശിരസ്സ്, അശ്രദ്ധമായിട്ടിരിക്കുന്ന തലമുടി എന്നിവ ബങ്കിമചന്ദ്രനെ ഒരു കിടയററ ധിഷണാശാലിയായിമാററിനിറുത്തിയിരുന്നു.

ദിഗന്തവിശ്രാന്തകീർത്തിമാന്മാരായ വിവേകാനന്ദസ്വാമികൾ, രവീന്ദ്രനഥടാഗോർ, ജഗദീശചന്ദ്രബോസ്, പ്രഫുല്ലചന്ദ്രറായി, അരവിന്ദഘോഷ് മുതലായ ലോകോത്തരമഹാത്മാക്കളെ പെററു പോററുവാൻ ഭാഗ്യമുണ്ടായ വംഗഭൂവിനുതന്നെയാണു നിസ്തുല സാഹിത്യകാരനായ ബങ്കിമചന്ദ്രന്റെയും വിരജനയിത്രീപദം വഹിക്കുവാൻ ഭാഗ്യം കൈവന്നതു്. കൽക്കത്തയ്ക്കു സമീപമുള്ള ഒരുൽകൃഷ്ട ബ്രാഹ്മണകുടുംബത്തിൽ, 1838 ജൂൺ 27-ാംനു- ബങ്കിം ഭൂജാതനായി. അന്നാണു ഇന്നത്തെ വംഗസാഹിത്യത്തിന്റെ പുലരിനക്ഷത്രം ഉദയംചെയ്തതു് ആ സാഹിതീദേവിക്കു പ്രകാശവും പ്രഭാവവും നൽകി സംപുഷ്ടയാക്കാൻ ഒരു ഓമനസന്താനം ജാതമായിരിക്കുന്നുവെന്നു് അന്നാരും ഊഹിച്ചിരുന്നിരിക്കയില്ല ബങ്കിമിന്റെ ബുദ്ധിസാമർത്ഥ്യം കുട്ടിയായിരിക്കുമ്പോൾതന്നെ പ്രത്യക്ഷപ്പെട്ടുതുടങ്ങിയിരുന്നു വിദ്യാലയജീവിതം ആരംഭിച്ചതു സ്വദേശത്തുതന്നെയാണു്. അവിടെ കുറച്ചുകാലം അദ്ധ്യയനം ചെയ്തതിനുശേഷം മിഡ്നാപ്പൂർ ഹൈസ്ക്കൂളിൽ ചേരാൻപോയി. അവിടത്തെ വിദ്യാഭ്യാസം പൂർത്തിയാക്കിയതിൽപിന്നെ ഹൂഗ്ലികാളേജിൽ ചേർന്നു പഠിച്ചു. ഇതുവരെയുള്ള ജീവിതം അത്യന്തം ശോഭനമായിരുന്നെങ്കിലും, മററുള്ളവരുടെ ഗണനയിൽപെടുവാൻ ഇപ്പൊഴേ ബങ്കിമിനു സാധിച്ചുള്ളു. ഒരു വേതനത്തോടുകൂടി അദ്ദേഹം പ്രസിഡൻസികാളേജിലാണു പിന്നീടു പഠിച്ചതു്. അദ്ദേഹത്തിന്റെ ഭാസുരഭാവിയുടെ നിഴൽപാടുകൾ സ്പഷ്ടമായി കാണുവാൻ ഇവിടെവച്ചു അദ്ദേഹത്തിന്റെ ഗുരുനാഥന്മാർക്കു കഴിഞ്ഞിരുന്നു അവർ അതിനെപ്പററി പറയുകയും അദ്ദേഹത്തിനു ശുഭമായ ഭാവി ആശംസിക്കയും ചെയ്തു. കൽക്കത്താ സർവ്വകലാശാലയിലെ ആദ്യത്തെ രണ്ടു ബിരുദധാരികളിൽ ഒരാളായി ബങ്കിം രംഗപ്രവേശം ചെയ്തു.

ബി. എ. ബിരുദം ലഭിച്ചു അധികം താമസിക്കാതെതന്നെ ബങ്കിമചന്ദ്രൻ ഒരു ഡപ്യൂട്ടിമജിസ്ട്രേട്ടായി നിയമിതനായി. ഈ ഉദ്യോഗം അദ്ദേഹം മരണകാലംവരെ വഹിച്ചിരുന്നു എന്നുതന്നെ പറയാം. എന്തെന്നാൽ മരിക്കുമ്പോൾ അദ്ദേഹത്തിനു അമ്പത്താറു വയസ്സു തികഞ്ഞിരുന്നില്ല. ഞാ



സിംഹളനഗരത്തിൽ വച്ചു അഖിലകേരളതീയയുവജനസംഘത്തിന്റെ ആദ്ധ്യക്ഷംവഹിച്ച മി. എസ്. രാമനാഥൻ എറണാകുളത്തുവന്നപ്പോൾ സ്റ്റേഷനിൽവച്ചു ഡാക്ടർ കെ. പി. തയ്യിലും ജനറൽ സെക്രട്ടറിയും കൂടി നൽകിയ സ്വീകരണം.

Courtesy, Mr. K. C. Kutten.

യറാഴ്ചയും പബ്ളിക്ക ഒഴിവുദിവസങ്ങളും ഒഴികെ സംവത്സരത്തിൽ എല്ലാദിവസവും ഏതാണ്ടു ഏഴുമണിക്കൂറോളം സമയം തന്റെ ആഫീസ്സിൽ അദ്ദേഹം ജോലിചെയ്തിരുന്നു. ഇതു കഴിച്ചു അദ്ദേഹത്തിനു ലഭിച്ചുവന്നിരുന്ന ചുരുങ്ങിയ സമയമാണു സാഹിത്യശ്രമങ്ങൾക്കായി വിനിയോഗിച്ചിരുന്നതു്. ഈ സാഹിത്യശ്രമങ്ങളാണു ബംഗാളിഭാഷയെ സമ്പന്നയാക്കിയതും, ബങ്കിമചന്ദ്രനു് അവിനാശയശസ്വികളുടെ കൂട്ടത്തിൽ ഒരു സ്ഥാനം നേടിക്കൊടുത്തതും.

കഴിഞ്ഞ ശതാബ്ദത്തിന്റെ മദ്ധ്യഘട്ടങ്ങളിൽ ബംഗാളിലെ സാഹിത്യാന്തരീക്ഷം അത്ര പരിശുദ്ധമോ തെളിഞ്ഞതോ ആയിരുന്നില്ല. അഭ്യസ്തവിദ്യരായിരുന്നവർപോലും ബംഗാളിഭാഷയേയും സാഹിത്യത്തേയും പുച്ഛരസത്തോടെയാണു വീക്ഷിച്ചുവന്നതു്. ഇംഗ്ലീഷു സംസാരിക്കുന്നതിനും എഴുതുന്നതിനും കഴിയുന്നതാണു് ഏററവും അഭിമാനജനകമായി അവർ കരുതിയതു്. ആംഗലകവികളേയും അവരുടെ കവിതകളേയും പഠിക്കുന്നതിലും വാദപ്രതിവാദവിഷയമാക്കുന്നതിലുമാണു അവർ ശ്രദ്ധപതിപ്പിച്ചതും. ബംഗാളിലെ വൈഷ്ണവകവികളുടെ കവനങ്ങളിൽ ഒളിഞ്ഞും തെളിഞ്ഞും കിടന്ന കാവ്യസമ്പത്തിനെ കാണുവാനും ആസ്വദിക്കുവാനും അവൎക്കു കണ്ണും കരളുമുണ്ടായിരുന്നില്ല! വിദ്യാപതിയുടേയും ഗോവിന്ദദാസിന്റേയും മനോഹരകവിതകൾ അവൎക്കു ഒരു അനപാവൃതഗ്രന്ഥമായിരുന്നു. ബങ്കിമചന്ദ്രൻതന്നെ അക്കാലത്തെ ഒരൊന്നാംതരം ഇംഗ്ലീഷുപണ്ഡിതനും എഴുത്തുകാരനുമായിട്ടാണു ഗണിക്കപ്പെട്ടിരുന്നതു്. 'രാമശൎമ്മ' എന്ന വ്യാജനാമത്തിൽ 'സ്റ്റേററ്സ്മാൻ'പത്രപങ്ക്തികളിൽ ററവ. ഡാക്ടർ വില്യം ഹേസ്റ്റിയുമായി നടത്തിയ വാദപ്രതിവാദങ്ങളിൽനിന്നു അദ്ദേഹത്തിനു് ഇംഗ്ലീഷ് എത്രമാത്രം സ്വായത്തമായിരുന്നുവെന്നും, എത്ര ശക്തിയോടും നിശിതമായും ആ ഭാഷ പ്രയോഗിക്കാൻ കഴിഞ്ഞിരുന്നുവെന്നും തെളിയുന്നുണ്ടു്. ഇങ്ങനെ ഭാഷാപാരതന്ത്ര്യത്തിൽപെട്ടിരുന്ന ബംഗാളികളെ വിമുക്തരാക്കി പ്രബുദ്ധരാക്കിയതു പണ്ഡിതനായ നമ്മുടെ കഥാനായകൻതന്നെയാണു്. എന്നാൽ ഒരു പണ്ഡിതന്റെ നിലമാത്രമല്ല അദ്ദേഹത്തിനുണ്ടായിരുന്നതു്. ജന്മനാ കലാകാരനും ഉൽകൃഷ്ട സാഹിത്യസ്രഷ്ടാവും എന്ന നിലകളിൽക്കൂടി അദ്ദേഹം ഇന്നും സവിശേഷം പരിലസിക്കുന്നു.

ബങ്കിമചന്ദ്രനു സംസ്കൃതത്തിലും ഇംഗ്ലീഷിലും സിദ്ധിച്ചിരുന്ന അപാരപാണ്ഡിത്യം സാഹിത്യത്തിന്റെ വിവിധസരണികളിൽക്കൂടി സഞ്ചരിക്കാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയിരുന്നു. എങ്കിലും മാതൃഭാഷയിൽ അതുവരെ അവതരിക്കാതിരുന്ന നോവൽപ്രസ്ഥാനമാണു തന്റെ സാഹിത്യകലാപ്രദൎശനത്തിനു അദ്ദേഹം തിരഞ്ഞെടുത്തതു്. അദ്ദേഹത്തിന്റെ നോവലുകളിൽ ഒരു യഥാൎത്ഥ നോവലെഴുത്തുകാരന്റെ കലാപ്രവീണത അതിന്റെ അത്യുച്ചസ്ഥിതിയിൽ സൎവ്വത്ര ദൃശ്യമാണു്. ബംഗാളിഗദ്യരീതിയിൽ അദ്ദേഹത്തെ അധഃകരിക്കാനോ സമീപിക്കാനോ ആൎക്കും കഴിഞ്ഞിരുന്നില്ല. ചണ്ഡിദാസൻ തുടങ്ങിയ കവികളുടെ കവിതകൾമൂലം ബംഗാളിപദ്യം ഒരു നല്ലനിലയിലെത്തിയിരുന്നെങ്കിലും ഗദ്യത്തിന്റെ അഭിവൃദ്ധി പരിതാപകരമായവിധത്തിൽ മന്ദമായിരുന്നു. ഗദ്യമെഴുത്തിൽ ആദ്യമായിശ്രമിച്ചദ്ദേഹം റാംമോഹനറായിയാണു്. പിന്നീടു അക്ഷയകുമാരദത്തും ഈശ്വരചന്ദ്രവിദ്യാസാഗരനും ഗദ്യസാഹിത്യത്തിനു അഭിവൃദ്ധിയുണ്ടാക്കുന്നതിൽ കാൎയ്യമായി ശ്രമിച്ചിരുന്നു. എന്നാൽ ഇവർ രണ്ടുപേരും തങ്ങളുടെ വിഷയങ്ങൾ ഇംഗ്ലീഷിൽനിന്നോ സംസ്കൃതത്തിൽനിന്നോ എടുത്തിരുന്നതിനാൽ അവരുടെ ഭാവനാശക്തി തെളിഞ്ഞുകാണാമായിരുന്നില്ല. ഈ സന്ദർഭത്തിലാണു വംഗസാഹിത്യനഭോമണ്ഡലത്തിലെഉജ്ജ്വലതാരമായി ബങ്കിമചന്ദ്രൻപ്രത്യക്ഷപ്പെട്ടതു്.


ബംഗാളിഗദ്യസാഹിത്യത്തിന്റെ അമേയമായ കഴിവുകളെപ്പററി ആദ്യമായി വിചിന്തനംചെയ്തതും അവയെ മററുള്ളവൎക്കു മനസ്സിലാക്കിക്കൊടുത്തതും ബങ്കിം ആണു്. സാംഗബാദ് പ്രഭാകരൻഎന്ന ബംഗാളിപത്രത്തിന്റെ പത്രാധിപരും ബംഗാളിലെ ഒരു പ്രസിദ്ധ കവിയുമായിരുന്ന ഈശ്വരചന്ദ്രഗുപ്തന്റെകീഴിൽ ഈ യുവസാഹിത്യപ്രണയി ആദ്യമായി പരിശീലനം നടത്തി. ഈ കാലങ്ങളിൽ അദ്ദേഹം അനേകം പദ്യശകലങ്ങൾ എഴുതിയിരുന്നതായി അറിയുന്നു. എന്നാൽ അവയ്ക്കു യാതൊരു മെച്ചവുമില്ലാതിരുന്നതിനാൽ മിക്കവാറുമപ്രസിദ്ധങ്ങളായിത്തീൎന്നു. ഈ സരണിയിലെ പരാജയം, അദ്ദേഹത്തെ ഗദ്യസാഹിത്യത്തിന്റെ ഗുണപൌഷ്കല്യമൊന്നറിയിക്കുകയും, അതാണു തന്റെ ആശയസമ്പാദിതത്വത്തിനു പററിയ മാൎഗ്ഗമെന്നു ഗ്രഹിപ്പിക്കുകയും ചെയ്തു. നോവലെഴുത്തിൽ അദ്ദേഹം കൈവെച്ചു 1864-ൽ ബങ്കിമചന്ദ്രന്റെ ഇരുപത്തെഴാമത്തെ വയസ്സിൽ, 'ദുൎഗ്ഗേശനന്ദിനി' എന്ന അദ്ദേഹത്തിന്റെ ആദ്യത്തെ നോവൽ പ്രസിദ്ധീകൃതമായി.

ഈ നോവലിന്റെ മനോഹരമായ ഒരു പരിഭാഷ കൈരളിക്കു ലഭിച്ചിരിക്കുകൊണ്ടു ഉൽപ്രണേതാവിന്റെ സാഹിത്യകലാനൈപുണിയെപ്പററിയോ ഗ്രന്ഥത്തിന്റെ മേന്മയെപ്പററിയോ പ്രത്യേകം പ്രസ്താവിക്കേണ്ട ആവശ്യമില്ല. സമൎത്ഥമായ കഥാഘടന, അന്യാദൃശമായ പാത്രസൃഷ്ടി, ഒരു യഥാൎത്ഥകലാകാരനു് അവശ്യം വേണ്ടതായ ഫലിതവാഗ്വിലാസം എന്നിവയാൽ സൎവ്വത്രഹൃദ്യമായ ഒരു നോവലാണു ദുൎഗ്ഗേശനന്ദിനി. ഗ്രന്ഥകാരന്റെ ഭാഷാരീതിയുടെ അചപലതയും ഈ നോവലിൽ കാണുന്നുണ്ടു്. അനാവശ്യമായ വൎണ്ണനകളിലും, ദീൎഘവും ക്ലിഷ്ടവുമായ പദപ്രയോഗങ്ങളിലും ഒരു പ്രതിപത്തി അദ്ദേഹത്തിനുള്ളതായി തോന്നും. എങ്കിലും ഒരു കലാപ്രവീണന്റെ തൂലികയാണു് അതിൽ നടമാടിയിട്ടു

കടയ്ക്കാവൂർ സഹൃദയാനന്ദിനി നടനസഭ



സുപ്രസിദ്ധ രാജാപ്പാർട്ടു്
മി. രാമൻകുട്ടിഭാഗവതർ.



കമ്പനിമാനേജർ
മി. കുഞ്ഞുകൃഷ്ണപ്പണിക്കർ.



സ്ത്രീപ്പാർട്ടു്
ശ്രീമതി ലക്ഷ്മിക്കുട്ടിഅമ്മ.

മല്ലതെന്നു എവിടെനോക്കിയാലും പ്രസ്പഷ്ടമാകും.

ഭാരതത്തിലെ മിക്ക ഭാഷകളിലേക്കും ഇംഗ്ലീഷിലേക്കും ദുർഗ്ഗേശനന്ദിനി വിവൎത്തനം ചെയ്യപ്പെട്ടിട്ടുണ്ടു്. ഈ ഒരു സംഗതി തന്നെ നോവലിന്റെ വൈശിഷ്ട്യത്തിനു ഒരു മതിയായ തെളിവാണല്ലൊ. ദുർഗ്ഗേശനന്ദിനിയുടെ ആവിർഭാവം ഭാരതീയഭാഷകളുടെ, പ്രത്യേകിച്ചും ബംഗാളിയുടെ, ഒരു പരിവൎത്തനദശയെയാണു കുറിക്കുന്നതു്. ഇന്നു ബംഗാളിഭാഷയ്ക്കു കാണുന്ന സർവ്വതോമുഖമായ അഭിവൃദ്ധിയുടെ ആരംഭം ഇവിടെയാണു് ബങ്കിമചന്ദ്രനാണു ആ ഭാഷയെ അഭിവൃദ്ധ്യുന്മുഖമായി തിരിച്ചുവിട്ടതു് എന്നു എക്കാലവും സ്മരിക്കാതിരിക്കുവാൻ നിവൃത്തിയില്ല.

രണ്ടാമത്തെകൃതിയായ 'കപാലകുണ്ഡല' വെളിക്കുവരാൻ പിന്നീടു് അധികം താമസിച്ചില്ല. ഗ്രന്ഥനാമം മാലതീമാധവം എന്ന സംസ്കൃതനാടകത്തിൽനിന്നും എടുത്തിട്ടുള്ളതാകുന്നു. കപാലകുണ്ഡലയുടെ ഏതുഭാഗത്തും ഒരു പ്രതിഭാസമ്പന്നന്റെ തൂലികാപാടവം ദൃശ്യമാണു്. അവ്യക്തനിഴൽപ്പാടുകളിൽനിന്നും സജീവരൂപങ്ങളെ സൃഷ്ടിക്കുന്ന ഒരിന്ദ്രജാലക്കാരനായിട്ടു ഗ്രന്ഥകാരനെ നാം കാണുന്നു. വിശിഷ്ടകല്പനാജന്യമായ കഥാബന്ധം കാവ്യസ്പർശത്താൽ സുന്ദരതരമാക്കപ്പെട്ടു് മുമ്പോട്ടുപോയി, പെട്ടെന്നു ശോകസംകുലസംഭവങ്ങളിൽ അവസാനിക്കുന്നു. നായികയായ കപാലകുണ്ഡല അലോകസുലഭമായ 'സൗന്ദര്യം' തികഞ്ഞ ഒരുത്തമഭാവനാസൃഷ്ടിയാണെന്നുമാത്രം പറഞ്ഞുനിറുത്തുവാനെ തൽക്കാലം തരമുള്ളു.

1872-ൽ ബങ്കിമചന്ദ്രൻ 'വംഗദർശനം'എന്നമാസിക ആരംഭിച്ചു. വംഗസാഹിത്യചരിത്രത്തിൽ ഇതു് ഒരു നവവത്സരാരംഭമാണു്. പ്രസ്തുത സാഹിത്യത്തിൽ അതു ഒരു വിപ്ലവംതന്നെയാണു സാധിച്ചിട്ടുള്ളതെന്നു പറയുന്നതിൽ വലിയ അതിശയോക്തിയൊന്നുമില്ല. മാതൃഭാഷയെ പുച്ഛിച്ചുവന്ന അഭ്യസ്തവിദ്യരായ ബംഗാളികളെ തട്ടിയുണൎത്തി, തങ്ങളുടെ ഭാഷയുടെ അവാച്യമഹിമയും ത്രാണിയുള്ളവർ കൈകാര്യംചെയ്താൽ ലഭ്യമാകാവുന്ന ആകർഷകത്വവും പ്രത്യക്ഷപ്പെടുത്തിക്കൊടുത്തതു് ഈ മാസികയായിരുന്നു. വംഗദർശനത്തിന്റെ വരിക്കാരിൽ ഭൂരിപക്ഷവും ഈ മാതൃഭാഷാ വിദ്വേഷികളായിരുന്നുവെന്നറിയുമ്പോഴാണു്, അതിന്റെ സ്ഥാനവും ശക്തിയും ഏതാണ്ടു വെളിപ്പെടുന്നുണ്ടല്ലോ. ഇംഗ്ലീഷുഭാഷയോടും സാഹിത്യത്തോടും അവൎക്കുണ്ടായിരുന്ന പക്ഷപാതാതിരേകം, ബങ്കിമചന്ദ്രന്റെ ചമൽക്കാരപൂൎണ്ണമായ ഭാഷാതൂലികാചിത്രങ്ങളെ ആസ്വദിക്കുന്നതിൽനിന്നു അവരെ വിരമിപ്പിക്കുവാൻ പൎയ്യാപ്തമായില്ല. നേരേമറിച്ചു അവരിൽനിന്നുതന്നെ ഒരു ചെറുസംഘം യുവസാഹിത്യകാരന്മാർ പ്രോത്സാഹനം അഭ്യൎത്ഥിച്ചുകൊണ്ടു അദ്ദേഹത്തിന്റെ ചുററും കൂടുകയാണുണ്ടായതു്. ബംഗാളിയെ ലളിതകോമളമായരീതിയിൽ പ്രയോഗിക്കുന്നതിനു് അദ്ദേഹത്തിനുണ്ടായിരുന്ന പാടവം കേവലം അന്യാദൃശമായിരുന്നു. മാസികയുടെ ഓരോ ലക്കവും പുറപ്പെടുവാൻ അക്ഷമരായി കാത്തുകൊണ്ടിരുന്ന ജനസഞ്ചയം, അതു കൈയ്യിലെത്തിയാൽപിന്നെ ആദ്യന്തം വായിച്ചുരസിക്കാതെ താഴെ വെയ്ക്കാറുണ്ടായിരുന്നില്ല. നോവലുകളിലെ ഹൃദ്യങ്ങളായ ഭാഗങ്ങൾഹൃദിസ്ഥങ്ങളാക്കുന്നതിനുതന്നെയും അവർ മടിച്ചില്ല.

ബങ്കിമചന്ദ്രന്റെ നോവലുകളിൽ അധികഭാഗവും ഈ മാസികവഴിയാണു് ആദ്യം പ്രസിദ്ധീകൃതമായതു്. ഒരു സാമുദായിക നോവലായ 'വിഷവൃക്ഷ'മാണു് ആദ്യമായി അതിൽ ഖണ്ഡശഃപ്രസിദ്ധീകരിക്കാൻ തുടങ്ങിയതു്. അതിനെ തുടൎന്നു ചന്ദ്രശേഖരൻ, കൃഷ്ണകാന്തന്റെ മരണപത്രം, രജനി, ആനന്ദമഠം, രാജസിംഹൻ, ദേവിചൌധുറാണി, സീതാറാം എന്നിവയും സജ്ജനസമക്ഷം സമൎപ്പിതമായി. നാലുകൊല്ലത്തേയ്ക്കു ബങ്കിം വംഗദർശനത്തിന്റെ പത്രാധിപസ്ഥാനം വഹിച്ചു. ഈകാലമത്രയും അതിനുശേഷവും, നോവലെഴുത്തിൽമാത്രമല്ല അദ്ദേഹം വ്യാപൃതനായിരുന്നതു്. സംസ്കൃതത്തിലും ബംഗാളിയിലുമുള്ള അനേകംഗ്രന്ഥങ്ങളുടെ നിരൂപണങ്ങൾ, വിവിധവിഷയകമായ പ്രബന്ധങ്ങൾ, വികാരസാന്ദ്രതയെ ആവരണംചെയ്തുകൊണ്ടുള്ള ഫലിതലേഖനങ്ങൾ, മുതലായവ എഴുതുന്നതിൽ അദ്ദേഹം ശ്രമിച്ചിരുന്നു. ഈ ലേഖനങ്ങൾ അദ്ദേഹത്തെ പാണ്ഡിത്യംതികഞ്ഞ ഒരു നിഷ്പക്ഷനിരൂപകൻഎന്നനിലയിൽക്കൂടി ജനങ്ങൾക്കു മനസ്സിലാക്കാൻ ഉപകരിച്ചതുകൂടാതെ, മാസികയുടെ നിലയും വിലയും ഉയൎത്താനും സഹായിച്ചു. ഇന്ത്യാചരിത്രത്തിലെ ആധുനികഘട്ടങ്ങളെ വിവരിക്കുന്ന ഭാഗങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന പല അവാസ്തവങ്ങളുടെയും യഥാർത്ഥസ്ഥിതി അദ്ദേഹം വെളിപ്പെടുത്തിയതു് അന്നത്തെ ഭരണകൎത്താക്കന്മാൎക്കു രസിച്ചിരുന്നോ എന്തോ!

ബങ്കിമിന്റെ നോവലുകൾ വായിക്കുന്നതിൽ ജനങ്ങൾ അത്യാസക്തി പ്രദർശിപ്പിച്ചിരുന്നുവെന്നു മുമ്പു പറഞ്ഞുവല്ലോ. ഒരു പ്രാവശ്യം വായിച്ചാൽ മറന്നുപോകാത്ത നോവലുകളാണു അവയെല്ലാം. വിശേഷിച്ചും വിഷവൃക്ഷം ചന്ദ്രശേഖരൻ, ആനന്ദമഠംമുതലായ നോവലുകളുടെ സ്മരണ അവ ഒരിക്കൽ വായിച്ചിട്ടുള്ളവരുടെ ഹൃദയങ്ങളിൽനിന്നും മാഞ്ഞുപോകുന്നതല്ല. പ്രതാപൻ, ചന്ദ്രശേഖരൻമുതലായ പാത്രങ്ങൾ നമ്മുടെ സ്മൃതിപഥത്തിൽ സജീവങ്ങളായി എന്നേക്കും നിൽക്കതന്നെചെയ്യും. അദ്ദേഹത്തിന്റെ നോവലുകൾ വായിക്കാത്ത ബംഗാളികൾഉണ്ടെങ്കിൽ, സൽഗ്രന്ഥങ്ങൾ തിരഞ്ഞെടുക്കാൻ അവർ അപ്രാപ്തന്മാരാണെന്നത്രേ ഒരു പണ്ഡിതൻ ഒരിക്കൽപറഞ്ഞിട്ടുള്ളതു്.

ആംഗലഭാഷാസമ്പൎക്കംകൊണ്ടാണു ഭാരതത്തിൽ നോവൽസാഹിത്യം ഉത്ഭവിച്ചതെന്നു് ഒരു പക്ഷമുണ്ടു്. ഇതു തീരെ അവാസ്തവമായ ഒരഭിപ്രായമല്ല. ആകൃതി അല്ലെങ്കിൽ രൂപം, ഘടന, നിൎവ്വഹണം എന്നിവയിൽ ഭാരതീയനോവൽസാഹിത്യത്തിനു ഇംഗ്ലീഷ്ഭാഷയോടുള്ള കടപ്പാടു സമ്മതിച്ചേരൂ. എന്നാൽ പാശ്ചാത്യനോവൽപ്രസ്ഥാനം അതേപടി സ്വീകരിക്കയല്ല നമ്മൾ ചെയ്തിട്ടുള്ളതെന്നോൎക്കണം. നമ്മുടെ നോവലുകൾ സൎവ്വഥാ ഭാരതീയംതന്നെയാണു്. ബങ്കിമചന്ദ്രന്റെ കൃതികൾ ഇതിനു സാക്ഷ്യം വഹിക്കുന്നു. അദ്ദേഹത്തിന്റെ പ്രതിഭ പൂൎണ്ണമായി പ്രകാശിക്കുന്ന ചന്ദ്രശേഖരൻതന്നെ നോക്കുക. അതിലെ പ്രതാപൻ, ചന്ദ്രശേഖരൻമുതലായ പാത്രങ്ങൾ തനിഭാരതീയരാണു്. അതുപോലെ, ആനന്ദമഠത്തിൽ ആദ്യന്തം തിരതല്ലി പ്രവഹിക്കുന്ന സ്വരാജ്യസ്നേഹപ്രകൎഷം ഭാരതത്തിനു വെളിയിൽ അധികംപേൎക്കു ആസ്വദിക്കുവാൻ കഴിയുമെന്നു തോന്നുന്നില്ല.

"കമലാകാന്തന്റെ കുറിപ്പുകൾ" എന്ന സഞ്ചിക അദ്ദേഹത്തിന്റെ നോവലുകളിൽനിന്നു വ്യത്യസ്തമായ ഒരു രീതിയെയാണു അവലംബിച്ചിരിക്കുന്നതു്. ഇതിനോടു തുല്യയോഗ്യമായ ഗ്രന്ഥങ്ങൾ ഇതരസാഹിത്യങ്ങളിൽപോലും ഇല്ലെന്നുതന്നെ പറയാം. കൗതുകോജ്ജ്വലവും കാവ്യസമ്പുഷ്ടവുമായഭാഗങ്ങൾ, നിശിതമായ ഫലിതം, വിസ്ഫുരിതങ്ങൾ, ആകൎഷകമായ ഭാഷാരീതി എന്നിവകൊണ്ടു ആപാദചൂഡം മനോഹരമായിരിക്കുന്ന ഈ ഗ്രന്ഥം രചിക്കാൻ ബങ്കിമചന്ദ്രന്റെ തൂലികയേ സമൎത്ഥമാകൂ. അതിലെ കമലാകാന്തചക്രവൎത്തി ബങ്കിമിന്റെ ഒരു ഛായ മാത്രമാണു്. ഈ പാത്രം പലസന്ദർഭങ്ങളിലായി മാതൃഭൂമിയെ സ്പർശിച്ചുകൊണ്ടുചെയ്യുന്ന ശോകരസപ്രചുരമായ സൂചനകൾ ഏതൊരു ദേശാഭിമാനിയിലും ബാഷ്പോൽഗമം ഉണ്ടാക്കുവാൻ പോന്നവയത്രെ.

തന്റെ ജീവിതയാത്രയുടെ അന്തിമഘട്ടങ്ങളിൽ ബങ്കിം ഭക്തിപരവശനായിത്തീൎന്നു. പിന്നീടുള്ളകാലം മുഴുവനും മതവിഷയങ്ങളെപ്പററിമാത്രമേ അദ്ദേഹം എഴുതിയിരുന്നുള്ളു ധൎമ്മതത്വം, ശ്രീകൃഷ്ണചരിത്രം എന്നു രണ്ടു സ്വതന്ത്രകൃതികളും, ഭഗവൽഗീതയുടെ ഒരു തൎജ്ജമയുമാണു് ഇക്കാലത്തെ സംരംഭങ്ങൾ അദ്ദേഹത്തിന്റെ വിഷയവിശകലനസാമൎത്ഥ്യവും ഭാഷാപാണ്ഡിത്യവും തെളിഞ്ഞു ശോഭിക്കുന്ന ഒരു കൃതിയാണു ശ്രീകൃഷ്ണചരിത്രം. ഭാഷാരീതിയുടെ ഊൎജ്ജസ്വലതയ്ക്കു യാതൊരു വിലോപവും വന്നിട്ടില്ല. ലളിതപദങ്ങളെക്കൊണ്ടു ഇത്ര ശക്തമായ ഭാഷ ഉപയോഗിക്കാൻ ബങ്കിമചന്ദ്രനെപ്പോലെ ആൎക്കും കഴിഞ്ഞിരുന്നില്ല. തൂലികാസമരത്തിൽ അദ്ദേഹം പ്രശംസാതീതനെന്നു സൎവ്വവിദിതമായിരുന്നുതാനും ബംഗാളിലെ ഒരു പ്രസിദ്ധ നാടകകൎത്താവും ഉത്തമ സാഹിത്യകാരനുമായിരുന്ന ജ്യോതിരിന്ദ്രനാഥടാഗോർ ബങ്കിമിനെക്കുറിച്ചു ഒരിക്കൽ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി:— "ബങ്കിമചന്ദ്രനുമായിട്ടു വാദപ്രതിവാദത്തിലേൎപ്പെടുന്ന നിർഭാഗ്യൻ തടിത്താഡനം എന്താണെന്നു അനുഭവമാകും."

നമ്മുടെ ചരിത്രനായകൻ അവസാനകാലംവരെയും സബോർഡിനേററുമജിസ്റ്റ്രേട്ടുദ്യോഗംതന്നെയാണു വഹിച്ചിരുന്നതു്. കൂടക്കൂടെ സ്ഥലംമാറുക എന്ന ഒരു വൈവിധ്യം മാത്രമാണു ജീവിതത്തിലദ്ദേഹത്തിനു ലഭിച്ചുവന്നതു്. എന്നാൽ ഒരുസ്ഥലത്തും തന്റെ സാഹിത്യപരിശ്രമങ്ങളെ അഭിന

ന്ദിക്കാൻ കെല്പുള്ള സുഹൃത്തുക്കളെ അദ്ദേഹത്തിനു സമ്പാദിക്കാൻ കഴിഞ്ഞില്ല. മിക്കവാറും അത്ര സ്തുത്യർഹമല്ലാത്ത ഒരു നയമാണു ജനങ്ങളും അധികൃതരും അദ്ദേഹത്തിന്റെനേക്കു അനുവർത്തിച്ചുവന്നതു്. അന്ത്യകാലത്തു ബഹുമതികൾ ലഭിച്ചുവെങ്കിലും, അദ്ദേഹം അവയ്ക്കു ഒട്ടുംതന്നെ വില കല്പിച്ചില്ല. തന്റെ ഔദ്യോഗികകൃത്യങ്ങൾ കഴിഞ്ഞു ലഭിച്ച സമയംകൊണ്ടു് ഇത്ര മഹത്തായ സാഹിത്യസമ്പത്തു നൽകിയ ബങ്കിമചന്ദ്രന്റെ അതുലമായ ഭാവനാശക്തിയേയും, ഭാഷാപ്രണയപ്രകർഷത്തേയും അക്ഷീണപരിശ്രമത്തേയും എത്ര പ്രശംസിച്ചാലും മതിയായെന്നുവരുന്നതല്ല.

സ്വതസ്സിദ്ധമായ വാസനാവൈഭവംകൊണ്ടും, സ്വയാർജ്ജിതമായ അഗാധപാണ്ഡിത്യം കൊണ്ടും വംഗസാഹിതീദേവിയെ ഉപാസിച്ച ഈ മഹാൻ പ്രസിദ്ധി കിട്ടണമെന്നു തീരെ മോഹിച്ചിരുന്നില്ല. പൊതുസ്ഥലങ്ങളിൽ അദ്ദേഹത്തെ കാണുന്ന സന്ദർഭങ്ങൾതന്നെ ചുരുക്കം. ഉത്സവങ്ങളും ആഘോഷങ്ങളും അദ്ദേഹം വെറുത്തിരുന്നു. തന്റെ നോവലുകളുടെ പ്രചാരത്തിനുവേണ്ടി അവതാരിക എഴുതിപ്പിക്കയോ, പത്രാഭിപ്രായങ്ങൾ ചേർക്കയോ, പത്രവീഥികളിൽ പരസ്യംചെയ്യുകയോ അദ്ദേഹം ചെയ്തില്ല. അഭിമാനവിജൃംഭിതമായ അദ്ദേഹത്തിന്റെഹൃദയം അതിനു സമ്മതിച്ചിരുന്നുമില്ല. 'ആനന്ദമഠ'ത്തിന്റെ കാര്യത്തിൽ മാത്രമെ ഈ നിശ്ചയത്തിനു ഭംഗം വരുത്തിയിട്ടുള്ളു. അതിൽ അദ്ദേഹം 'ലിബറൽ' പത്രത്തിന്റെ അഭിപ്രായം ചേർത്താണു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചതു്.

പൊതുവിഹാരങ്ങളിൽനിന്നു വിട്ടുമാറിനിന്നിരുന്ന ഈ സാഹിത്യോപാസകൻ മരണംവരെ ബംഗാളിഭാഷയുടെ ഉൽഗതിയെ സശ്രദ്ധം വീക്ഷിച്ചുകൊണ്ടാണിരുന്നതു്. യുവസാഹിത്യകാരന്മാർക്കു വേണ്ട പ്രോത്സാഹനം അദ്ദേഹത്തിൽനിന്നും ലഭിച്ചുവന്നു (ഈ സന്ദർഭത്തിൽ കേരളകാളിദാസന്റെ കാര്യം എന്റെ സ്മൃതിപഥത്തിൽ എത്തുന്നു. സാഹിത്യവാസനയുടെ കാണികയെങ്കിലും ഉണ്ടെന്നറിഞ്ഞാൽമതി, ആ കരുണാസാഗരന്റെ പ്രോത്സാഹനം ലഭിക്കുകയായി! മലയാളഭാഷയുടെ ഇന്നത്തെ അഭിവൃദ്ധിക്കു ഹേതുഭൂതനായ ആ തിരുമേനിയെപ്പോലെയുള്ള പത്തു സരസ്വതീദാസന്മാരെ കൈരളിക്കു ലഭിക്കുമ്പോൾ നമ്മുടെ ദുർദ്ദശ പാടേ നീങ്ങിപ്പോകും) ഏകാന്തചിന്തയ്ക്കു ബങ്കിം തിരഞ്ഞെടുത്തസ്ഥലം കാന്തൽപ്പാറയുള്ള അദ്ദേഹത്തിന്റെ പുരാതനഗൃഹത്തിലെ ഒരു ചെറിയമുറിയായിരുന്നു. ഇവിടെ വച്ചുതന്നെയാണു് അദ്ദേഹത്തിന്റെ നിര്യാണവും. 1894 ഏപ്രിൽ എട്ടാംതീയതി, തന്റെ അമ്പത്താറാമത്തെ വയസ്സിൽ, സമാധാനസമുല്ലസിതമായ പരിസരങ്ങളുടെ നടുവിൽ, ബംഗാളിയുടെ പ്രിയസുതനായ ബങ്കിമ ചന്ദ്രചാറ്റർജി പ്രപഞ്ചയവനികയ്ക്കുള്ളിൽ മറഞ്ഞു. സ്വർഗ്ഗീയമായ സൗന്ദര്യവും ശാന്തതയും അപ്പോഴും അദ്ദേഹത്തിന്റെ മുഖത്തു കളിയാടിയിരുന്നുവെന്നു് ഒരു ദൃക്സാക്ഷി വിവരിക്കുന്നു.

ഭാരതത്തിലെ നോവലെഴുത്തുകാരിൽ അഗ്രിമസ്ഥാനഗണ്യനായ ബങ്കിമചന്ദ്രന്റെ ധവളശീതളമായ യശസ്സു ഭാരതസീമകളെ അതിലംഘിച്ചു പാശ്ചാത്യരാജ്യങ്ങളിലും പ്രസരിച്ചു. "ബംഗാളിലെ സ്കോട്ട്" എന്നു ജനങ്ങൾ അദ്ദേഹത്തെ വിളിച്ചുവന്നിരുന്നു. അദ്ദേഹത്തിന്റെ നോവലുകൾ മിക്കതും ഇംഗ്ലീഷുഭാഷയിലേക്കു വിവർത്തിതമായെങ്കിലും, ശിഷ്യവൃക്ഷത്തിനാണു കൂടുതൽ അഭിനന്ദകന്മാർ അവിടെ ഉണ്ടായതു്. മലയാളഭാഷയ്ക്കും ബങ്കിമചന്ദ്രന്റെ നോവലുകളുടെ വിവർത്തനങ്ങൾ സിദ്ധിച്ചിട്ടുണ്ടെന്നുള്ളതു നമുക്കു അഭിമാനജനകംതന്നെയാണു്. ഈ അനർഘസമ്പത്തു കൈരളിക്കു സമ്പാദിച്ചുതന്ന പരിഭാഷകന്മാരെ ഹാർദ്ദമായി അഭിനന്ദിക്കുകമാത്രം ഇവിടെ ചെയ്തുകൊള്ളുന്നു.

വന്ദേമാതരഗാനത്തെപ്പറ്റിക്കൂടെ രണ്ടു വാക്കു പറഞ്ഞുകൊണ്ടു ഈ സംക്ഷിപ്തജീവചരിത്രം അവസാനിപ്പിക്കാം. ഇതിനെ അധികരിച്ചു ഒരു പ്രബന്ധംതന്നെ, ചിത്രവാരികയിൽ * പ്രസിദ്ധീകൃതമായിരുന്നതിനാൽ, അതിലുൾപ്പെടാത്ത ചില സംഗതികളെക്കുറിച്ചു മാത്രമെ ഇവിടെ പ്രസ്താവിക്കുന്നുള്ളു. ആനന്ദമഠം എന്ന നോവൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്നപ്പോഴോ, പിന്നീടു പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയപ്പോഴോ, ഈ ഗാനം ജനങ്ങളെ പ്രത്യേകം ആകർഷിച്ചില്ല. ഒരു വംഗകവിമാത്രം ചരിത്രനായകനോടു ഈ ഗാനത്തിലെ സംസ്കൃതപദപ്രാചുര്യത്തെപ്പറ്റി ചോദിക്കയുണ്ടായി. ബംഗാളിഗാനങ്ങളിൽ സംസ്കൃതപദങ്ങൾ പ്രയോഗിക്കുന്നതിൽ യാതൊരു വിരോധവും തെറ്റും താൻ കാണുന്നില്ലെന്നുംമറ്റും പറഞ്ഞു ആദ്യമൊക്കെ അദ്ദേഹം ഒഴിഞ്ഞു നിന്നിരുന്നെങ്കിലും, നിർബന്ധം തുടരുകയാൽ തനിക്കങ്ങനെയാണു തോന്നിയതെന്നു പറഞ്ഞു ചോദ്യങ്ങൾക്കു വിരാമമിട്ടു. 1880-ാമാണ്ടു സമീപിച്ചാണു ആനന്ദമഠത്തിന്റെ ആവിർഭാവം. അതിനുശേഷം ഒരു കാൽശതാബ്ദക്കാലത്തേക്കു വന്ദേമാതരഗാനം വിസ്മൃതിയിലാണ്ടുകിടന്നതേയുള്ളു. 1905-ൽ ബംഗാൾവിഭജനക്കാലത്തു ഈ ഗാനം പൊട്ടെന്നുദിച്ചുയർന്നു, ബംഗാളിഹൃദയങ്ങളിൽ സുപ്തമായി കിടന്നിരുന്ന ദേശാഭിമാനത്തെ തട്ടിയുണർത്തി. 'സ്വധർമ്മസുഭഗവും ദേശാഭിമാനോജ്ജ്വല'വുമായ ഈ ഗാനത്തിലെ രസാനുഗുണമായ പദപ്രയോഗത്തിന്റെ രാമണീയകം ബംഗാളിലെ മാത്രമല്ല ഭാരതത്തിലെ മുഴുവനും പാമരഹൃദയങ്ങളെപ്പോലും ആകർഷിച്ചതിൽ അത്ഭുതപ്പെടാനില്ല. ബംഗാളിനു മാത്രമായിട്ടല്ല ബങ്കിം വന്ദേമാതരഗാനം നിർമ്മിച്ചതു്. ഇന്നു ഭാരതീയർ സമ്മേളിക്കുന്ന ഏതു സ്ഥലത്തും, അമേരിക്കയിലോ, ആഫ്രിക്കയിലോ, ഇംഗ്ലണ്ടിലോ, ജപ്പാനിലോ എവിടെയായാലും വേണ്ടില്ല, വന്ദേമാതരംകൊണ്ടാണു അഭിവാദ്യംചെയ്യുന്നതു്. ബങ്കിം ഇതു ദീർഘദർശനംചെയ്തതായി പറയപ്പെടുന്നു. ഒരവസരത്തിൽ അദ്ദേഹം പറഞ്ഞുപോൽ, തന്റെ ഗാനമാധുരി എല്ലാ ഭാരതീയരുടേയും ജിഹ്വാഗ്രങ്ങളിൽ തുളുമ്പിനില്ക്കുന്ന ഒരു കാലമുണ്ടാകുമെന്നു്. പ്രവചനം തെറ്റിയിട്ടില്ലെന്നു നമുക്കിന്നു അനുഭവഗോചരമാണല്ലൊ. ഏതൊരു രാജ്യത്തിലേയും ദേശീയഗാനത്തോടു കിടപിടിക്കത്തക്ക യോഗ്യതയുള്ള ഈ വന്ദേമാതരഗാനത്തിന്റെ നിർമ്മിതികൊണ്ടു്, ബങ്കിമചന്ദ്രൻ നോവൽകൊണ്ടാർജ്ജിച്ചതിൽ കൂടുതൽ പ്രശസ്തി സമ്പാദിച്ചു. ഈ പവിത്രപഞ്ചാക്ഷരികൊണ്ടു, വിവിധജാതിമതസ്ഥരും വിവിധഭാഷകരും സംസാരിക്കുന്നവരുമായ ഭാരതീയരെ ഒന്നായി സംഘടിപ്പിച്ച ഒരു ലോകോത്തരമഹനീയകൃത്യം നിർവഹിക്കയാണു് അദ്ദേഹം ചെയ്തതു്.

വംഗഭാഷയുടെ അഭിവൃദ്ധിക്കല്ലിട്ട നമ്മുടെ ചരിത്രനായകൻ ബംഗാളിനോ തദ്ദേശീയ ഭാഷയ്ക്കോ വേണ്ടിമാത്രമല്ല ജീവിച്ചിരുന്നതു്. പൊതുവിൽ ഭാരതത്തിനു വേണ്ടിത്തന്നെയാണു് ആ ദേശഭക്തൻ ജീവിച്ചതും സാഹിത്യസുധ പകർന്നതും. ഭാരതീയസാഹിത്യത്തിന്റെ അക്ഷയസമ്പത്തുകളാണു് അദ്ദേഹത്തിന്റെ കൃതികൾ. അവ എന്നേയ്ക്കും അങ്ങനെതന്നെ പരിലസിക്കയും ചെയ്യും. എങ്കിലും ബംഗാളിനു കൂടുതൽ അഭിമാനിക്കാൻ വകയുണ്ടു്. വംഗഭാഷാസൗധത്തിന്റെ തുംഗഗോപുരമായി ബങ്കിമചന്ദ്രൻ അത്യംഗഭാസ്സോടുകൂടി നിന്നാൾ വിലസും!

---

* 4—1—1110-ലെ ചിത്രവാരിക നോക്കുക.

വാ ൎ ത്താ സം ഗ്ര ഹം.

ഇൻഡ്യൻസർവ്വസൈന്യാധിപൻ ഈ വരുന്ന നവംബർമാസത്തിൽ തിരുവിതാംകൂർ സന്ദർശിക്കുന്നതാണു്.

* * *

ബറോഡാ മഹാരാജാവു 'യൂറോപ്പാ' എന്നകപ്പലിൽ അക്ടോബർ ൨൩-ാംതീയതി ന്യൂയോർക്കിൽ എത്തിയിരിക്കുന്നു.

* * * *

തങ്ങൾ റീച്ച്ബിഷപ്പിനെയോ റീച്ച് മതസഭയേയോ അനുസരിക്കുന്നതല്ലെന്നു ജർമ്മനിയിൽ നാഷനൽഎവാൻജിലിക്കൽസമ്മേളനം നിശ്ചയം പാസ്സാക്കിയിരിക്കുന്നു.

* * *



വൈസ്രോയിയുടെ എക്സിക്യൂട്ടീവ് കൗൺസിൽമെമ്പറായിനിയമിക്കപ്പെട്ടിരിക്കുന്ന മി. ചൗധുരി സഫ്രുല്ലഖാൻ.

U. P. S.

* * *

ഹൈന്ദവവിധവകളെ പുനർവിവാഹം ചെയ്യുവാൻ അനുവദിക്കുന്ന ഒരു ബിൽ ഹൈദ്രാബാദു് നിയമസഭയിൽ പാസ്സാക്കിയിരിക്കുന്നു. ഒൻപതുമെമ്പർമാർ ബില്ലിനനുകൂലമായും ഏഴുപേർ പ്രതികൂലമായും ആണു് വോട്ടുചെയ്തതു്.

* * *

പൊളിററിക്കൽ ഏജൻറു, റയിൽവെ ഏജൻറു, റെയിൽവെയിലെയും സംസ്ഥാനത്തെയും ഉദ്യോഗസ്ഥാനുദ്യോഗസ്ഥപ്രമാണികൾ, എം. എൽ സി കൾ, നിരവധി പ്രശസ്താതിഥികൾ എന്നിവരടങ്ങിയ ഒരു വൻപിച്ച സദസ്സിൻെറ സാന്നിദ്ധ്യത്തിൽ ഇക്കഴിഞ്ഞ ബുധനാഴ്ച ഉച്ചയ്ക്കു ഒരുമണിക്കു കൊച്ചിമഹാരാജാവുതിരുമനസ്സുകൊണ്ടു ഷൊർണ്ണൂർ–എറണാകുളം ബ്രാഡ്ഗേജു് റയിൽവേയുടെ ഉദ്ഘാടനം നിർവ്വഹിച്ചിരിക്കുന്നു.

* * *

അസംബ്ലി ഇലക്ഷൻസ് കഴിഞ്ഞാലുടൻ പണ്ഡിറ്റ ജവഹരിലാലിനെ ബന്ധനത്തിൽനിന്നും മോചിപ്പിക്കുവാൻ യു പി. ഗവൺമെൻറു ആലോചിക്കുന്നു എന്നു് ടിറിബ്യൂൺപത്രം പ്രസ്താവിക്കുന്നു. ശ്രീമതി കമലാനെഹ്റുവിൻെറ രോഗാവസ്ഥനിമിത്തമാണു പ്രസ്തുത മോചനത്തിൻെറ ആലോചന.

* * *

ബനാറീസു ഹിന്ദുസർവ്വകലാശാലയിലെ മൺപാത്രവ്യവസായ വിദഗ്ദ്ധനായ മി. ഭരാസിംഗു തിരുവനന്തപുരത്തെത്തി ആ വ്യവസായത്തിൻെറ അഭിവൃദ്ധ്യുന്മുഖമായ വളർച്ചയ്ക്കുവേണ്ടി ഒരു പദ്ധതി സമർപ്പിക്കാമെന്നു് സമ്മതിച്ചിരിക്കുന്നു.


* * *

പള്ളിവാസലിനു സമീപം തിരുവിതാംകൂർ ഗവൺമെൻറിൽനിന്നും ഒരു അമൊണിയാകെമിക്കൽവർക്ക്സ് സ്ഥാപിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു അതുസംബന്ധിച്ച ചില ആലോചനകൾ നടത്തുന്നതിനായി നവംബർ രണ്ടാമത്തെ ആഴ്ചയിൽ ഇന്ത്യൻ ഇൻസ്ററിററ്യൂട്ട് അഫ് സയൻസിലെ ഒരംഗം തിരുവിതാംകൂറിൽ എത്തുന്നതാണു്.

* * *

ലക്നൗവിൽ ആണററിമജിസ്ട്രേട്ടായി ഒരു സ്ത്രീയെ നിയമിക്കുവാൻ പോകുന്നുണ്ടു്. അതിനെ പരാമർശിച്ചുകൊണ്ടു് മിസ്സിസ്സ് അഹമ്മദ്ഷാ പറഞ്ഞതു് സ്ത്രീകളായ മജിസ്ട്രേട്ടന്മാർ പുരുഷന്മാരെക്കാൾ ലോലമനസ്കരായിരിക്കുമെന്നു വിചാരിക്കാവുന്നതല്ലെന്നാകുന്നു. പർദാവനിതകൾ ഇടപെടേണ്ട കേസ്സുകൾ വിസ്തരിക്കുന്നതിൽ വനിതകളായ മജിസ്ട്രേട്ടന്മാർ വളരെ ഉപകരിക്കുമെന്നും അവർ പറയുന്നു അതുപോലെതന്നെ കുട്ടികളെയും സ്ത്രീകളെയും ബാധിക്കുന്ന കുററങ്ങൾ വിചാരണ നടത്തുവാൻ സ്ത്രീകളായ മജിസ്ട്രേട്ടന്മാരായിരിക്കും എത്രയും പററിയതെന്നും മിസ്സിസ്സ് അഹമ്മദ്ഷാ അഭിപ്രായപ്പെടുന്നു.

* * * *




സർ. ആർച്ചിബാൾഡ കാമ്പെൽ

മദ്രാസ് ഗവർണറായ സർ ജാർജ് സ്ററാൻലി തൽസ്ഥാനം ഒഴിയുന്ന നവംബർ ൧൪-ാംനു-മുതൽ അദ്ദേഹത്തിൻെറ പിൻഗാമിയായ എഴ്സ്കിൻ പ്രഭു ഗവർണർ ഉദ്യോഗമേൽക്കുന്ന നവംബർ പതിനേഴാംതീയതി രാവിലെവരെ ആക്ടിംഗ്ഗവർണർആയി നിയമിക്കപ്പെട്ടിരിക്കുന്ന മദ്രാസ് റവന്യൂമെമ്പർ ആയ ആർച്ചിബാൾഡ് കാമ്പെൽ.

* * *

൧൯ർ ഡിസംബർ ൨൬-ാംതീയതി ബാംഗ്ളൂർവച്ചു് നടക്കുന്ന മൂന്നാമത്തെ സൗത്തുഇന്ത്യൻറൈട്ടേഴ്സ് കാൺഫറൻസിനെ പ്രതിനിധീകരിക്കുവാൻ തിരുവിതാംകൂർ ഷാർട്ടുഹാൻഡ് റൈട്ടേഴ്സ് അസോസിയേഷനിൽനിന്നും രണ്ടു മാന്യന്മാർ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഇവരിൽ മി. മഹാദേവയ്യർ പ്രസ്തുതകാൺഫറൻസിൽ 'വ്യായാമവും, ഷാർട്ടുഹാൻഡു് റൈട്ടേഴ്സും' എന്ന വിഷയത്തെ പരാമർശിച്ചു ഒരു പ്രബന്ധം എഴുതിവായിക്കുന്നതാണു്.

* * *



സർദാർ ദിവാൻസിംഗ് മാഫ്ട്ടൂൺ.

"റിയാസാത്ത്" എന്ന പത്രത്തിൻെറ അധിപരായ ഇദ്ദേഹത്തെ നാട്ടുരാജ്യസംരക്ഷണനിയമം അനുസരിച്ചു ബോപ്പാൽ നവാബു് പ്രാസിക്യൂട്ടു ചെയ്യുകയും ശിക്ഷിക്കുകയും ചെയ്തുവെങ്കിലും നാഗപ്പൂർ ചീഫ്കോടതി ശിക്ഷ അസ്ഥിരപ്പെടുത്തുകയാണു ചെയ്തതു്. വീണ്ടും കേസെടുത്തു വിചാരണ നടത്തുന്നതിനു ഉത്തരവു പെയ്തിരിക്കുന്നു.

* * * *

കൊച്ചിസംസ്ഥാനത്തെ പ്രജകളുടെ ഋണബാദ്ധ്യതയ്ക്കു ശമനമുണ്ടാക്കുന്നതിനായി കൊച്ചിഗവൺമെൻറിൽനിന്നും പണമായി അഞ്ചുലക്ഷവും ഗവൺമെൻറുകടപ്പത്രമായി ൧൫ ലക്ഷവും ഉൾപ്പെടെ ൨൦ ലക്ഷം ക യുടെ ഒരു ധനസഹായപദ്ധതി ഏർപ്പെടുത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

* * *

ഇൻഡ്യൻനാഷണൽകാൺഗ്രസ്സിൻെറ 48-ാമതു മഹാസമ്മേളനം ബാംബയിൽ അത്യുജ്ജ്വലമായ കാര്യപരിപാടികളോടുകൂടി നടന്നുകൊണ്ടിരിക്കുന്നു. അക്ടോബർ 19-ാംനു- കാലത്തു മഹാത്മജിയും പാർട്ടിയും വാർദ്ധായിൽനിന്നു ബംബയിൽ എത്തി. കാൺഗ്രസ്സിൽനിന്നും മഹാത്മജിയുടെ പിന്മാററം എന്നതായിരുന്നു സർവ്വത്ര ചിന്താവിഷയം. 20-ാംനു- കൃത്യം ഒരുമണിക്കു സർദാർ പട്ടേൽ പ്രവർത്തകസമിതിയുടെ അതിപ്രധാനമായ ഒരു യോഗം ഉൽഘാടനംചെയ്തു ഗാന്ധിജിയുൾപ്പെടെ പ്രമാണികളായ അംഗങ്ങളെല്ലാം സന്നിഹിതരായിരുന്നു. ഗാന്ധിജിയുടെ പ്രസ്താവനയിൽ വിജ്ഞാപനംചെയ്തിരുന്ന ഭേദഗതികളെപ്പററി യോഗം ആലോചനയിൽ പ്രവേശിച്ചു. അംഗീകരിച്ച ഭേദഗതികളോടുകൂടി കാൺഗ്രസ്സുഘടനാവ്യവസ്ഥകൾ എഴുതി തയ്യാറാക്കുന്ന സബ്ബ് കമ്മിററിയുടെ ജോലിയായിരുന്നു അടുത്ത മുഖ്യകാര്യം. ഗാന്ധിജി 15-ാംനു- പുറപ്പെടുവിച്ച പ്രസ്താവനയെപ്പററി പ്രവർത്തകസമിതി ആലോചിച്ചു ഇപ്രകാരം ഒരു പ്രമേയം പാസ്സാക്കി. 'ഗാന്ധിജി നിർദ്ദേശിക്കുന്ന ഭേദഗതികളുടെ തത്വങ്ങളെ പ്രവർത്തകസമിതി അംഗീകരിക്കയും പ്രസ്തുത ഭേദഗതികളെപ്പററി ആലോചിച്ചു നാളെ വൈകിട്ടു് 5-മണിക്കുമുമ്പു് റിപ്പോർട്ടുചെയ്യാനായി ഗാന്ധിജി, ദേശായി, ഡാക്ടർ പട്ടാഭി, മുൻഷി, ജയറാംദാസ് ദൗലട്ട്റാം എന്നിവരെ കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനധികാരത്തോടുകൂടി ഒരു കമ്മിററിയായി നിയമിക്കയും ചെയ്തിരിക്കുന്നു.'

20-ാംനു- 5-മണിയോടുകൂടി കാൺഗ്രസ്സുനഗ

റിൽ മഹാനസ്സിന്റെ സാന്നിദ്ധ്യത്തിൽവച്ചു ഫ്രാണ്ടിയർകാൺഗ്രസ്സുനേതാവായ ഖാൻ അബ്ദുൽജാഫർഖാൻ അഖിലേന്ത്യാ ഖാദിപ്രദർശനവും സ്വദേശിബസാറും ഉൽഘാടനംചെയ്തു. ആദായവും ഗുണവും ഏവർക്കും ലഭിക്കത്തക്കവണ്ണം ഖാദികേന്ദ്രങ്ങൾ ഓരോ ഗ്രാമത്തിലും സംഘടിപ്പിക്കണമെന്നതായിരുന്നു അദ്ദേഹത്തിന്റെ മുഖ്യനിർദ്ദേശം. വീണ്ടും കൂടിയ പ്രവൎത്തകസമിതിയോഗത്തിൽ ഗാന്ധിജിയുടെ പിൻമാററത്തിന്റെ വിഷമതകളെയും ഭവിഷ്യത്തുകളെയും പലരും ചൂണ്ടിക്കാണിച്ചു. ഇതിനെത്തുടൎന്നു നൂൽനൂൽപ്പുനിയോജകത്വം, ഖദർവ്യവസ്ഥ, കാൺഗ്രസ്സുപ്രമാണത്തിലെ പദപ്രയോഗമാററം എന്നീ കാൎയ്യങ്ങളെപ്പററി തീക്ഷ്ണമായ വാദപ്രതിവാദം നടന്നു. തീരുമാനത്തിനായി പ്രസ്തുത വിഷയങ്ങൾ പിറേറദിവസത്തേയ്ക്കു മാററിവച്ചു. പാർലമെന്ററിബോർഡ് ഇന്നത്തെപ്പോലെ ഭാവിയിലും ഒരു നോമിനേററുചെയ്ത സംഘമായിത്തന്നെ തുടരണോ അതോ തിരഞ്ഞെടുക്കപ്പെടണമോ എന്നും ആലോചിക്കയുണ്ടായി. വൈററപേപ്പറിന്റെ നിരാകരണം, വൎഗ്ഗീയതീരുമാനത്തെപ്പററിയുള്ള പ്രവൎത്തകസമിതിപ്രമേയം, തൻമൂലം കാൺഗ്രസ്സിലുള്ള ഭിന്നിപ്പ്, നാഷണലിസ്ററുകക്ഷി രൂപവൽക്കരണം എന്നിവയെല്ലാം പ്രതിപാദിക്കപ്പെട്ടു. നാട്ടുരാജ്യങ്ങളുടെ നില, സോഷ്യലിസ്ററുവിഭാഗത്തോടു കാൺഗ്രസ്സിന്റെ മനോഭാവം എന്നീ കാൎയ്യങ്ങളും പിറേറദിവസത്തെ ആലോചനയ്ക്കു മാററിവച്ചു.

അടുത്തദിവസമായ അക്ടോബർ 21-ാംനു- കാൺഗ്രസ്സുപ്രസിഡൻറായി വരിക്കപ്പെട്ട ബാബു രാജേന്ദ്രപ്രസാദു ബാംബെയിലെത്തി. ബാബു രാജേന്ദ്രപ്രസാദ്, അൻസാരി എന്നിവരുടെ ആഗമനത്തോടുകൂടി കാൺഗ്രസ്സുനേതാക്കന്മാരെല്ലാം തികഞ്ഞു. അവർ ഉടനടി ആലോചനകൾ തുടങ്ങി. ഖദർ, ഗ്രാമീണവ്യവസായങ്ങൾ എന്നിവയിൽ എന്തുകൊണ്ടു പ്രത്യേകശ്രദ്ധപതിപ്പിക്കുന്നു എന്നുള്ളതിനെ വിശദീകരിച്ചുകൊണ്ടു ഗാന്ധിജി വൎക്കിംഗുകമ്മിററിയോഗത്തിൽ പ്രസംഗിച്ചു.

അന്നേദിവസം നടന്ന സോഷ്യലിസ്ററുകക്ഷിയുടെ കാൎയ്യാലോചനയിൽ മുഖ്യസ്ഥാനം അൎഹിക്കുന്നതു ഒരു നംഗതി കക്ഷിയിൽ അംഗങ്ങളാകുന്നതിനുള്ള വ്യവസ്ഥകളുടെ നിൎണ്ണയം ആയിരുന്നു. ആ കൂട്ടത്തിൽ ഒന്നു പാൎട്ടിയിൽ അംഗങ്ങളാകുന്നവർ ഇൻഡ്യൻ നാഷണൽകാൺഗ്രസ്സിലെ അംഗങ്ങളും പാർട്ടിയുടേതിനോടു യോജിക്കാത്ത ഉദ്ദേശങ്ങളോടുകൂടിയ മററു രാഷ്ട്രീയസംഘടനകളിലോ വൎഗ്ഗീയസംഘടനകളിലോ അംഗങ്ങളല്ലാത്തവരും ആയിരിക്കണമെന്ന വ്യവസ്ഥയായിരുന്നു.

ഗ്രാമീണവ്യവസായസംഘടന സ്ഥാപിക്കുന്നതിനു ഒരു അഖിലേന്ത്യാപ്രസ്ഥാനം ഉടനടി തുടങ്ങാമെന്നു വിചാരിക്കത്തക്കവണ്ണം ഗാന്ധിജി തന്റെ പദ്ധതികളെ അത്രമാത്രം പൂൎത്തിയാക്കിയിരിക്കുന്നു എന്നുള്ളതാണ് അടുത്തദിവസത്തെ അതിപ്രധാനമായ ഒരു അറിവ്.

23-ാംനു ഉച്ചയ്ക്കു വിഷയനിരൂപണക്കമ്മിററി കൂടുന്നതിനു മുമ്പുതന്നെ അതിപ്രധാനവും വാദപ്രതിവാദത്തിനു വിധേയവുമായ വിഷയങ്ങളിൽ കാൺഗ്രസ്സുവൎക്കിംഗുകമ്മിററി നിശ്ചയങ്ങൾ പാസ്സാക്കി.

ഉച്ചയ്ക്കു രണ്ടുമണിക്ക് അഖിലേന്ത്യാ കാൺഗ്രസ്സുകമ്മിററി സമ്മേളിച്ചു. നൂൽനൂൽപ്പുനിയോജകത്വം, ഖാദിവ്യവസ്ഥ, കാൺഗ്രസ്സുസിദ്ധാന്തത്തിലുള്ള പദപ്രയോഗം എന്നീ മൂന്നുകാൎയ്യങ്ങളും സംബന്ധിച്ചു വൎക്കിംഗുകമ്മിററി അവതരിപ്പിക്കുവാൻ നിശ്ചയിച്ചിട്ടുള്ള ഭേദഗതിയെ വിഷയനിരൂപണക്കമ്മിററിയും കാൺഗ്രസ്സിന്റെ പരസ്യസമ്മേളനവും പാസ്സാക്കിയാലും ഇല്ലെങ്കിലും താൻ കാൺഗ്രസ്സിൽനിന്നും പിൻമാറുവാൻതന്നെ ഏററവും ദൃഢമായി നിശ്ചയിച്ചിരിക്കുന്നുവെന്നു ഗാന്ധിജി വിഷയനിരൂപണക്കമ്മിററിയിൽ പ്രഖ്യാപനംചെയ്കയുണ്ടായി.

അക്ടോബർ 23-ാംതീയതി രണ്ടടിച്ചു 15 മിനിട്ടായപ്പോൾ അഖിലേന്ത്യാ കാൺഗ്രസ്സ്കമ്മിററിയോഗ നടപടികൾ ആരംഭിച്ചു. പഴയ പ്രസിഡണ്ടിന്റെ യാത്രചോദിപ്പും പുതിയ പ്രസിഡണ്ടിന്റെ സ്ഥാനാരോഹണവും ആദ്യമായി നടന്നു. ഔദ്യോഗികമായ നടപടികൾ തുടങ്ങുന്നതിനുമുമ്പു പുതിയ പ്രസിഡണ്ടു ഗാന്ധിജിയോടു പ്രസ്താവന പുറപ്പെടുവിക്കുവാൻ അപേക്ഷിച്ചു. പിന്മാററത്തിന്റെ കാരണങ്ങളെ വിശദീകരിച്ചുകൊണ്ടു ഗാന്ധിജി ഇങ്ങനെ ഉപസംഹരിച്ചു. 'നിങ്ങൾ അക്രമരഹിതരാണെന്നു തെളിയിക്കുന്ന പക്ഷം ഞാൻ എവറസ്ററുകൊടുമുടിയുടെ മുകളിലായാലും ഭൂഗർഭത്തിലായാലും വീണ്ടും പ്രത്യക്ഷനായി നിങ്ങളെ ലക്ഷ്യത്തിലേക്കു നയിക്കാം.........' ഇരുപത്തിഅഞ്ചുമിനിട്ടുനേരത്തേക്കു തന്നോടു ചോദ്യങ്ങൾ ചോദിക്കുവാൻ ഗാന്ധിജി മെമ്പർമാരെ ക്ഷണിച്ചു. രാജ്യം സ്വാതന്ത്ര്യസമരത്തിന്റെ മദ്ധ്യത്തിലെത്തിയിരിക്കുന്ന ഈ ഘട്ടത്തിൽ വിട്ടിട്ടു പോകരുതെന്നു മാളവ്യജി എത്രയും ഹൃദയസ്പൃക്കായവിധത്തിൽ മഹാത്മജിയോടപേക്ഷിച്ചു. കാൺഗ്രസ്സിനേയും രാജ്യത്തിനേയും സേവിക്കുവാനുള്ള ശക്തി നേടുന്നതിനാണു താൻ പുറമേപോകുന്നതെന്നു വ്യക്തമാക്കി ഗാന്ധിജി അതിനു മറുപടിനൽകി.

മഹാത്മജി സംസാരിച്ചതിന്നുശേഷം മേമാസത്തിനുശേഷം പ്രവൎത്തകസമിതിയും എ. ഐ. സി. സി-യും ചെയ്ത സകല നിശ്ചയങ്ങളും വിഷയനിരൂപണക്കമ്മററി അതേപടി അംഗീകരിക്കയെന്നകാൎയ്യം ആലോചനയ്ക്കെടുത്തു. തീക്ഷ്ണമായ വാദപ്രതിവാദങ്ങൾക്കുശേഷം പ്രമേയം ഭീമമായ ഭൂരിപക്ഷത്തോടെ പാസ്സായി.

അനന്തരം നടന്ന മുഖ്യസംഗതി കാൺഗ്രസ്സുഘടനാവ്യവസ്ഥകളെപ്പററിയുള്ള പ്രമേയങ്ങളുടെ രൂപീകരണമാണ്.

ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ ചരിത്രത്തിൽ ആദ്യമായി പ്രസിഡൻറിന്റെ പ്രസംഗം ഒരു ടാക്കികമ്പനി റെക്കാർഡ്ചെയ്തിരിക്കുന്നു. സിനിമാചിത്രമായി എടുക്കപ്പെട്ട കാൺഗ്രസ്സുനഗരം, അതിലെ വിവിധപ്രവൎത്തനങ്ങൾ എന്നിവ താമസിയാതെ രാജ്യത്തിലെങ്ങും പ്രചരിപ്പിക്കപ്പെടുന്നതാണ്.

കാൺഗ്രസ്സുപ്രമാണം ഭേദഗതിചെയ്യണമെന്നുള്ള പ്രമേയം മൌലാനാ അബ്ദൽകലാം അസാദ് അവതരിപ്പിച്ചു. 71 വോട്ടിനു എതിരായി 58 വോട്ടുമൂലം വൎക്കിംഗ്കമ്മററിക്കു പരാജയമായി അവസാനിച്ചു. കാൺഗ്രസ്സുഘടനയിൽ ഉണ്ടാകേണ്ട വ്യത്യാസങ്ങളെപ്പററി എ. ഐ. സി-സി-യുടെ അഭിപ്രായങ്ങൾ അംഗീകരിക്കപ്പെടുമെന്നും പൂൎണ്ണയോഗത്തിൽ ഈ നിശ്ചയങ്ങൾക്കു മാററംവരുത്തുന്നതിനുള്ള യാതൊരുശ്രമവും ഉണ്ടാകുന്നതല്ലെന്നും ഈ പരാജയത്തിനുശേഷം കമ്മിററിസിക്രട്ടറി അറിയിക്കയുണ്ടായി.

കാൺഗ്രസ്സ് പരസ്യസമ്മേളനത്തിന്റെ പ്രഥമദിനം (അക്ടോബർ 26-ാംനു-) സമാരംഭിച്ചതു പതാകാവന്ദനകൃത്യത്തോടുകൂടിയാണ്. മുപ്പതടി നീളവും ഇരുപതടി വീതിയും ഉള്ള ത്രിവൎണ്ണാങ്കിതമായ പതാക വന്ദേമാതരഘോഷങ്ങളുടെയിടയിൽ പ്രസിഡണ്ടു ഉയൎത്തി.

കാൺഗ്രസ്സിൽനിന്നും പിന്മാറരുതെന്നു ഗാന്ധിജിയോടു അപേക്ഷിച്ചുകൊണ്ടുള്ള പ്രമേയം വിഷയനിരൂപണക്കമ്മിററിയിൽ ഐകകണ്ഠ്യേന പാസാക്കപ്പെട്ടിരിക്കുന്നു.

വിവിധ നാട്ടുരാജ്യപ്രജാസ്ഥാപനങ്ങളുടെ പ്രതിനിധികളായ 14 കാൺഗ്രസ്സുപ്രതിനിധികൾ പ്രസിഡണ്ടിനെ ഒരു ഡെപ്യൂട്ടേഷനായി കാണുകയുണ്ടായി. നാട്ടുരാജ്യങ്ങളിൽ കാൺഗ്രസ്സുകമ്മിററികൾ സ്ഥാപിക്കുന്നതിനെ നിരോധിക്കുന്നതായി കാൺഗ്രസ്സുഘടനയിൽ യാതൊന്നുമില്ലെന്നു കാൺഗ്രസ്സുപ്രസിഡണ്ടു ഉറപ്പു നൽകുകയും ഗാന്ധിജിയോടു ആലോചിച്ചിട്ടു വേണ്ടതു ചെയ്യാമെന്നു പ്രതിജ്ഞ ചെയ്കയുമുണ്ടായി. വൈകുന്നേരം കൂടിയ മഹാസമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗത്തിന്റെ ചുരുക്കം അന്യത്ര.

വിഷയവിവരം

മുഖചിത്രം:

ഉത്തരഭാരതത്തിൽ ഭാരതീയനൃത്തകലയുടെ പുനരുദ്ധാരണത്തിനുവേണ്ടി പ്രസിദ്ധ അമ്മേരിക്കൻ നൎത്തകിയായ ശ്രീമതി രാഗിണീദേവിയും തിരുവിതാംകൂർ സ്വദേശിയായ ശ്രീമാൻ ഗോപിനാഥൻപിള്ളയും നിരന്തരപരിശ്രമം ചെയ്തുവരുന്നു.

ശ്രീമതി രാഗിണീദേവി യുണൈറഡ്സ്റേറററ്സിൽ ഭാരതീയനൃത്തത്തിലും ഭാരതീയസംഗീതത്തിലും അതിപ്രശസ്തയായി ഭവിച്ചിരുന്ന ഒരു അമ്മേരിക്കൻ നൎത്തകിയാണ്. ഏതാനുംവർഷംമുമ്പു ഇവർ തെക്കെ ഇൻഡ്യയിലെ നൃത്തരീതികളെപ്പററി പ്രത്യേകപഠനം നടത്തുവാനായി ഇൻഡ്യയിൽവന്നെത്തി. തിരുവിതാംകൂറിലും കൊച്ചിയിലെ കേരളകലാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിലും അവർ കണ്ട കഥകളിയുടെ സൂക്ഷ്മങ്ങളായ സാങ്കേതികമനോഹരതകൾ അവരെ അത്യധികം ആകൎഷിച്ചു. കലാമണ്ഡലത്തിൽ അല്പദിവസം അഭ്യസിച്ചുകഴിഞ്ഞ് അവർ വടക്കേ ഇൻഡ്യയിൽ ഒരു സഞ്ചാരം നടത്തുവാനായി ഒരു സംഘത്തെ രൂപീകരിച്ചു. നൃത്തസഹചരനായി ഒരു തിരുവിതാംകൂർകാരനും കഥകളിയിൽ വിദഗ്ദ്ധനും ആയ ശ്രീമാൻ ഗോപിനാഥൻനായരെയാണു അവർ തിരഞ്ഞെടുത്തത്. മി. പിള്ളക്കു തിരുവിതാംകൂറിൽ എട്ടുവർഷത്തെയും കലാമണ്ഡലത്തിൽ നാലുവർഷത്തെയും പരിശീലനം സിദ്ധിച്ചിട്ടുണ്ടായിരുന്നു

ദക്ഷിണഇൻഡ്യയിലെ മുഖ്യങ്ങളായ രണ്ടു നാട്യരീതികൾ കഥകളിയും 'തഞ്ചാവൂർ നാട്യ'വും ആണ്. ഇവ രണ്ടും രാഗിണീദേവിയെ സവിശേഷം ആകർഷിക്കുന്നു.

ദക്ഷിണഇൻഡ്യയിലെ സാങ്കേതികരീതികളെ ഇൻഡ്യമുഴുവനും പ്രചരിപ്പിക്കയെന്നുള്ളതു അവരുടെ മുഖ്യോദ്ദേശ്യമാണ്. കഴിഞ്ഞ ഒരുവൎഷത്തിനകം അവർ വടക്കേഇൻഡ്യയിലെ മഹാനഗരങ്ങൾ പലതിലുമായി അനേകം നൃത്തരംഗങ്ങൾ പ്രദൎശിപ്പിക്കയുണ്ടായി. ചില കലാശാലകളിൽ അവർ പ്രസംഗങ്ങളും നൃത്തപ്രകടനങ്ങളും നടത്തുകയുംചെയ്തിട്ടുണ്ട്.

രാഗിണീദേവിയും ശ്രീമാൻ ഗോപിനാഥപിള്ളയും അമ്മമഹാറാണി തിരുമനസ്സിലെ മഹനീയക്ഷണമനുസരിച്ചു തിരുവനന്തപുരത്തെത്തി നൃത്തം നടത്തുന്നതാണ്.

രാഗിണീദേവി മഹാലക്ഷ്മിയുടെ വേഷത്തിൽ നടത്തുന്ന നാട്യമാണു മുഖചിത്രം.

മലയാളരാജ്യം

1110 തുലാം 13-ാംനു- തിങ്കളാഴ്ച


ബാബുരാജേന്ദ്രപ്രസാദിൻെറ അദ്ധ്യക്ഷതയിൽ അബ്ദുൽജാഫർനഗറിൽ ആരംഭിച്ചിരിക്കുന്ന ഇന്ത്യൻനാഷനൽ കാൺഗ്രസ്സിൻെറ സമ്മേളനം 1931-ലെ കറാച്ചിസമ്മേളനത്തിനുശേഷം ആദ്യമായുള്ളതാണ്. ഈ മൂന്നുവർഷത്തിനകമുണ്ടായിരിക്കുന്ന വലുതായ മാററങ്ങളെ പരിഗണിക്കുമ്പോൾ കാൺഗ്രസ്സ് ചരിത്രത്തിലെ ഏററവും പ്രധാനമായ സമ്മേളനങ്ങളിൽഒന്നാണിതെന്നു പറയാൻ അശേഷം സന്ദേഹിക്കേണ്ടതില്ല. ആജ്ഞാലംഘനനിർത്തൽ, നിയമസഭാപ്രവേശനനിശ്ചയം, സോഷ്യലിസ്റ്റ്പക്ഷത്തിൻെറ പ്രാബല്യം, കാൺഗ്രസ്സ്ഘടനാഭേദഗതികൾ, ഗാന്ധിജിയുടെ പിന്മാററം എന്നിങ്ങനെ കാൺഗ്രസ്സിനെ സംബന്ധിച്ചിടത്തോളം ജീവസ്പർശിയായ കാര്യങ്ങളാകുന്നു ഈ സമ്മേളനത്തിൻെറ ആലോചനയ്ക്കു വിഷയീഭവിക്കുന്നതു്. ആയുധവിഹീനരായ ഒരു മഹാജനതയ്ക്കു സ്വാതന്ത്ര്യസമ്പാദനോദ്യമത്തിൽ അക്രമരാഹിത്യത്തെയും സ്വവിലാജ്ഞാലംഘനത്തെയുംപോലെ പററിയ ഒരു ആയുധമില്ലെന്നു സമർത്ഥിക്കുന്നതോടുകൂടി, കാൺഗ്രസ്സ നടത്തിയ സത്യഗ്രഹസമരം ചിലർ വിചാരിക്കുന്നതുപോലെ ഒരു പരാജയമായിരുന്നില്ലെന്നു അദ്ദേഹം ദൃഢമായി പ്രഖ്യാപനംചെയ്യുന്നു- നിയമസഭാപ്രവർത്തനം അനുപേക്ഷണീയമായി തീർന്നിരിക്കുന്നെങ്കിലും അതിൽ കൂടുതലായ വിശ്വാസം നിക്ഷേപിക്കരുതെന്നു അദ്ദേഹം താക്കീതുനൽകുകയും ചെയ്യുന്നു ഗാന്ധിജിയുടെ ഉപദേശങ്ങളെ അനുസരിച്ചു നിറവേററുന്നതിൽ കാൺഗ്രസ്സുകാർ കാണിക്കുന്ന കാപട്യത്തെ അദ്ദേഹം നിന്ദിച്ചുകൊണ്ടു ഗാന്ധിജിയുടെ പിന്മാററം ആ കാപട്യത്തിൻെറ സ്വാഭാവികഫലമാണെന്നു ചൂണ്ടിക്കാണിക്കുന്നു. ഖാദി, നൂൽനൂൽപ്പു എന്നീ വ്യവസ്ഥകൾ അനുഷ്ഠിച്ചാൽ മാത്രമേ കാൺഗ്രസ്സും ജനസാമാന്യവും തമ്മിൽ ഉററ സമ്പർക്കമുണ്ടാകുമെന്നും ഈ വ്യവസ്ഥകളെയും കറാച്ചിയിൽവച്ചു പാസാക്കിയ നിശ്ചയങ്ങളെയും നിഷ്കപടമായി സ്വീകരിച്ചു ഉത്സാഹപൂർവ്വം നിറവേററുന്നപക്ഷം അതു ജനസാമാന്യത്തിൻെറ താല്പര്യങ്ങളെ പരിരക്ഷിക്കാൻ പര്യാപ്തമാണെന്നും അദ്ദേഹം വിശ്വസിക്കുന്നു. ഭരണപരിഷ്കാരവിഷയകമായി ബ്രിട്ടീഷ്ഗവർമ്മെൻറിൻെറ നടപടികൾ, അക്രമരഹിതമായ സ്വാതന്ത്ര്യസമരത്തിൻെറനേരേ ഗവർമ്മെൻറു പ്രയോഗിച്ച മർദ്ദനം, ഇന്ത്യയിലെ ബ്രിട്ടീഷ്മാക്കററുവലുതാക്കാൻ അവർ കൈക്കൊള്ളുന്ന ഉപായങ്ങൾ എന്നിവയെപ്പററി പ്രതിപാദിച്ച ശേഷം അദ്ദേഹം സ്വാതന്ത്ര്യലക്ഷ്യത്തെ വീണ്ടും പ്രഖ്യാനംചെയ്യുകയും ബ്രിട്ടീഷ് ഗവർമ്മെൻറു ഇന്ത്യാക്കാരുടെ ഉൽകർഷേച്ഛയ്ക്കു ഒരുകാലത്തും അനുകൂലികളായിരിക്കയില്ലെന്നുള്ളതിൽ അചഞ്ചലമായ നിശ്ചയത്തോടും അനന്തമായ ത്യാഗസന്നദ്ധതയോടുംകൂടി ഇന്ത്യാക്കാർ പൂർവ്വാധികം ഊർജ്ജിതത്തോടെ സ്വാതന്ത്ര്യസമരം നടത്തിക്കൊണ്ടു പോകണമെന്നു ഉൽബോധിപ്പിക്കയും ചെയ്യുന്നു. ബാബുരാജേന്ദ്രപ്രസാദിൻെറ പ്രസംഗം അതികുതുകികളായ പലരെയും ഇച്ഛാഭംഗപ്പെടുത്തിയിരിക്കാം. തൻെറ ഇച്ഛകളെ രാഷ്ട്രത്തിൻെറ താല്പര്യങ്ങൾക്കു വിധേയമാക്കിക്കൊണ്ടു അനാർഭാടമായും ത്യാഗപൂർവ്വമായും സേവനം അനുഷ്ഠിച്ചുപോരുന്ന ഒരു നായകവര്യനാണദ്ദേഹം. ആശയപ്പകിട്ടു കുറയുമെന്നിരുന്നാലും ആത്മാർത്ഥത തുളുമ്പുന്ന ഒരു ഉൽബോധനമാണദ്ദേഹം ചെയ്തിട്ടുള്ളതു്. ഒരു വിദേശീയശക്തിയിൽനിന്നു അധികാരം വീണ്ടെടുക്കുകയെന്നുള്ളതാണു പരമമായകാര്യമെന്നും അതിനു അക്രമരഹിതമായ പ്രവൃത്തനങ്ങളും യോജിച്ചുള്ളനിലയുംആണു സർവ്വോപരി ആവശ്യമെന്നും അദ്ദേഹം പുനഃപ്രഖ്യാപനംചെയ്യുന്നു. മഹാത്മജിയുടെതത്വങ്ങളെ പൂർണ്ണമായി ഉൾക്കൊണ്ടിട്ടുള്ളവനും ത്യാഗസമ്പന്നനുമായ അദ്ദേഹം തൻെറ ആത്മാർത്ഥതയെ കാൺഗ്രസ്സിൽസംക്രമിപ്പിച്ചിട്ടു കാൺഗ്രസ്സിനെ നിർവിഘ്നം നയിക്കുമാറാകട്ടെ

* * *

ആയിരത്തിതൊള്ളായിരത്തി ഇരുപതുമുതൽ ഗാന്ധിജി കാൺഗ്രസ്സിൻെറ അവിതർക്കിതനേതാവായി വിജയം ചെയ്യുന്നു ഗാന്ധിജിയില്ലാതെ കാൺഗ്രസ്സില്ല എന്നു പലർക്കും തോന്നിയിട്ടുണ്ടു്. കേവലം ദൈനംദിനകൃത്യങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനുപോലും കാൺഗ്രസ്സ് ഗാന്ധിജിയെയാണു് ആശ്രയിച്ചിരുന്നതു് എന്നു അദ്ദേഹത്തിൻെറ സഹപ്രവർത്തകന്മാരും ആജ്ഞാകരന്മാരുമായവർതന്നെ സമ്മതിക്കുന്നു. ഗാന്ധിജി വിചാരിച്ചാൽ കാൺഗ്രസ്സിൽ എന്തും സാധിക്കും. അദ്ദേഹത്തിൻെറ ഇഷ്ടത്തിനെതിരായി ആരും ഒന്നും പറയുകയില്ല. കാൺഗ്രസ്സിൽ അദ്ദേഹത്തിൻെറ ശക്തി അത്രമാത്രം ഭീമപരിമാണത്തിൽ വളർന്നുയർന്നതിനാൽ മററു കാൺഗ്രസ്സ്നേതാക്കന്മാരെല്ലാം അതിൻെറ നിഴലിലായിപ്പോയി. ഇങ്ങനെ എല്ലാത്തിനും ഗാന്ധിജിയെത്തന്നെ ആശ്രയിക്കേണ്ടിവന്ന കാൺഗ്രസ്സിനു് സ്വയം നിശ്ചയശേഷി ഇല്ലാതായിപ്പോയെന്നു് ഗാന്ധിജിക്കു മാത്രമല്ല, മററു നേതാക്കന്മാർക്കും മനസ്സിലായി. ഇപ്രകാരമുള്ള ഒരു ഘട്ടത്തിലാണു ഗാന്ധിജി തൻെറ നേതൃത്വം കൈവെടിയാമെന്നു വിചാരിക്കുന്നതു്. അതിനു വളരെ അർത്ഥവും പ്രാധാന്യവും ഉണ്ടെന്നു പ്രത്യേകിച്ചു പറയേണ്ടതില്ല. ഗാന്ധിജിയില്ലാതെ കാൺഗ്രസ്സ് ഒരു ഇഞ്ചുപോലും മുന്നോട്ടു പോകയില്ലെന്നുവന്നാൽപിന്നെന്തസ്ഥിതിയെന്തു്? എന്നും കാൺഗ്രസ്സിനെനയിച്ചുകൊണ്ടിരിക്കാൻ ഗാന്ധിജിക്കു സാധിക്കയില്ലെന്നു സ്പഷ്ടമാകുന്നു. ഇപ്പോൾതന്നെ സ്വയംനിശ്ചയത്തിനും സ്വയംപ്രവർത്തനത്തിനും ശേഷിയില്ലാതായിത്തീർന്നിരിക്കുന്ന കാൺഗ്രസ്സ് ഗാന്ധിജിയെകൂടാതെ പ്രവർത്തിക്കാൻ നിർബന്ധിതമായിത്തീരുന്ന ഘട്ടത്തിൽ എന്തുചെയ്യും? ഇത്തരംചോദ്യങ്ങൾ സ്വാഭാവികമായുണ്ടാകുന്നവയാണു്. അങ്ങനെയൊരു സംഭാവ്യത ഉണ്ടാകുമ്പോഴേയ്ക്കു കാൺഗ്രസ്സിനെ പരിശീലിപ്പിക്കേണ്ടതു ഇപ്പോൾതന്നെ ആവശ്യമായിരിക്കുന്നു ഗാന്ധിജിയുടെ പിന്മാററംകൊണ്ടുകാൺഗ്രസ്സ് വീണ്ടും സ്വയംപ്രവർത്തിക്കാൻ നിർബന്ധിതമായിത്തീരുന്നതാണു്. ആ ശീലം കൈവിട്ടുകളഞ്ഞ അതിനെ ആവശ്യം വരുമ്പോൾ ഇനിയും സഹായിക്കാമെന്നു ഗാന്ധിജി പറയുന്നതു പരിശീലനവേളയിലെ ഒരു അദ്ധ്യാപകൻെറ സഹായമായി ഗണിക്കാവുന്നതാണു്. വേണ്ടിവന്നാൽ അദ്ദേഹം കാൺഗ്രസ്സിൻെറ നേതൃത്വംതന്നെ സ്വീകരിക്കുന്നതുമാണു്. എത്രതന്നെ നേതൃത്വംസ്വീകരിച്ചാലും അദ്ദേഹം കാൺഗ്രസിനെ സ്വയം നിശ്ചയത്തിൻെറ പാഠങ്ങൾ അഭ്യസിപ്പിക്കാതെ വിടുമെന്നു തോന്നുന്നില്ല. അതിനുള്ള ഒരു പ്രാരംഭംമാത്രമായിട്ടു ഇപ്പോഴത്തെപിന്മാററം പരിഗണിക്കപ്പെടേണ്ടതുള്ളു. ചുരുക്കത്തിൽഗാന്ധിയുടെ പിന്മാററംകൊണ്ടു കാൺഗ്രസ്സ് സ്വയം നിശ്ചയശേഷി ആർജ്ജിക്കുക എന്നഫലമാണുണ്ടാകാവുന്നതു്. അതു ഗാന്ധിജി ആശിക്കുന്നതുമാത്രവുമാണു്. ഗാന്ധിജി മഹാൻതന്നെയാണെങ്കിലും കാൺഗ്രസ്സ് അദ്ദേഹത്തെക്കാൾ മഹത്തരമാണെന്നു് ഗാന്ധിജിതന്നെ സമ്മതിക്കും. എത്ര വ്യക്തികളുടെ നഷ്ടം സഹിക്കേണ്ടിവന്നാലും കാൺഗ്രസിൻെറ നഷ്ടം സങ്കല്പിക്കാൻപോലും സാധിക്കയില്ല. തന്നെപ്പോലെ സർവ്വാധികാരിയായ ഒരു നേതാവിൻെറ നഷ്ടത്തോടെ കാൺഗ്രസ്സും നഷ്ടമായി ഭവിക്കണമെന്നു് ഗാന്ധിജി വിചാരിക്കുന്നില്ല. ഏകഛത്രാധിപതികളുടെ കാലശേഷം അവരുടെ വ്യവസ്ഥകളും, രീതികളും നശിക്കുന്നതിനു് ദൃഷ്ടാന്തങ്ങൾ പലതും ചരിത്രത്തിലുണ്ടു് അതെല്ലാം ഒരാളിൽ സകലശക്തികളും കേന്ദ്രീഭവിക്കുന്നതിൻെറ ദോഷഫലങ്ങളാകുന്നു. ഗാന്ധിജിക്കു ഇന്നത്തെ നിലയിൽ കാൺഗ്രസ്സിൻെറ ഏകഛത്രാധിപത്യം ഉണ്ടെന്നു പറയുന്നതിൽ വാസ്തവമുണ്ടെങ്കിലും അദ്ദേഹത്തിൻെറ ആജ്ഞാനുസാരംമാത്രം നടന്നുകൊണ്ടിരിക്കുന്ന ആ ദേശീയമഹാസ്ഥാപനം അദ്ദേഹത്തിൻെറ കാലശേഷം സ്വയം പ്രവർത്തനശേഷിയില്ലാതെതാറുമാറാകുന്നതിൽപരം അനുകമ്പനീയവും ഭയാനകവുംആയ അത്യാഹിതമൊന്നുമില്ല. ഇന്ത്യക്കു അങ്ങനെയൊരു ദുർഭാഗ്യം വന്നുകൂടരുതെന്നത്രേ മഹാത്മജിയുടെ അഭിമതം. മറെറാരുതരത്തിൽ പറയുകയാണെങ്കിൽ ഭാരതീയരുടെ ഗുണത്തെ ഉദ്ദേശിച്ചല്ലാതെമഹാത്മജിക്കു് ഒന്നുംചെയ്യാൻസാധിക്കയില്ല. അതിനായി അദ്ദേഹം എന്തും ചെയ്കയും ചെയ്യും. പരാജയബോധമോ പരാജയഭീതിയോകൊണ്ടു അദ്ദേഹം പിന്മാറുന്നതാണെന്നുവിചാരിക്കുന്നവർ അത്തരം ആക്ഷേപങ്ങളെപ്പോലും ഭയപ്പെടാതെ വിശ്വാസദാർഢ്യത്തോടെ പ്രവർത്തിക്കുന്ന ഒരു ത്യാഗധീരനാണു് അദ്ദേഹമെന്നും സമ്മതിക്കേണ്ടതായിവരും എന്തെന്നാൽ പിന്മാററുതെന്നഅഭ്യർത്ഥനകൾ ഗണനീയസ്ഥാനങ്ങളിൽനിന്നുപോലും ഉണ്ടായിട്ടുംഅദ്ദേഹം പിൻമാറുവാൻതന്നെയാണല്ലോ ഉദ്ദേശിക്കുന്നതു്. കാൺഗ്രസ്സിനേയും രാജ്യത്തേയും സേവിക്കുവാൻ ഉത്തമമാർഗ്ഗം അതാണെന്നും അദ്ദേഹം സ്ഥാപിക്കുന്നുണ്ടു്.

* * * *






മുകളിൽ ഇടതുവശം.—ഫെർ ഫിററ്
സംബന്ധിച്ച ഗൗരവാവഹമായ
കൂടിയ ന്യൂറൻബർഗ്ഗിലെ ചില സ്ത്രീ
സമയം അനുവദിച്ചു. പഴയ
സ്ത്രീകൾ വസ്ത്രധാരണം ചെയ്തിരുന്ന

മുകളിൽ വലതുവശം – ബ്രിട്ടീഷ് രാജകു
തിരുമനസ്സുകൊണ്ടും രാജകുടുംബ
താമസിച്ചിരുന്നപ്പോൾ ക്രാതീദേ
ച്ചുപോകുന്നതു്. വണ്ടിയിൽ ഒ
യാക്കിലെ ഡച്ചസ്സും, പുത്രി എലി
ഡ്യൂക്കും, ഗ്ലസ്റ്ററിലെ ഡ്യൂക്കും (തി

അടിയിൽ ഇടതുവശം—ഈയിട ചരമ
കാലത്തു ഫ്രാൻസിലെ പ്രസിഡ
ലെ അതിപ്രശസ്തനായ ഒരു രാജ്യ
നിയ്യാണം ഫ്രാൻസിനു വലുതായ

ടി വലതുവശം—ഒരു ഘാതകന്റെ റേ
വിനെ അപഹരിച്ചു വധിച്ചുകളഞ്ഞു
സുദീർഘമായ അന്വേഷണങ്ങൾ
ക്കുന്നതായി ന്യൂയോക്കിൽനിന്നു
നു. 1932 ൽ മഴക്കാലത്തെ ഒ
ലം വാങ്ങി പ്രസ്തുത ഘോരകൃത്യം
രിൽ ഒരാളാണു ഈ ബ്രൂണോ റിച്ചു
ന്റെ ഭാര്യയേയും 'കസ്റ്റഡിയിൽ'
പ്രസ്തുത ദമ്പതികളുടെ റേഡിയോ



ൾ, ന്യൂറംബർഗ് ലേബർകാൺഗ്രസ്സ
ജാലികൾക്കിടയിൽ, തന്നെ കാണ്മാൻ
ജനങ്ങളുമായി സംഭാഷണത്തിനു അല്പ
ജർമ്മൻസമ്പ്രദായത്തിലാണ് പ്രസ്തുത
ന്നതു്. U. P. S.

ംബം സ്കാട്ട്ലൻഡിൽ. ചക്രവർത്തി
ത്തിലെ മററംഗങ്ങളും സ്കാട്ട്ലൻഡിൽ
ാലയത്തിലെ പ്രാർത്ഥനകഴിഞ്ഞു തിരി
വശത്തു ചക്രവർത്തിതിരുമനസ്സുകൊണ്ടും,
സബെത്തും, എതിർവശത്തു യാർക്കിലെ
രുമനസ്സിലെ പുത്രന്മാർ). U. P. S.

ഞ്ഞ മി. പോയിൻകെയർ. യുദ്ധ
ായിരുന്ന പോയിൻകെയർ യൂറോപ്പി
ന്ത്രജ്ഞനായിരുന്നു. ഇദ്ദേഹത്തിന്റെ
നഷ്ടമാണു്. B. N. A.

ിയോചിത്രം. ലിൻഡ്ബർഗ്ഗിന്റെ ശിശു
ന്ന കുററത്തിനു രണ്ടരവർഷക്കാലത്തെ
ശേഷം കുററക്കാരനെ പിടികൂടിയിരു
പോലീസുകാർ. പ്രഖ്യാപനംചെയ്തിരിക്കു
രാത്രിയിൽ 10000 പവൻ പ്രതിഫ
നടത്തിയതായി ഊഹിക്കപ്പെടുന്ന മൂവ
ാർഡ് ഹാപ്റ്റുമാൻ. ഹാപ്റ്റുമാ
ച്ചു പരിശോധന നടത്തുകയുണ്ടായി.
ചിത്രമാണു് ഈകാണുന്നതു്. U. P. S.



ബാംബെ കാൺഗ്രസ്സിലെ അദ്ധ്യക്ഷപ്രസംഗം.

ഭാരതമഹാജനസഭയുടെ 48 ാമത്തെ സമ്മേളനത്തിൽആദ്ധ്യക്ഷം വഹിച്ചബാബു രാജേന്ദ്രപ്രസാദ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു: -- "ലാഹോറിലെയും കറാച്ചിയിലെയും കാൺഗ്രസ്സിന്റെ പ്രമേയങ്ങളിൽ ഉൾക്കൊള്ളുന്ന പൂർണ്ണസ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള രാഷ്ട്രത്തിന്റെ അവകാശവാദത്തെ മാത്രമല്ല രാജ്യത്തിലെ ഏത്രയും മിതവാദികളായിട്ടുള്ളവരുടെ ഏത്രയും മിതവാദിത്വത്തോടുകൂടിയ പരിമിതമായ അപേക്ഷകളെയും തള്ളിക്കളയുവാൻ ബ്രിട്ടീഷ്ഗവർമ്മെന്റു നിശ്ചയിച്ചുറച്ചിരിക്കുന്നുവെന്നു, റൗണ്ടുടേബിൾ കോൺഫറൻസുകളിലെയും കമ്മിററികളിലെയും സബ്കമ്മിററികളിലെയും നടപടികളും വൈററ്പേപ്പറിൽ വിശദീകരിച്ചിരിക്കുന്ന നിർദ്ദേശങ്ങളും വ്യക്തമാക്കുന്നു. ഒരു പരിമിതമായ തോതിൽപോലും അധികാരം കൈവിട്ടുതരുന്നതിനുള്ള ഉദ്ദേശം അവിടെങ്ങും കാണുന്നില്ല. രാജ്യത്തിന്റെ ചുമലിൽ കെട്ടിവയ്ക്കുവാൻപോകുന്ന ഭരണഘടനസ്ഥിതിഗതികളെ ഇന്നത്തെതിനെക്കാൾ കൂടുതൽ വഷളാക്കുന്നതിനാണു ഇടയുള്ളതു്. എന്തന്നാൽ ബ്രിട്ടീഷുകാരുടെ ചുമലിൽനിന്നും ബ്രിട്ടീഷ്ഗവർമ്മെൻറിന്റെ ആജ്ഞാനുവത്തികളായി ഭരണഘടന എന്നു പറയുന്നതിനെ പ്രവൃത്തിയിൽ കൊണ്ടുവരുവാൻ തയ്യാറാകുന്ന ഇന്ത്യാക്കാരുടെ ചുമലിലേക്കു ദുർഭരണം നടത്തുന്നതുകൊണ്ടുള്ള അപമാനത്തെ കൈമാററംചെയ്യുന്നതാകുന്നു. അതേസമയംതന്നെ ആ ബ്രിട്ടീഷ്ഗവർമ്മെൻറു രംഗത്തിനു പിന്നിൽനിന്നു അത്തരം ഇന്ത്യാക്കാരെ നിയന്ത്രിക്കുകയും അവരോടു ആജ്ഞാപിക്കുകയും ചെയ്യുന്നതും, ഇന്നത്തെപ്പോലെതന്നെ ഇന്ത്യാക്കാരെസംബന്ധിച്ചിടത്തോളം കൊല്ലിനും കൊലയ്ക്കും ഉള്ള അധികാരം കൈവശംവച്ചുകൊണ്ടിരിക്കുന്നതും ആകുന്നു"

പ്രസിഡൻറു് ഇങ്ങനെ തുടന്നു പ്രസ്താവിച്ചു:—"ഇന്ത്യൻജനതയുടെ ദേശീയാഭിലാഷങ്ങളോടുള്ള ബ്രിട്ടീഷ് ഗവർമ്മെൻറിന്റെ മനോഭാവവും ഉദ്ദേശങ്ങളും എന്താണെന്നു ഈ അടുത്തവർഷങ്ങളിൽ നടന്ന സംഭവങ്ങൾ ഏത്രയും വ്യക്തമാക്കുന്നുണ്ട്. ഇന്ത്യയെ ഏത്രയും മർദ്ദനപരമായി ഭരിക്കുന്നതിനു ഉപയോഗിച്ചതും, ഗവർമ്മെൻറിനു കീഴ്വഴങ്ങി നിന്ന ഒരു നിയമസഭ നിയമമാക്കിയതുമായ ആർഡിനൻസുകളിൽനിന്നും, സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഒരു അക്രമരാഹിത്യപ്രസ്ഥാനത്തെ അടിച്ചമത്തുന്നതിനു ഗവർമ്മെൻറിനു ഏത്രദൂരം പോകുവാൻ കഴിയുമെന്നു മനസ്സിലാകുന്നുണ്ടു്."

കഴിഞ്ഞ കാൺഗ്രസ്സ് സമ്മേളനത്തിനും ഈ സമ്മേളനത്തിനും മദ്ധ്യേയുള്ള സുദീർഘമായ കാലത്തെപ്പററി മി. രാജേന്ദ്രപ്രസാദ് പ്രസ്താവിച്ചു. മൂന്നരസംവത്സരക്കാലത്തെ അവിശ്രാന്തമായ പ്രവൃത്തിയും ക്ലേശാനുഭവങ്ങളും കഴിഞ്ഞിട്ടാണു് തങ്ങൾ ഇപ്പോൾ സമ്മേളിക്കുന്നതെന്നു അദ്ദേഹം പറഞ്ഞു. ഏത്രയും വിഷമകരവും പരിക്ഷീണകരവും ആയ ഒരു ഘട്ടത്തിലാണു് അദ്ദേഹത്തെ കോൺഗ്രസ്സിന്റെ ആദ്ധ്യക്ഷം വഹിക്കുവാൻ ക്ഷണിച്ചിരിക്കുന്നതെന്നദ്ദേഹം വിചാരിക്കുന്നു. അതിനാൽ ഈ സ്ഥാനത്തോടനുബന്ധിച്ചു തന്നിൽ വന്നുചേർന്നിരിക്കുന്ന ഭീമമായ ഉത്തരവാദിത്വം അദ്ദേഹത്തെ പരിഭ്രമിപ്പിക്കുന്നു. ഈ വിശ്വാസപ്രകടനത്തെ അദ്ദേഹത്തോടുള്ള വ്യക്തിഗതമായ ബഹുമതിപ്രകടനമായി അദ്ദേഹം വിചാരിക്കുന്നില്ല. ഈയിടെഉണ്ടായ സമരത്തിൽ തന്റെ ദരിദ്രമായ സംസ്ഥാനംചെയ്ത ചെറുതായ സംഭാവനയോടുള്ള അഭിനന്ദനപ്രകടനമായിട്ടാണു അദ്ദേഹം ഇതിനെ കരുതുന്നതു്. ഈയിടെ ആ സംസ്ഥാനത്തിനുണ്ടായ നിസ്സീമമായ അത്യാഹിതത്തിൽ വേണ്ടത്ര അനുഭാവം രാജ്യത്തിൽനിന്നു മുഴുവൻ സമ്പാദിക്കുവാനുള്ള ഭാഗധേയവും അതിനുണ്ടായിട്ടുണ്ടു്.

കഴിഞ്ഞ പതിനഞ്ചുവർഷമായിനടന്ന കാൺഗ്രസ്സ്പ്രസ്ഥാനത്തിന്റെ പ്രവത്തനങ്ങളെ സംക്ഷിപ്തമായി പരാമർശിച്ചശേഷം അദ്ദേഹം ഗവമ്മെൻറിന്റെ സാമ്പത്തികനയത്തെ വിശകലനംചെയ്തു സാമ്പത്തികാധഃപതനകാലത്തു് ഗവമ്മെൻറിന്റെ ഉദ്ദേശം ഒന്നാമതയായി ഗവർമ്മെൻറു് ഇങ്ങനെ തുടൻപോകണമെന്നും, രണ്ടാമതായി കഴിയുന്നത്ര ഇംഗ്ലീഷു സാമാനങ്ങൾക്കു ഇന്ത്യയിലുള്ള കമ്പോളത്തെ വിശാലമാക്കണമെന്നുംഉള്ളതു് മാത്രമായിരുന്നുവെന്നദ്ദേഹം പറഞ്ഞു. ബാക്കികാര്യങ്ങളിൽ ഗവമ്മെൻറു് ഒരു സ്വതന്ത്രവാണിജ്യനയമാണു തുടൎന്നതു്. ഈ പ്രശ്നത്തെ അഭിമുഖീകരിക്കുന്നതിൽ ഗവർമ്മെൻറു യാതൊരു ഭാവനാശക്തിയും ഊർജ്ജസ്വലതയും പ്രകടിപ്പിച്ചിട്ടില്ല. ഏത്രയും കഠിനമായ ദുരന്തങ്ങൾക്കു വിധേയരായ ഭാരതീയജനതയ്ക്കു അവർ നൽകിയതു് വാങ്മാത്രമായ അനുഭാവവും നല്ലകാലം വേഗം വന്നുചേരുമെന്നുള്ള പ്രതിജ്ഞയും മാത്രമായിരുന്നു. "ഗവണ്മെൻറിന്റെ വൈദേശികരൂപം ഇതിൽ കൂടുതലായി ഇതിനു മുൻപു് ഒരിക്കലും പ്രത്യക്ഷമായിട്ടില്ല. അതു് ഇതിൽകൂടുതലായി ഇതിനുമുമ്പു ഒരിക്കലും പരിതാപകരമായി ചമഞ്ഞിട്ടുമില്ല."

വിദേശങ്ങളിലെ ഇന്ത്യാക്കാരുടെ നിലയെ പരാമർശിച്ചുകൊണ്ടു അദ്ദേഹം പറഞ്ഞതു് ബ്രിട്ടീഷ്സാമ്രാജ്യത്തിലെ കോളനികളിൽ അവരോടുള്ള പെരുമാററം അതിദീർഘകാലമായി നിലനില്ക്കുന്ന ഒരു ന്യായമായ പരാതിയാണെന്നാകുന്നു. സംപൂർണ്ണസ്വാതന്ത്ര്യത്തിനനുകൂലമായി തങ്ങളുടെ മനോഭാവത്തെയും അഭിപ്രായത്തെയും പരിവത്തനംചെയ്യുന്നതിൽ ആ വസ്തുതപ്രധാനകാരണമായിരുന്നിട്ടുണ്ടു്.

പ്രധാനമന്ത്രിയുടെ സമുദായികതീരുമാനത്തെ പരാമർശിച്ചുകൊണ്ടു് അദ്ദേഹംപറഞ്ഞതു് അതിന്റെ ദുഷിച്ച സ്വഭാവത്തെ സംബന്ധിച്ചിടത്തോളം സകല കാൺഗ്രസ്സുകാരുടെ ഇടയിലും ഏകാഭിപ്രായമാണുള്ളതെന്നായിരുന്നു. അതിനെ റദ്ദാക്കുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ സകല കാൺഗ്രസ്സുകാരും ആവശ്യപ്പെടുന്നുണ്ടു്. അതിനായി അവർ ശ്രമിക്കുന്നുമുണ്ടു്. സകലരും യോജിച്ചുള്ള ഒരു തീരുമാനമുണ്ടാക്കുകയാണോ വേണ്ടതു് അങ്ങനെയാണെങ്കിൽ സാമുദായികതീരുമാനം സ്വയമേ നിരാകൃതമാകുമല്ലോ-അതോ ജനങ്ങളിൽ ഒരു വിഭാഗക്കാർ അതിനെ തള്ളിക്കളഞ്ഞിട്ടു മറവുള്ളവരോടുംചേൎന്ന് ഒരു യോജിച്ചുള്ള തീരുമാനമുണ്ടാവാൻ ശ്രമിക്കുകയാണോവേണ്ടതു് എന്നതിനെപ്പററിയെ അഭിപ്രായവ്യത്യാസമുള്ളു. സാമുദായികതീരുമാനത്തെ തള്ളിക്കളഞ്ഞിട്ടു് അതിനെതിരായി പ്രചരണവേല നടത്താതെ ഇരുന്നാൽ യോജിച്ചുള്ള തീരുമാനം സമ്പാദിക്കുവാൻ വൈഷമ്യം കുറയുമെന്നാണു് വക്കിംഗ്കമ്മററി വിചാരിക്കുന്നതു്. എന്നാൽ പണ്ഡിതമാളവ്യയുടെ പദ്ധതികളിൽനിന്നു വിചാരിക്കേണ്ടതു സാമുദായികതീരുമാനത്തെ തള്ളിക്കളഞ്ഞു അതിനെതിരായി പ്രചരണവേല ചെയ്താൽ ഒരു തീരുമാനമുണ്ടാക്കുവാൻ മുസൽമാന്മാരെ പ്രേരിപ്പിക്കുന്നതിനു കൂടുതൽ എളുപ്പം സാധിക്കുമെന്നാകുന്നു. ഈ രണ്ടഭിപ്രായങ്ങളിൽ ഏതാണു സ്വീകരിക്കേണ്ടതെന്നു കോൺഗ്രസ്സ് നിശ്ചയിക്കേണ്ടതാകുന്നു ഇങ്ങനെ തീരുമാനിക്കുമ്പോൾ കാൺഗ്രസ്സിന്റെ പാരമ്പര്യത്തെയും അഭിമാനത്തെയുംപററി ഓത്തിരിക്കേണ്ടതാണു്. ഇന്ത്യയിലെ ഭൂരിപക്ഷസമുദായങ്ങളെ പ്രതിനിധീകരിക്കുന്ന അവസരത്തിൽതന്നെ, ന്യൂനപക്ഷസമുദായങ്ങളെയും സ്വപക്ഷത്തിൽ നിറുത്തുക എന്നതാണു് കാൺഗ്രസ്സിന്റെ ആ പാരമ്പര്യം.

ഏററവും വലുതായ ചില നിർദ്ദേശങ്ങളെ കോൺഗ്രസ്സിനു അഭിമുഖീകരിക്കുവാനുണ്ടു്. കാൺഗ്രസ്സ നേതൃത്വത്തിൽനിന്നു പിൻമാറുവാനുള്ള തന്റെ ഉദ്ദേശത്തെ പ്രഖ്യാപനംചെയ്തുകൊണ്ടു ഗാന്ധിജി പ്രസിദ്ധീകരിക്കുന്ന പ്രസ്താവനയിൽ കഴിഞ്ഞ പതിനഞ്ചുവഷമായി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നാം നടപ്പിൽവരുത്തിയിരുന്ന കാര്യപരിപാടിയിലേ ചില മൌലികമായ സംഗതികളിൽ കാൺഗ്രസ്സിന്റെ അഭിപ്രായമെന്തെന്നു പ്രഖ്യാപനം ചെയ്യണമെന്നാവശ്യപ്പെട്ടിരിക്കുന്നു. 1920 ലെ നാഗപുരി കാൺഗ്രസ്സിൽവച്ചായിരുന്നു കാൺഗ്രസ്സ സിദ്ധാന്തത്തെ മാററിയതു്. ന്യായവും സമാധാനപരവും ആയ മാർഗ്ഗങ്ങളിൽകൂടിയുള്ള സ്വരാജ്യസമ്പാദനമാണു് കാൺഗ്രസ്സിന്റെ ഉദ്ദേശമെന്നു് അവിടെവച്ചാണു് പ്രഖ്യാപനംചെയ്തതു്. അതിനെ 1929-ൽ ലാഹോറിൽവച്ചു കൂടുതൽ സുനിശ്ചിതമായി നിവ്ചിച്ചു സ്വരാജ്യമെന്നതു പൂർണ്ണസ്വരാജ്യവും സംപൂർണ്ണസ്വാതന്ത്ര്യവുമാണെന്നു പ്രഖ്യാപനംചെയ്തു. അതിനുശേഷം കാൺഗ്രസ്സ് അതിന്റെ നിരവധിസമ്മേളന

ങ്ങളിൽവച്ചും, സമസ്തേന്ത്യാ കാൺഗ്രസ്സ്കമ്മററിയും വർക്കിംഗ്കമ്മററിയും പല പ്രമേയങ്ങൾമുഖാന്തരവും, സമാധാനപരാ ന്ന്യായവും എന്നു പറയുന്നതിൻെറ അത്ഥം അക്രമരഹിതവും സത്യവും എന്നാണെന്നു പ്രത്യക്ഷമായും പരോക്ഷമായും പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. പല കാൺഗ്രസ്സുകാരും അക്രമരാഹിത്യത്തെ തങ്ങളുടെ സിദ്ധാന്തമായി സ്വീകരിച്ചിരുന്നില്ലെന്നുള്ളതും, അതിനെ ഒരു നയമായിമാത്രമെ അംഗീകരിച്ചിരുന്നുള്ളുവെന്നതും പരമാത്ഥമാണ് അവരെ സംബന്ധിച്ചതന്നെയും, നയമെന്നു പറഞ്ഞാൽ ഓരോ ദിവസത്തെയും അടിയന്തിരമായ പരിതഃസ്ഥിതി അനുസരിച്ചു മാറുക എന്നത്ഥമായിരുന്നില്ല. എന്നാൽ പരിതഃസ്ഥിതികളിൽ എത്രയുംഉത്തമമായിട്ടുള്ളതും കാൺഗ്രസ്സ് വ്യതിചലിക്കാതെ തങ്ങളും മാറുകയില്ല എന്നു നിശ്ചയിച്ചിരിക്കുന്നതുമായ നിരന്തമായ ഒരു പദ്ധതിയായിരുന്നുഅതു്. രാജ്യം മുഴുവനും, കാൺഗ്രസുകാർ വിശേഷിച്ചും, അക്രമം പ്രവത്തിക്കുവാൻ എത്രയും വലുതായ പ്രചോദനം ഉണ്ടായിട്ടും അനിഷേധ്യമാംവിധംഅക്രമരാഹിത്യം പാലിച്ചുവെങ്കിലും,- കടുത്തമർദ്ദനംനടന്നുകൊണ്ടിരുന്ന കഴിഞ്ഞ 5 വഷത്തിനിടയിൽ വിശേഷിച്ചുംമഹാത്മജിയുടെ ഉപദേശങ്ങളുടെ യഥാത്ഥമനോഭാവത്തെയും സിദ്ധാന്തങ്ങളെയും പൂണ്ണമായി മനസ്സിലാക്കാത്ത നിരവധി കാൺഗ്രസ്സുകാർ ഉണ്ടെന്ന വസ്തുതയെ നിഷേധിക്കുവാൻ നിവൃത്തയില്ല. പെരുമാററത്തിൽ അക്രമരാഹിത്യം പാലിച്ചുവെങ്കിലും വിചാരത്തിൽ അക്രമരാഹിത്യമുണ്ടെന്നു ഭാവിക്കുകകൂടി ചെയ്യാത്ത നിരവധി ആളുകൾ അവരുടെ ഇടയിലുണ്ട്. അക്രമത്തിനു എത്ര വലുതായ പ്രേരണയുണ്ടായിട്ടും അവർ ഗവമ്മെൻറിൻെറ ഏജൻറന്മാരോടുള്ള പെരുമാററത്തിൽ മാതൃകായോഗ്യമായ അക്രമരാഹിത്യം പാലിച്ചുവെങ്കിലും തങ്ങളുടെ സ്വന്തം പ്രവത്തകരുടെ നേരെ അവർ അക്രമം പ്രവത്തിച്ചിട്ടുണ്ടെന്നുള്ളതും നിർഭാഗ്യകരമായ ഒരു വസ്തുതയാകുന്നു. ഈയിടെയായി കാൺഗ്രസ്സ തെരഞ്ഞെടുപ്പുകൾ സംബന്ധിച്ചു ന്യായമെന്നോ സമാധാനപരമെന്നോ ഒരിക്കലും പറയുവാൻ നിവൃത്തിയല്ലാത്തരീതിയിൽ കാൺഗ്രസ്സുകാർ പെരുമാറിയതായി പത്രങ്ങളിൽ റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. ഇതെല്ലാംനമിത്തം ഹൃദയശോധനനടത്തിയിട്ട്, സത്യവും അക്രമരാഹിത്യവും അംഗീകരിച്ചിരിക്കുന്നു എന്നു പറയുന്നതു് വെറും വാക്കിൽമാത്രമല്ലെ എന്നു ചോദിക്കേണ്ടിയിരിക്കുന്നു. മഹാത്മാഗാന്ധി പ്രസിദ്ധീകരിച്ചിരിക്കുന്ന സ്റ്റേറ്റുമെൻറിൽ ഈ മൗലികമായ പ്രശ്നം കൊണ്ടുവന്നിരിക്കുന്നു. കാൺഗ്രസ്സ് സ്വന്തം സിദ്ധാന്തത്തിലുള്ള വിശ്വാസത്തെ വീണ്ടും അംഗീകരിച്ചു വീണ്ടും പ്രഖ്യാപനംചെയ്യുന്നുവെങ്കിൽ അതു പ്രയോഗത്തിൽകൂടി വരുത്തണമെന്നുള്ള കൂടുതൽ ദൃഢമായ നിശ്ചയത്തോടുകൂടിമാത്രമായിരിക്കണം

വർക്കിംഗുകമ്മററി സ്വീകരിച്ചിരിക്കുന്ന സൃഷ്ടിപരമായ പരിപാടിയും കറാച്ചിയിൽ വച്ചു് അംഗീകൃതമായ സാമ്പത്തികപരിപാടിയും തൃപ്തികരമായി പ്രവൃത്തിയിൽ കൊണ്ടുവരുവാൻ ശ്രമിച്ചാൽ അതു പ്രവത്തകരുടെ മുഴുവൻസമയവും ആവശ്യമുള്ളതായിരിക്കും. അങ്ങനെയായാൽ ആ പ്രവത്തനം നമ്മുടെ ലക്ഷ്യത്തിലേക്കു നമ്മെ കൊണ്ടുപോകയും ചെയ്യും. അതിനാൽ എത്രയും അത്യാവശ്യകമായിരിക്കുന്നതു ഇവകൾ സത്യബോധത്തോടെ സ്വീകരിക്കുകയും, ഊജ്ജിതത്തോടെ പ്രവൃത്തിയിൽ കൊണ്ടുവരികയും ചെയ്യണമെന്നുള്ളതു മാത്രമാകുന്നു.

കാൺഗ്രസ്സ്ഭരണഘടനയിലെ നൂൽനൂൽപ്പുനിയോജകതത്തെ പരാമർശിച്ചു അദ്ദേഹം പറഞ്ഞതു്, അതു സാമാന്യജനങ്ങളെയും അഭ്യസ്തവിദ്യരെയും ബന്ധിക്കുന്ന ഒരു ശൃംഖലയാണെന്നാകുന്നു എന്നാൽ പ്രതിനിധികൾക്കു അതു സ്വീകാര്യമല്ലാതെയിരുന്നാൽ അതിനെ തള്ളിക്കളയേണ്ടതാണു്.

ഗാന്ധിജി കാൺഗ്രസ്സിൽനിന്നും പിന്മാറുവാൻ ഉദ്ദേശിക്കുന്നതിനെ അദ്ദേഹം പരാമർശിച്ചു ഗാന്ധിജിയുടെ വ്യക്തിമാഹാത്മ്യത്തെ പരിഗണനാപരിധിയിൽനിന്നും ഒഴിച്ചുനിത്തിയിട്ട്, അദ്ദേഹത്തിൻെറ നിർദ്ദേശങ്ങളെപ്പററി പരിചിന്തിക്കുവാൻ അദ്ദേഹം പ്രതിനിധികളോടാവശ്യപ്പെട്ടു. മി. രാജേന്ദ്രപ്രസാദ് ഇങ്ങനെ പറഞ്ഞു: "മനസ്സിൽ പൂണ്ണസമ്മതംകൂടാതെയും അവയിൽ വിശ്വാസമില്ലെങ്കില്ലും കാൺഗ്രസ്സിൻെറ നയവും പരിപാടിയും നയിക്കുവാൻ അദ്ദേഹം വേണമെന്നു വിചാരിച്ചും, അവയ്ക്കുവേണ്ടി നിങ്ങൾ വോട്ടുചെയ്താൽ അതു് രാജ്യത്തിനോ അദ്ദേഹത്തിനോ നിങ്ങൾ ചെയ്യുന്ന സേവനമാകുകയില്ല. ഗവണ്മെൻറിൻെറ എതിപ്പുകൊണ്ടോ, പരസ്യമായി അദ്ദേഹത്തെ എതിക്കുന്നവരുടെ എതിപ്പുകൊണ്ടോഅല്ല അദ്ദേഹത്തിൻെറ മഹനീയമായ വ്യക്തിമാഹാത്മ്യംനാശപ്പെടുകയുംപരിമിതമാകുകയും അദ്ദേഹത്തിൻെറ മഹാശക്തികൾനിഹനിക്കപ്പെടുകയും ചെയ്യുന്നതു്. പിന്നെയൊ, അദ്ദേഹത്തെ പിൻതുടരുന്നവരെന്നഭിമാനിക്കുന്നവരുടെ വിശ്വാസലോപവും പ്രവൃത്തിശൂന്യതയുംകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതു്. ഈ വേർപാടു നമ്മെ ശക്തിപ്പെടുത്തുന്നതിനും സഹായിക്കുന്നതിനുമാണെന്നും, അല്ലാതെ നമ്മെദുർബലപ്പെടുത്തുന്നതിനും തടസ്സപ്പെടുത്തുന്നതിനും അല്ലെന്നും എനിക്കു നിശ്ചയമുണ്ടു്."

പ്രസംഗം ഉപസംഹരിച്ചുകൊണ്ടു് അദ്ദേഹം ഇങ്ങനെ പ്രസ്താവിച്ചു. "ഇന്നു സിവിലാജ്ഞാലംഘനപ്രസ്ഥാനം നിലവിലിരിക്കുന്നില്ല വൈററുപേപ്പറിനേയും ഗവമ്മെൻറിൻെറ മർദ്ദനനയത്തെയുംപററി ഒരു അഭിപ്രായം രാജ്യത്തിനു രേഖപ്പെടുത്തുവാൻ അവസരം നൾകത്തക്ക വിധത്തിൽ ലെജിസ്ലേററീവ് അസംബ്ളിയിലേക്കുള്ള തിരഞ്ഞെടുപ്പുകളിൽനിന്നു പൊരുതുവാൻ കാൺഗ്രസ്സ്കമ്മിററി നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. നിയമസഭയിൽ നാം പ്രവത്തിക്കുന്ന എന്തെങ്കിലുംകൊണ്ടു സ്വരാജ്യലബ്ധി ഉണ്ടാകുമെന്ന ആശയാൽ നാം നിതരാകാതിരിക്കട്ടെ. അതിനാൽ നമുക്കു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മുൻപായി അതിനുള്ള വില കൊടുക്കുകതന്നെ വേണമെന്നു നാം ഓർമ്മിച്ചിരിക്കേണ്ടതാണു്. ഇതുവരെച്ചെയ്ത പ്രവൃത്തികളെപ്പററിയും ഇതുവരെ രാജ്യം അനുഭവിച്ച കഷ്ടതകളെപ്പററിയും അഭിമാനിക്കുവാൻ നമുക്കു വേണ്ടത്രകാരണമുണ്ടെങ്കിലും നമ്മുടെ മഹനീയലക്ഷ്യപ്രാപ്തിക്കു ഇതു ഇനിയും അപര്യാപ്തമായിട്ടാണിരിക്കുന്നതു്. നാം കയ്യേററെടുത്തിരിക്കുന്ന കത്തവ്യം മഹനീയവും പ്രശസ്തവുമാകുന്നു അതിനു വലുതായ ക്ഷമയും അചഞ്ചലമായ നിശ്ചയവും അനന്തമായ ത്യാഗവും ആവശ്യമാണു്. കാലവും ലോകശക്തികളും നമ്മെ സഹായിക്കുന്നു സർവോപരി നിരായുധരായി, സത്യഗ്രഹം, സത്യം, അക്രമരാഹിത്യം എന്നീ ആയുധങ്ങളോടുകൂടി, സയൻസും മനുഷ്യൻെറ ബുദ്ധിശക്തിയും കണ്ടുപിടിച്ചിട്ടുള്ള ഏററവും ആധുനികമായ നശീകരണയന്ത്രങ്ങളോടുകൂടി ആയുധസജ്ജീകരണം നടത്തിയിരിക്കുന്ന ഏററവും ശക്തിയുള്ള ഒരു ഗവമ്മെൻറിനോടു യുദ്ധം ചെയ്യുന്ന ജനതയുടെ ലോകോത്തരമായ ഈ സമരത്തിൽ ദൈവവും നമ്മുടെ വശത്തുണ്ടു്".

നമ്മെ സംബന്ധിച്ചിടത്തോളം തിരിഞ്ഞു പിന്നോക്കം പോവുക എന്നതുണ്ടാകയില്ല. നമ്മുടെ ലക്ഷ്യം എത്രയും വ്യക്തമാകുന്നു. അതു സ്വരാജ്യത്തിൽ കുറവായിയാതൊന്നുമില്ല. നമ്മുടെമാർഗ്ഗവും സ്ഫടികതുല്യം വിശദമാകുന്നു.

ചെറുകഥാപംക്തി·

ആ നമസ്കാരം

ഒരു യഥാർത്ഥസംഭവം *

വെംകുളം ജീ. പരമേശ്വരൻപിള്ള.

അദ്ധ്യാപനപരിശീലനാർത്ഥം തിരുവനന്തപുരത്തുവന്നുതാമസിക്കുന്നനാരായണപിള്ളനാരായണപിള്ളയെപ്പോലെ ഒരു അരസികനെ കാണുന്നതു വളരെ അപൂർവ്വമാണ്. തല കോതുകയൊ, എണ്ണപുരട്ടുകയൊ, രസികവസ്ത്രം വല്ലപ്പോഴുമെങ്കിലും ധരിക്കുകയോ ചെയ്യാതിരിക്കുന്നതു പോകട്ടെ; സിഗററ്റു,പൊടി, ചായ, ബീഡിതുടങ്ങിയ അല്പോപദ്രവലഹരിസാധനങ്ങൾ ഉപയോഗിക്കാതിരിക്കുന്നതും ഒരു സൽഗുണമായിത്തന്നെ കരുതിയേക്കാം. എന്നാൽ വനിതാവർഗ്ഗത്തിനോട് പൊതുവേയും യുവതികളോടു പ്രത്യേകിച്ചും ഒരു വിരസത പ്രകടിപ്പിച്ചുപോരുന്നതാണ് അസഹ്യമായിരിക്കുന്നത്. "സ്ത്രീയുടെ പാദങ്ങളിന്മേലല്ലാതെ മുഖത്തുനോക്കരുത്" എന്നിങ്ങനെ തന്റെ ബ്രഹ്മചാരിശിഷ്യന്മാർക്ക് ശ്രീരാമകൃഷ്ണദേവൻ നൽകിവന്നിരുന്ന ഉപദേശം ഇദ്ദേഹവും സ്വീകരിച്ചുവന്നതു് ലോകബോദ്ധ്യത്തിനായല്ല എന്നുള്ളതു നാരായണപിള്ളയെ പരിചയമുള്ള സകലർക്കും അറിവുള്ള വസ്തുതയാണു. ജന്മനാതന്നെ നാരായണപിള്ള ഒരു സ്ത്രീവിരോധിയാകുന്നു എന്നേ പറയാനുള്ളു.

ഈ അദ്ധ്യാപകയുവാവിന്റെ വസതിക്കടുത്തായിരുന്നു സരോജവും അവളുടെ അമ്മയും താമസിച്ചിരുന്നതു്. ആകർഷകമായ സൌന്ദര്യവിലാസസമൃദ്ധിയും, 25000-ത്തിന്റെ വക ഓഹരിക്കുവരുന്ന സ്വത്തും 5 ഫാറം വരെയുള്ള വിദ്യാഭ്യാസവും സരോജത്തിനെ സംബന്ധിച്ചു എടുത്തുപറയേണ്ടതായിട്ടുള്ള വസ്തുതകളാണെങ്കിലും, നിഷ്കളങ്കതയുടേയും സന്മാർഗ്ഗനിഷ്ഠയുടേയും പാരമ്യം പൂണ്ടിരുന്ന ആ ബാലിക അവയെ നിസ്സാരമായിട്ടേ പരിഗണിച്ചിട്ടുണ്ടായിരുന്നുള്ളു. നിസ്സാരസംഗതികളിൽ ഇടപെടാതെയും കുടുംബമഹത്വം സദാ ഓർത്തും കഴിഞ്ഞുകൂടിയിരുന്നതിനാൽ ഗൗരവസമന്വിതമുള്ള ഒരു മഹിമാവിശേഷം ആ പെൺകുട്ടിയുടെ മുഖത്തു വിളയാടിക്കൊണ്ടിരുന്നു.

നാരായണപിള്ളയെ കണ്ടതുമുതല്ക്കേ അയാളിൽ കുതുകമതിയായിത്തീർന്നിരുന്ന സരോജത്തിന്റെ സ്നേഹകല്യ ക്രമേണ അനുരാഗഗംഗയായി രൂപാന്തരം പ്രാപിച്ചുപോയതു വിധിവിഹിതമെന്നല്ലാതെ മറെറന്തുപറയട്ടെ? സ്വത്തും വിദ്യാഭ്യാസവും ധാരാളമുള്ള അനവധി യുവാക്കന്മാർ തിരുവനന്തപുരം നഗരത്തിൽ ഉണ്ടായിരുന്നിട്ടും, അവരിൽ ആരിലും ഇവളുടെ ഹൃദയംപതിക്കാതെ എങ്ങാണ്ടോ നിന്നു വന്നു വിട്ടുതിവീട്ടിൽ താമസിക്കുന്ന ദരിദ്രനും വെറും ഒരു ഹയർ കാരനും മലയാളംപള്ളിക്കൂടം വാദ്ധ്യാരും ആയ നാരായണപിള്ളയിൽ പതിക്കാനിടവന്നതിനുള്ള കാരണം അജ്ഞാതമായിട്ടാണിരിക്കുന്നതു്.


എല്ലാദിവസങ്ങളിലും "സരോജഭവന"ത്തിനു മുൻവശത്തുകൂടി സ്ക്കൂളിലേക്കു പോകുന്ന നാരായണപിള്ളയെ കാണുന്നതു തന്നെയാണു അവൾക്കു നയനോത്സവം; അയാളുടെ അരസികതയും അനാകർഷകത്വവും ചിന്തിക്കുന്നതു തന്നെയാണു സരോജത്തിനു പരമാനന്ദം. അയാളുമായി ഭാവിജീവിതം നയിക്കുന്നതിനു സംഗതിയാകുന്നതുതന്നെയാണു മഹാഭാഗ്യമായി ആ പെൺകുട്ടിക്കു തോന്നിയിരുന്നതു്. ഇങ്ങനെ ഇവളുടെ ഈ അദൃശ്യാനുരാഗകോരകം ദിനംപ്രതി അല്പാല്പം വിടർന്നുകൊണ്ടിരുന്നു.

II

തിരുവനന്തപുരത്തു താമസമാക്കിയിട്ടു മാസങ്ങൾ ആറുകഴിഞ്ഞു എങ്കിലും, സരോജം എന്നൊരു മോഹനബാലിക തന്റെ അയൽപക്കത്തു താമസമുണ്ടെന്നോ, അവൾ തന്നിൽ അനുരക്തയായി കഴിഞ്ഞുകൂടുന്നുണ്ടെന്നോ ഉള്ള വസ്തുത നാരായണപിള്ള അറിഞ്ഞിട്ടേയില്ല. ട്രയിനിംഗ്സ്ക്കൂളായി, നോട്ടെഴുത്തായി, പുസ്തകവായനയായി. അങ്ങനെ അന്യരോടു ആരോടും അധികമായി ഇടപെടാതെ അടങ്ങി ഒതുങ്ങി കഴിഞ്ഞുകൂടുന്നു ആ പഴഞ്ചൻ. അഥവാ തന്നിൽ പ്രാണാധികപ്രേമവതിയായി ഒരു തരുണീമണിയുണ്ടു എന്നു അറിഞ്ഞാൽ പോലും അയാൾ എന്തുചെയ്യാനാണു? എട്ടുകാശിന്റെ കടലാസ് ഒരിക്കൽ കടയിൽനിന്നു വാങ്ങിച്ചതൊ രാവിലെ, രണ്ടു ദോശ തിന്നതോ ആയ ഒരു സംഭവത്തിനു നാം എത്ര പ്രാധാന്യം കൊടുക്കുമോ അത്തരത്തിൽ മാത്രമെ അയാൾ അതിനെ ഗണിക്കുകയുള്ളൂ എന്നതു തീർച്ചതന്നെ.

സരോജത്തിന്റെ മനോഗതിക്കു വന്നുചേർന്ന പരിവർത്തനം മാതാവായ കല്യാണിഅമ്മ കണ്ടുപിടിച്ചു. മകളുടെ മനസ്സിനെ ആ ദരിദ്രനിൽനിന്നു മാററുന്നതിലേക്കു നാരായണപിള്ളയുടെ ദൂഷ്യങ്ങളായി ചിലതുണ്ടാക്കി സന്ദർഭാനുസരണമെന്നോണം മാതാവുപറഞ്ഞുകേൾപ്പിച്ചു എങ്കിലും അതുകൊണ്ടു ഒരു ഫലവും ഉണ്ടായില്ല. പ്രഹ്ലാദചിത്തത്തിനെ വിഷ്ണുവിൽനിന്നു മാററുവാനായി ഹിരണ്യാസുരൻ ചെയ്ത പ്രയത്നങ്ങളുടെ നിഷ്ഫലതയും വിപരീതാനുഭവവും ഇക്കാര്യത്തിലും ഉണ്ടാകുന്നുണ്ട് എന്നുകണ്ടപ്പോൾ, മകളുടെ അഭീഷ്ടത്തിനു വഴങ്ങുന്നതുതന്നെ ഉത്തമമെന്നു കല്യാണിഅമ്മ തീർച്ചപ്പെടുത്തി നാരായണപിള്ളയുടെ ദാരിദ്ര്യവും അരസികതയും, ഉൽകൃഷ്ടവിദ്യാഭ്യാസാഭാവവും എല്ലാം തങ്ങളുടെ സമ്പത്തുകൊണ്ടു പരിഹരിച്ചുകളയാമെന്നു അവർ ആശിച്ചു. ഉദ്ദേശ്യസിദ്ധിക്കായി ഒരു ദൂതനെ നാരായണപിള്ളയുടെ അടുക്കലേക്കു കല്യാണിഅമ്മ പറഞ്ഞയച്ചു. അപ്പോഴല്ലേ കഥ മനസ്സിലാവുക! വൈവാഹികബന്ധത്തൽ കുരുങ്ങി തന്റെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുവാൻ ആ സ്ത്രീവിദ്വേഷിക്കു തീരെ സമ്മതമില്ലത്രെ! മലയാളംസ്ക്കൂൾ അദ്ധ്യാപകന്മാർക്കു മാസശമ്പളം കുറവായാലെന്തു്? 25000-ത്തിന്റെ മാത്രമല്ല 50000 ത്തിന്റെ സ്വത്തുപോലും ഒരു കാമനീമണിയോടൊന്നിച്ചു പരിത്യജിക്കുവാ

* ഇതൊരു ചെറുകഥയല്ല, യഥാർത്ഥസംഭവം ആകുന്നു. ഇതിലെ വാസ്തവചരിത്രം ഒരു സ്നേഹിതൻ എന്നെ പറഞ്ഞുകേൾപ്പിച്ചിട്ടു മാസങ്ങൾ ഏതാനും കഴിഞ്ഞു എങ്കിലും അതു ദിനംപ്രതി എന്റെ ഹൃദയത്തിൽ രൂഢമായി പതിഞ്ഞുകൊണ്ടിരിക്കുന്നതിനാൽ ഇപ്രകാരം കടലാസിൽ കാണിക്കുന്നു എന്നേയുള്ളു. സംഭവവിവരണത്തിന്റെ അരസികതയിൽ വിരസതതോന്നുന്ന വായനക്കാർ ഇതിലെ ഓരോ വരിയും എത്രയും പരമാർത്ഥമായുള്ളതാണ് എന്നോർത്തു സമാധാനപ്പെട്ടുമെന്നു വിശ്വസിക്കുന്നു.



വള്ളത്തോൾ സെലാററാർ സന്ദർശിച്ചപ്പോൾ സെലാററാർ മലയാളികൾ അദ്ദേഹത്തെ അനുമോദിക്കാൻ കൂടിയ മഹായോഗം. മലയായിൽ ഇത്ര അനേകം മലയാളികൾ സമ്മേളിച്ച ഒരു യോഗം മുമ്പു നടന്നിട്ടില്ല.

Courtesy, P. Narayanan, Naval Base, Singapore.

ൻ സന്നദ്ധതയുള്ള ത്യാഗിവര്യന്മാരും അവരുടെ കൂട്ടത്തിൽ അപൂർവമായി ഇല്ലാതില്ല!

സരോജത്തിന്റെ ദൃഢാനുരാഗനിപാതവും അവളുടെ ഹൃദയം തുറന്നുള്ള അപേക്ഷയുംനിമിത്തം കല്യാണിഅമ്മ ഒന്നല്ല രണ്ടല്ല പലപ്രാവശ്യം നാരായണപിള്ളയുടെ അടുക്കൽ 'ദൂതാള'നെ അയക്കുവാൻ നിർബന്ധിതയായിത്തീർന്നു. എന്നിട്ടും അങ്ങുള്ളിലേതും പ്രസാദമുണ്ടായില്ല. തന്റെ ദരിദ്രജീവിതത്തോട് ആ സമ്പന്നയുടെ ജീവിതത്തെ യോജിപ്പിക്കേണ്ടെന്നായിരുന്നു അയാളുടെ വാദം. നാരായണപിള്ളയുടെ തിരസ്കരണവും സരോജത്തിന്റെ നിശ്ചയശക്തിയും ഒന്നിനൊന്നു വർദ്ധിച്ചുകൊണ്ടിരുന്നു ഈ മലയാളംപള്ളിക്കൂടം വാദ്ധ്യാരെക്കാൾ പലവിധത്തിലും യോഗ്യനായ ഒരാളെ ലഭിക്കുകയെന്നുള്ളതു എത്രയും എളുപ്പമായിരിക്കെ, ഈ പെൺകുട്ടിയുടെ ഹൃദയം ഈ വിധത്തിൽ പരിണമിച്ചതു് കാമോൽഭൂതമായ ഒരു വികാരത്തിന്റെ മർദ്ദനംകൊണ്ടല്ലെന്നുള്ളതു നിശ്ചയം. മന്മഥവികാരം എന്താണെന്നു 15 വയസ്സുതികയാത്ത സരോജം അറിഞ്ഞിട്ടുപോലുമില്ലല്ലൊ. വിശുദ്ധപ്രേമാമൃതസാന്നിദ്ധ്യത്താൽ മഹത്തമമായിത്തീർന്നിട്ടുള്ള സരോജത്തിന്റെ ഹൃദയസരോജം എത്ര കാമ്യവും മോഹനവും ആയുള്ളതാണെന്നു ആ അരസികനാരായണപിള്ള അറിഞ്ഞിട്ടുണ്ടായിരുന്നു എങ്കിൽ! എന്നാൽ എനിക്കു ഈ ചരിത്രം എഴുതാൻ തന്നെ സംഗതിയാകുന്നതല്ലായിരുന്നു.

III

നാരായണപിള്ളയുടെ ട്രെയിനിംഗ്‌കോഴ്സ് അവസാനിക്കാറായതോടുകൂടി സരോജത്തിന്റെ അത്യുല്ക്കണ്ഠയും, തുടർന്ന ചിന്താസന്താപവും വർദ്ധമാനമായിത്തീർന്നുതുടങ്ങി. വിടിർന്നുവരുന്ന മുല്ലമൊട്ടിനു അനലജ്വാല തട്ടിയാലുള്ള ഫലം അവളുടെ ശരീരത്തിലും പ്രത്യക്ഷപ്പെട്ടുവന്നു അതു വാടിക്കരിഞ്ഞുതുടങ്ങി ആധിവിവശയായിത്തീർന്ന മാതാവു തന്റെ ഒരേ ഒരു പൊന്നോമനപ്പുത്രിയുടെ ജീവിതസൌഭാഗ്യലബ്ധിക്കായി, ലജ്ജയെന്യേ വീണ്ടും ഒരു ദൂതാളിനെ അയച്ചു് നാരായണപിള്ളയുടെ വജ്റഹൃദയത്തിനു് അലിവുവരുത്താൻ ശ്രമം ചെയ്തു. നാരായണപിള്ളയുടെ ജീവിതത്തിനു എന്തെല്ലാം സൌഭാഗ്യങ്ങൾ വരുത്താൻ ഈ ലോകത്തു തന്നെക്കൊണ്ടു സാധിക്കുമോ അതു മുഴുവനും ചെയ്തുകൊടുക്കാൻ കല്യാണിഅമ്മ സന്നദ്ധയാണെന്നും, അയാളിലുള്ള ദൃഢാനുരാഗംകൊണ്ടു മാത്രം ദുഃഖാബ്ധിമദ്ധ്യസ്ഥിതയായി അകാലചരമം പ്രാപിക്കാൻ പോകുന്ന ഒരു നിഷ്കളങ്കബാലികയുടെ ജീവിതം ഓർത്തെങ്കിലും അവളെ വിവാഹം കഴിക്കേണ്ടതാണെന്നും ആ ദൂതനായ കൃഷ്ണനുണ്ണിത്താൻ അയാളെ പറഞ്ഞു കേൾപ്പിച്ചു. തന്നെ ഹൃദയംഗമമായി സ്നേഹിക്കുന്ന ഒരു തരുണീമാണിക്യവുമായി ജീവസന്ധാരണം ചെയ്യുന്നതു പരമാനന്ദസന്ദായകമായിരിക്കുമെന്നു അയാൾ വർണ്ണിച്ചു, വെറും പ്രേമത്തിന്നായി മാത്രം അയാളെ സ്നേഹിക്കുന്ന ബാലികയുടെ പാവനതയെ അയാൾ ചൂണ്ടിക്കാണിച്ചുവിസ്തരിച്ചു.

ഇത്തവണ സംഗതി ഫലിച്ചിരിക്കുന്നു. അയാളുടെ ഹൃദയാന്തർഭാഗത്തു എങ്ങോ ഒരു കോണിൽ നിഗൂഢമായി നിക്ഷേപിച്ചിട്ടുണ്ടായിരുന്ന സ്നേഹാർദ്രത അല്പം ഒന്നുയർന്നുവന്നു നാരായണപിള്ളയെ കടാക്ഷിച്ചു. സരോജമന്ദിരത്തിൽ ഒന്നു കടക്കാനും അവളുമായി ഒന്നു സംസാരിക്കാനുംതന്നെ അയാൾ ഒടുവിലായി നിശ്ചയിക്കുകയുണ്ടായത്രെ സ്വസ്നേഹിതനോടു അയാൾ ആ വിവരം പറഞ്ഞയയ്ക്കുകയും ചെയ്തു.

അടുത്ത ഞായറാഴ്ച പകൽ രണ്ടുമണിസമയത്തു സ്നേഹിതദൂതനാൽ അനുഗമനം ചെയ്യപ്പെട്ടുകൊണ്ടു നാരായണപിള്ള "സരോജഭവന"ത്തിൽ പ്രവേശിച്ചു. വീട്ടിനകത്തു പ്രവേശിച്ചതോടുകൂടി കൃഷ്ണനുണ്ണിത്താൻ ആ വീട്ടുകാരനായി, കൂട്ടുകാരനെ വേണ്ടവിധം സല്ക്കരിച്ചു. കല്യാണിഅമ്മ ബഹുമാനാഹ്ളാദങ്ങളോടുകൂടി സ്വപുത്രീകാമുകനെ സൽക്കരിച്ചു. ഇത്ര അധികം നാൾ അടുത്തടുത്തു താമസിച്ചിട്ടും അങ്ങോട്ടൊന്നു കടക്കാഞ്ഞതിൽ അവർ സ്നേഹപരിഭവവചനങ്ങൾ പുറപ്പെടുവിച്ചു. ഇങ്ങനെ അവർ ഉത്സാഹസമേതം പലതും സംഭാഷണം ചെയ്തുകൊണ്ടിരുന്നു. അതെല്ലാം അടുത്തമുറിയുടെ വാതിലിന്നരികെ മറഞ്ഞുനിന്നു സരോജം കേൾക്കുന്നുണ്ടായിരുന്നു നാരായണപിള്ളയെ എങ്ങനെ എങ്കിലും സ്വാധീനപ്പെടുത്തണമെന്നു കരുതി കല്യാണിഅമ്മ പുത്രീഹൃദയഗതിയെപ്പററിയുംമററും ഭാവിമരുമകനോടു തുറന്നുപറയുകയുണ്ടായി. അതെല്ലാം കേട്ടുകൊണ്ടിരുന്നിട്ടും അനുകൂലമായ ഒരു ഭാവത്തിന്റെ ശകലം പോലും നാരായണപിള്ളയിൽ പ്രത്യക്ഷപ്പെട്ടില്ല. തന്റെ എളിയ ജീവിതംഓർത്തു ആ സാധു ഇപ്പോഴുംവിഷമിക്കുന്നുണ്ടാകാം. സ്വകാമുകന്റെ മനസ്സിനു മാററമൊന്നും ഉണ്ടാകുന്നില്ലെന്നു കണ്ടിട്ടു അത്യന്തം ഖിന്നയായിത്തീർന്ന സരോജം ദീർഘശ്വാസം വിട്ടു. ദേഹമാസകലം വിയർത്തു. അയാളിൽനിന്നു അനുകൂലമായ ഒരു വാക്കെങ്കിലും പുറപ്പെടണേയെന്നു അവൾ ഹൃദയംഗമമായി സർവ്വേശ്വരനോടു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഇത്രയുമായിട്ടും നാരായണപിള്ളയുടെ ഹൃദയകാഠിന്യമോ അരസികതയോ ഓർത്തു പിൻതിരിയാനല്ല, അയാളെ ബഹുമാനിക്കാനത്രെ അവൾക്കു ഇപ്പോഴും തോന്നുന്നതു്.

വരുന്നതുവരട്ടെ എന്നുകരുതി സരോജം മുറിക്കകത്തുനിന്നു മന്ദംമന്ദം പുറത്തിറങ്ങി. അവൾ നാരായണപിള്ളയുടെ സമീപത്തേക്കു നടക്കുന്നു. ആ ബാലികയുടെ വൈദ്യുതാഭിരാമമായ ശരീരവർണ്ണവും, മനോമോഹനമായ രൂപവിശേഷവും, വസിഷ്ഠമാമുനിയെപ്പോലും വിഭ്രമിപ്പിക്കുവാൻപോരുന്നതായിരുന്നിട്ടും അവ നാരായണപിള്ളയുടെ ദുരഭിമാനഹൃദയത്തിനെ ഭേദിക്കുവാൻ അപര്യാപ്തമായിഭവിക്കുന്നുവൊ? പ്രേമപരവശചിത്തയായി, ഉല്ക്കണ്ഠാകലുഷതനേത്രയായിത്തീർന്ന സരോജമാകട്ടെ; "പ്രാണനാഥാ" എന്നു അഭിസംബോധനചെയ്തുകൊണ്ടുസ്വകാമുകനെ നമസ്കരിച്ചു. മാരചാപലത്തിന്റെ കണികപോലും തീണ്ടിയിട്ടില്ലാത്ത ആ പരമപാവനഹൃദയത്തിനുണ്ടോ ലോകാചാരത്തിനേയും ലോകാപവാദത്തിനേയുംപററി പരിഗണിക്കാൻ സാധിക്കുന്നു!

തീരെ അപ്രതീക്ഷിതമായ ഈ സംഭവം കണ്ടു് സംഭ്രാന്തമതിയായിത്തീർന്നുപോയ നാരായണപിള്ള സരോജത്തിനെപിടിച്ചെഴുന്നേൽപ്പിച്ചു ഒരു കസാലയിലിരുത്തി. പരസ്ത്രീസ്പർശനംകൊണ്ടു പാപപങ്കിലമായിത്തീർന്നിട്ടില്ലാത്ത നാരായണപിള്ളയുടെ കൈകളിൽക്കൂടി വൈദ്യുതപ്രവാഹം എന്നോണം വ്യാപരിച്ച ഒരു ചഞ്ചലത അയാളെ നടുക്കിക്കളഞ്ഞു. സ്വപ്രാണനാഥന്റെ കൈകൾ അതേതരത്തിൽതന്നെയൊരു വിദ്യുൽപ്രവാഹം സരോജശരീരത്തിലും വ്യാപിപ്പിക്കുകയുണ്ടായിയെങ്കിലും, അതു അവളിൽ അവാച്യയായ ഒരു നിർവൃതി ചേർക്കുകയാണു ചെയ്തതു്.

'അമ്മേ ഞാൻ നിങ്ങളുടെ മകളെ വിവാഹംകഴിക്കാൻതന്നെ ഇതാ നിശ്ചയം ചെയ്യുന്നു ഇതുപോലൊരു സ്നേഹകുസുമം ഈ ഭൂലോകത്തു എങ്ങുമില്ലതന്നെ" എന്നു ആ യുവാവു അറിയാതെതന്നെ പറഞ്ഞുപോയി. ആ വാക്കുകൾ അവിടെ കൂടിയിരുന്ന സകലരിലും ആനന്ദാമൃതം ധാരധാരയായി ചൊരിഞ്ഞു. സരോജം ആഹ്ളാദബാഷ്പം വർഷിച്ചുകൊണ്ടിരുന്നു. അവളുടെ ആ നമസ്കാരത്തിനുള്ള ശക്തിഎങ്ങനെ, ആർക്കു് വർണ്ണിക്കാൻ കഴിയും!

IV

സ്നേഹമസൃണമാനസയായി സരോജംസമർപ്പിച്ച ആ നമസ്കാരം നാരായണപിള്ളയുടെ ജീവിതത്തിനു ഒരു ഗംഭീരപരിവർത്തനം തന്നെ ഉണ്ടാക്കിത്തീർത്തു. മീനത്തിലോമേടത്തിലോ വിവാഹം നടത്തത്തക്കവണ്ണംവേണ്ട ഒരുക്കങ്ങൾ ചെയ്തുകൊള്ളാൻ അയാൾ സമ്മതംകൊടുത്തു. തല കോതണമെന്നും



മോർജാനാ.

"ചുചിൻചൗ" എന്ന നാടകത്തിൽ മോർജാനാ എന്ന അടിമയുടെ ഭാഗം അഭിനയിക്കുന്ന പേൾ ആർജിൻ എന്ന പ്രസിദ്ധനർത്തകി.

വിശിഷ്ടവസ്ത്രം ധരിക്കണമെന്നുംമററുമുള്ള ആശ അയാൾക്കുണ്ടായിത്തുടങ്ങി. ആ അനാഘ്രാതപുഷ്പത്തിൻെറ സ്വഭാവമാധുര്യത്തെക്കുറിച്ചു അന്വേഷണം നടത്തുകയോ മററാരോടും ആലോചിക്കയോ ചെയ്യേണ്ട ആവശ്യം ഇല്ലെന്നു അയാൾ സമ്പൂർണ്ണമായി വിശ്വസിച്ചതിനാൽ തൻെറ നിശ്ചയത്തെക്കുറിച്ചു മാതാപിതാക്കന്മാൎക്കും രണ്ടുമൂന്നു ഉററമിത്രങ്ങൾക്കും അയാൾ എഴുതിഅയച്ചു.

അനന്തരം ഒരുദിവസം നാരായണപിള്ള തൻെറ കാമുകിയുമായി ഒന്നു 'സൊള്ള'ണമെന്നു ഉദ്ദേശിച്ചു അവളുടെ ഭവനത്തിൽ കടന്നു. ആ പെൺകുട്ടി അയാളെ കടാക്ഷബാണങ്ങൾ അയച്ചു സൽക്കരിച്ചു. മരുമകനാകാൻപോകുന്നആളിനു കാപ്പി തയാറാക്കിക്കൊടുക്കാനായി കല്യാണിയമ്മ അകത്തേക്കു പോയി, ആകാമിനീകാമുകന്മാരുടെസൈ്വരവിഹാരത്തിനു സ്ഥലം ഒഴിഞ്ഞുകൊടുത്തു. അയാൾ മേശക്കടുത്തുണ്ടായിരുന്ന ഒരു കസേരയിൽ ആസനസ്ഥനായിരിക്കവെ സരോജം ആ മേശക്കടുത്തുനിന്നുകൊണ്ടു വിളറിയ സൌന്ദൎയ്യവും അല്ലാത്ത സ്വഹൃദയനാഥൻെറ ശരീരത്തിൽ കാന്തിപൂരം ദർശിച്ചു അതിനെ നയനങ്ങൾകൊണ്ടു ആസ്വദിച്ചുകൊണ്ടിരുന്നു. അയാളുടെ മനസ്സിനുവന്ന ചേർന്നമാററത്തിൽ ഇനി മാററമുണ്ടാകാതിരിക്കണേയെന്നു അവൾ ആശിച്ചു.

എങ്ങനെയാണു സംഭാഷണമാരംഭിക്കേണ്ടതു എന്ന വിചാരമായി നാരായണപിള്ളക്കു്. സ്ത്രീജനങ്ങളോടു സംസാരിച്ചുശീലമില്ലാതിരുന്ന ആ യുവാവു അല്പസമയം മൌനം അവലംബിച്ചിരുന്നിട്ടു് ഒരു പുഞ്ചിരിയോടുകൂടി ഇപ്രകാരം പറഞ്ഞു:—"സരോജം നല്ലമിടുക്കിതന്നെ; നമസ്കരിച്ചുംകാൎയ്യം സാധിച്ചുകളഞ്ഞല്ലൊ!"

വെറും ഒരു നേരമ്പോക്കായിമാത്രംപറഞ്ഞ ഈ വാക്കുകൾ ഒരു ആത്മാഭിമാനിയുടെ ഹൃദയത്തിനു ഒരു കണ്ടകോടാലിആയിത്തീരുന്നതാണെന്നു ആ ശുദ്ധഹൃദയൻ ഓൎത്തതേയില്ല. ജനങ്ങളോടു ഇടപെട്ടു നല്ല പരിചയമില്ലാത്ത ആളാകയാൽ, ഒരു മൃദുലവിശുദ്ധമാനസയുടെ കൎണ്ണപുടങ്ങളിൽ ഇത്തരംവാക്കുകൾ നേരമ്പോക്കായിട്ടുപോലും പതിപ്പിക്കാൻ പാടില്ലാത്തതാണെന്നു നാരായണപിള്ളക്കു തീരെ അറിഞ്ഞുകൂടായിരുന്നു.

സ്വകാമുകനിൽനിന്നു പുറപ്പെട്ട വചനങ്ങൾ ശ്രവിച്ചമാത്രയിൽതന്നെ സരോജം,
"ഇടിവെട്ടേററൊരുമുല്ലവല്ലിപോൽ
ഝടിതി ക്ഷോണിയിൽവീണുകഷ്ടമേ!"

സംഭ്രമാധിക്യംകൊണ്ടു് വിരണ്ടുപോയ നാരാണപിള്ള സരോജത്തിനെ താങ്ങിയെടുത്തു ഇരുത്തി. അവളുടെ ശരീരം കുഴഞ്ഞുമറിയുന്നതു മോഹാലസ്യംനിമിത്തമാണെന്നു നാരായണപിള്ള ധരിച്ചു. കല്യാണിഅമ്മയും ഭൃത്യന്മാരും ഓടിവന്നു വെള്ളം മുഖത്തുതളിക്കുക വീശുകയുംതുടങ്ങി സകലപ്രാരം ശുശ്രൂഷകളുംചെയ്തുനോക്കിയിട്ടും, അവൾ കണ്ണുതുറക്കുന്നില്ല; ദേഹം അനക്കുന്നില്ല; ശ്വാസം വിടുന്നുമില്ല. "സരോജം" "സരോജം" "ഓമനേ" ഇത്യാദി നിരവധിശബ്ദങ്ങൾ നാരായണപിള്ള പരമാർദ്രചിത്തനായി വിളിച്ചുനോക്കി, സരോജം നിൎവ്വികാരയായി കിടക്കുന്നതേയുള്ളു. ആശുദ്ധമനസ്കനും സ്വകാമുകിയുടെ അകാലമരണംഓൎത്തു ഇരിക്കാനും നില്ക്കാനും ശക്തനല്ലാതെ പലവിധജല്പനങ്ങൾ പുറപ്പെടുവിച്ചുകൊണ്ടു മോഹാബ്ധിയിൽ പതിച്ചുപോയി.

ഡാക്ടർമാർ ഒരുമണിക്കൂറിനകം മൂന്നുപേർവന്നു പരിശോധനനടത്തിയിട്ടും സരോജം മരിച്ചുപോയി എന്നുതന്നെ വെളിപ്പെട്ടു. മോഹാലസ്യത്തിൽപെട്ടിരുന്ന നാരായണപിള്ള എഴുന്നേററിരുന്നു് "ഞാനാണു എൻെറ സരോജത്തിനെ നിഗ്രഹിച്ചതു്" എന്നിങ്ങനെ ഇടവിടാതെ പുലമ്പിക്കൊണ്ടിരുന്നു! സാധുമനുഷ്യൻ!!

സ്വകാമുകൻെറ വചനം ശ്രവിച്ചതിൽ തൻെറ മഹാഭാഗ്യവും അതോത്തുള്ള ആനന്ദാധിക്യവും പെട്ടെന്നുണ്ടായതിൻെറ ഫലമായിട്ടാണോ സരോജം മരിച്ചുപോയതു്? അഥവാ നാരായണപിള്ളയെ അനുകൂലനാക്കിത്തീൎക്കുന്നതിനു് താൻ യാതൊരുസൂത്രവും പ്രയോഗിക്കാതിരിക്കെ, ഇപ്രകാരംഒരു നിഗൂഢാഭിപ്രായമാണല്ലൊ കേൾക്കാനിടവന്നതു്എന്നോൎത്തുണ്ടായ തീവ്രഖേദവും ആത്മാഭിമാനനഷ്ടവുംനിമിത്തം അവൾ മൃതിയടഞ്ഞതാണൊ? ദീർഘകാലതപസ്സിനുശേഷം തനിക്കു ലബ്ധമായ മഹാഭാഗ്യം നഷ്ടമാകാൻപോകുന്നു എന്നവിഷാദം പെട്ടെന്നു് ആക്രമിച്ചു് ഈ പെൺകുട്ടിയെ അന്തകപുരിക്കു അയച്ചുകളഞ്ഞതായിരിക്കുമോ? ആദ്യം അവൾ ഒരുനമസ്കാരം നടത്തിയതുതന്നെ വികാരാധിക്യംനിമിത്തം വന്നുപോയ ഒരു നിപാതംമാത്രമായിരുന്നുവോ? കാരണം അജ്ഞാതമായിരിക്കുന്നതേയുള്ളു.

നാരായണപിള്ളയുടെ അന്തൎജ്ജീവിതം നരകസമാനമായി തീൎന്നിരിക്കുന്നു പാപബോധത്താൽമാത്രം ആത്മഹത്യ ചെയ്യാതെ, നരഹത്യാ പാപബോധത്തോടു കൂടി ആ മാംസപിണ്ഡം നാരായണപിള്ളയുടെ ആത്മാവു വഹിച്ചുകൊണ്ടിരിക്കുന്നു ട്രയിനിംഗ്കോഴ്സ് പൂൎത്തിയാക്കാൻ അയാൾക്കു സാദ്ധ്യമായില്ല, ഉദ്യോഗം രാജികൊടുത്തു. സരോജത്തിനെക്കുറിച്ചുള്ള ചിന്തയല്ലാതെ മറെറാന്നും അയാളിൽ അവശേഷിച്ചിട്ടില്ല. ദുഃഖഭൂയിഷ്ഠമായിത്തോന്നുന്ന ഈ ജീവിതത്തിനെനശിപ്പിക്കാനൊ ഈ ശരീരപിണ്ഡത്തിനെ ചുമന്നുകൊണ്ടു നടക്കാനൊ അയാൾക്കു കഴിയുന്നില്ല. എന്നിട്ടും അയാൾ മരിക്കുന്നുമില്ല ഉന്മേഷരഹിതനായിത്തീൎന്നിരിക്കുന്ന നാരായണപിള്ള തന്നെ ബാധിച്ചിരിക്കുന്ന ശോകബാധയിൽനിന്നു മോചനം ലഭിക്കുന്നതിനു കേരളത്തിൻെറ ഒരററം മുതൽ മറെറഅററംവരെ ഏകനായി സഞ്ചരിച്ചു; എന്നിട്ടും മനസ്സമാധാനം ലഭിച്ചില്ല. ഇതികൎത്തവ്യതാമൂഢനായി ചിന്താദാവാനലബാധിതനായി ആ സാധുമനുഷ്യൻ ഇപ്പോഴും ചുററിസ്സഞ്ചരിച്ചു് ഉഴന്നുകൊണ്ടിരിക്കുന്നു! കഷ്ടം!! അയാളുടെ ഭാവിയെങ്ങനെ പരിണമിക്കുമോ!!! പ്രേമത്തിൻെറ ഉത്തമപ്രതിഫലം പ്രേമം മാത്രമാണെന്നു അയാൾ എന്നെങ്കിലും അറിയുമോ?

വമ്പിച്ച സമ്മാനങ്ങൾ.

പ്രവേശനഫീസ് 5 ണ.

1	2	3		■	4			5
			■	6	■	7		
		■	8			■	9	
	■	10	■		■	11	■	
■	12			■	13			■
14	■		■	15	■		■	16
17		■	18			■	19	
20			■		■	21		
22				■	23	24		

ചില്ലുകൾ (അൎദ്ധാക്ഷരങ്ങൾ) പ്രത്യേകം കള്ളികളിൽ ചേൎക്കേണ്ടതാണ്.

വലത്തോട്ട്;—

(1) മന്ത്രി. (4) മലയാളത്തിലെ ആദ്യനോവൽ. (7) രക്തം. (8) അഷ്ടൈശ്വൎയ്യങ്ങളിൽ ഒന്നു്. (9) പെൺമാൻ. (12) കുമാരനാശാൻെറ ഒരു കാവ്യം. (13) ഒരപ്സരസ്ത്രീ. (17) വേദന. (18) ചെണ്ടകൊട്ടുന്ന ആൾ. (20) നാവു്. (22) മദിച്ച ആന. (23) മകൻ. (24) മനുഷ്യൻ

കീഴ്പ്പോട്ട്:—

(1) താമര. (2) മുടി. (3) ബ്രാഹ്മണബാലൻ. (5) പുഴ. (6) ഒരു ഋതു. (10) ഇന്ത്യയിലെ പുരാണപ്രസിദ്ധമായ ഒരു നദി. (11) രാത്രി. (14) ഒരു മലയാളപത്രം. (15) ശബ്ദം. (16) യമൻ. (19) അംശം. (20) ലക്ഷ്മി. (21) കേരളബ്രാഹ്മണരുടെ ഗൃഹം.

സമ്മാനവിവരം.

പ്രശ്നകൎത്താവിൻെറ ഉത്തരം സീൽവെച്ചു് മാതൃഭൂമി ആഫീസിൽ ഏല്പിച്ചിട്ടുണ്ടു്. ഈ ഉത്തരം അയച്ചുതരുന്ന ഒന്നാമത്തെ ആൾക്കു് 50 ക. വിലയുള്ള ഒരു ഗ്രാമഫോണും മററുള്ളവൎക്കു മഹാകവി കുമാരനാശാൻെറ കൃതികൾ മുഴുവൻ അടങ്ങിയ ഓരോ ഗ്രന്ഥവും, ഒരു പിഴ വരുത്തിയവൎക്കു് ശ്രീമാൻ മൂൎക്കോത്തു കുമാരൻ എഴുതിയ ശ്രീനാരായണഗുരുസ്വാമികളുടെ ജീവചരിത്രവും (2 ഭാഗങ്ങൾ) രണ്ടുമുതൽ നാലുവരെ പിഴ വരുത്തിയവൎക്കു് 8 അണയിൽ കുറയാത്ത വിലയുള്ള മററു പുസ്തകങ്ങളും സമ്മാനമായി കൊടുക്കും. പ്രവേശനഫീസ് ഒരു ഉത്തരത്തിനു് 5 ണ. വീതം. ഈ സംഖ്യ സ്ററാമ്പായിട്ടോ മണിയോൎഡറായിട്ടോ 1934 നവംബർ 17-ാംനു-ക്കു മുമ്പായി താഴെ കാണുന്ന മേൽവിലാസത്തിൽ അയയ്ക്കുക:—

Messrs. K. P. Damodaran Bros.,
Merchants & Commission Agents,
Court Road, Tellicherry

ജന്തുക്കളുടെ ബുദ്ധികൗശലം.

ആയാംകുടി പി. ആർ. ശങ്കരപ്പിള്ള.

I

ഒരിക്കൽ ഒരു ക്രിസ്ത്യാനി ഒരു വലിയ പൂവ്വൻകോഴിയെ വളൎത്തിയിരുന്നു. അടുത്തുതന്നെ നടത്താനുദ്ദേശിച്ചിരുന്ന അയാളുടെ മകളുടെ കല്യാണത്തിനു അതിനെ ചെലവുചെയ്യണമെന്നും അയാൾ ഉദ്ദേശിച്ചിരുന്നു. സമീപവാസിയായ ഒരു കുറുക്കൻ കോഴിയെ കൈക്കലാക്കാൻ ശ്രമംതുടങ്ങിയിരുന്ന വിവരം ഉടമസ്ഥനറിഞ്ഞില്ല. മരംകൊണ്ടു അഴിയടിച്ചു മേൽപുരകെട്ടിയ ഒരു കൂട്ടിലായിരുന്നു പതിവായി കോഴിയെ പിടിച്ചിട്ടിരുന്നതു്. കൂടു നിലത്തു വച്ചിരിക്കയായിരുന്നതിനാലും മേൽപുര നിലം പററി താഴ്ന്നുകിടന്നിരുന്നതിനാലും അതിനുള്ളിലെ സ്ഥിതികൾ പെട്ടെന്നറിവാൻ സാധ്യമായിരുന്നില്ല. മുൻഭാഗത്തു ചെന്നു കുനിഞ്ഞു സൂക്ഷിച്ചുനോക്കിയാൽ അകത്തെ സ്ഥിതികളറിയാം. ഒരുദിവസം രാവിലെ ഉടമസ്ഥൻ കോഴിയെ അഴിച്ചുവിടാനായിട്ടു കൂട്ടിന്റെ കൊളുത്തു ഊരി വാതൽ തുറന്നിട്ടു അല്പം മാറിനിന്നു. തലേന്നാൾ സന്ധ്യകഴിഞ്ഞു കോഴിയെ കൂട്ടിലിട്ടടച്ചതും അയാൾതന്നെയായിരുന്നു. അയാൾ പുറകോട്ടു മാറി അല്പം കഴിഞ്ഞപ്പോൾ അതിക്രൂരനായ ഒരു കുറുക്കൻ കൂട്ടിൽനിന്നു വെളിയിൽ ചാടി മിന്നൽവേഗത്തിൽ ഓടി മറഞ്ഞു. വിഷണ്ണനായ ഉടമസ്ഥൻ കൂട്ടിൽ ചെന്നു നോക്കിയപ്പോൾ കോഴിയുടെ തൂവലും കൊക്കും അതിനുള്ളിലുണ്ടു്. അതു ജനസഞ്ചാരം ധാരാളമുള്ള സ്ഥലമായിരുന്നതിനാൽ കുറുക്കനു പകൽസമയത്തു നിർബാധം സഞ്ചരിച്ചു കോഴിയെ പിടിക്കുവാൻ സൌകൎയ്യമുണ്ടായിരുന്നില്ല. തന്മൂലം അവൻ തലേന്നാൾ സന്ധ്യയോടുകൂടി എങ്ങനെയോ തുറന്നുകിടന്ന വാതൽവഴി കൂട്ടിൽ കയറി ഒളിച്ചിരുന്നുവെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഇതു വൈക്കത്തിനു സമീപമുള്ള കല്ലറകരയിൽ നാലാറുസംവത്സരംമുമ്പു നടന്ന ഒരു സംഭവമാണു്.

ചേൎത്തലപ്പള്ളിപ്പുറത്തു ഒരു വീട്ടിൽനിന്നു ഒരുദിവസം രാവിലെ ഒരു കോഴിയെ കുറുക്കൻ പിടിച്ചു. കോഴിയുടെ കരച്ചിൽ കേട്ടു വീട്ടുകാർ ചെന്നു നോക്കിയപ്പോൾ കുറുക്കൻ കോഴിയേയുംകൊണ്ടു വെളിയിൽചാടി കോഴി അവന്റെ വായിലിരുന്നു കരയുകയും പിടയ്ക്കുകയും ചെയ്യുന്നുണ്ടു്. ആളുകളും പിന്നാലെകൂടി. അവൻ ഓട്ടംതുടങ്ങി. ആളുകളും ഓടിക്കൂടി. വെളിപ്രദേശമാകയാൽ അവനെ നല്ലവണ്ണം കാണാമായിരുന്നു. നേരവും വെളുത്തു. ഉടനെ അവൻ മാൎഗ്ഗമദ്ധ്യേ ഉണ്ടായിരുന്ന ഒരു വലിയ ചൂരക്കാട്ടിൽ കയറി. ആളുകൾ കാടു വളയാൻ ഒരുമ്പെട്ടു. തൽക്ഷണം അവൻ വെളിയിൽചാടി. ആളുകളും പിന്നാലെഎത്തി. അപ്പോഴും കോഴി അവന്റെ വായിലിരിക്കുന്നതു ഓടുന്നവർ കാണുന്നുണ്ടു്. നെടുകെ രണ്ടുമൂന്നുമൈൽ ഓടിയെങ്കിൽ മാത്രമേ ഇനി അവനു അഭയസ്ഥാനമുള്ളു എന്ന മട്ടായി. നേരവും പുലരുന്നു. ആളുകളും കൂടുന്നു. അവനു ക്ഷീണവും വൎദ്ധിക്കുന്നു. ഏകദേശം അരമൈൽ ഓടിക്കഴിഞ്ഞപ്പോൾ തനിക്കു പരാജയമേ പററുകയുള്ളു എന്നു ചിന്തിച്ചിട്ടെന്നപോലെ അവൻ വായിലിരുന്ന സാധനം താഴെയിട്ടു. പിന്നെയും അവൻ ഗതിവേഗം കുറച്ചില്ല. പക്ഷെ ആളുകൾ പിൻവാങ്ങിത്തുടങ്ങി. ഒരാൾ ഓടിച്ചെന്നു അവൻ വഴിയിൽ നിക്ഷേപിച്ച സാധനം എടുത്തു. അതു കോഴിയുടെ ആകൃതിയിലുള്ള ചുവന്ന ഒരു പദാൎത്ഥമായിരുന്നു. ചില വൃക്ഷങ്ങളിലുംമററും വളൎന്നുനില്ക്കുന്ന ഒരു തരം കൂൺ ആണെന്നു പറയാം. ദൂരെനിന്നു നോക്കിയാൽ അതു കോഴിയാണെന്നേ തോന്നുകയുള്ളു. കോഴിയെ അവർ കുറുക്കന്റെ വായിൽ കണ്ടതാണു്. അതു പിടയ്ക്കുന്നതും കരയുന്നതും അവർ കേട്ടു. കോഴിയെ അവൻ ചൂരൽകാട്ടിൽ ഒളിച്ചുവച്ചിരിക്കുമെന്നു ചിലർ അഭിപ്രായപ്പെട്ടു. തൽക്ഷണം അവർ ആ കാടുതെളിക്കാൻ ഒരുമ്പെട്ടു നാലാറുനാഴികകൊണ്ടു ഒരുവിധം അതിനുള്ളിൽ കടന്നു. അപ്പോൾ കോഴിയെ അവൻ മണ്ണിൽ കുഴിച്ചിട്ടിരിക്കുന്നതു കാണ്മാൻകഴിഞ്ഞു. അവൻ കടിച്ചുപിടിച്ചിരുന്നതുപോലുള്ള ഒന്നുരണ്ടു കഷണങ്ങളും അവിടെ കിടക്കുന്നുണ്ടായിരുന്നു.

കുറവലങ്ങാട്ടുപള്ളിയിലെ ഒരു കത്തനാൎക്കു മുമ്പു ഒരു പട്ടിയുണ്ടായിരുന്നു. അവൻ കേവലം നാടനായിരുന്നില്ല. കത്തനാരു നായാട്ടിനുപോകുമ്പോൾ അവനേയുംകൊണ്ടുപോകാറുണ്ടായിരുന്നു. ഒരുദിവസം കാടിളക്കിയപ്പോൾ ഒരു കുറുക്കൻ ഓടിയോടി കത്തനാരുടെ തോക്കിൽനിന്നു രക്ഷപെട്ടു എന്നാൽ രണ്ടു ചെറുകുറുനരികൾ ഉണ്ടായിരുന്നതിനെ പട്ടി കടിച്ചു കൊന്നുകളഞ്ഞു. കത്തനാരു പതിവായി പള്ളിമുറിയുടെ വാതുക്കൽ വെളിയിൽ ഒരു കട്ടിലിലും പട്ടി അതിനു താഴെയുമാണു രാത്രിയിൽ കിടക്കാറുള്ളതു്. അന്നു രാത്രി പതിവിനു വിപരീതമായി പട്ടി കുരച്ചു ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചു അണച്ചുകൊണ്ടു മുമ്പോട്ടും പുറകോട്ടും പായുന്നതുകണ്ടു- സംഗതി അറിയാതെ കത്തനാരു കുഴങ്ങി. അല്പം കഴിഞ്ഞപ്പോൾ അടുത്ത പാടത്തു ജംബുകവൃന്ദങ്ങളുടെ ഒരു കൂട്ടവിളി കത്തനാരുടെ ശ്രവണപുടങ്ങളിൽ പതിച്ചു. സൃഗാലശിശുക്കളെ വധിച്ചതിനു പട്ടിയോടു പകവീട്ടാൻ ഉദ്ദേശത്തോടെ വന്നിരിക്കയാണെന്നു കത്തനാർ മനസ്സിലാക്കി. രണ്ടുമൂന്നുദിവസം തുടരെ ഇപ്രകാരമുണ്ടായി. അപ്പോഴൊക്കെ കത്തനാർ പട്ടിയെ പുറത്തുവിടാതെ തടഞ്ഞുനിൎത്തി. സന്താനവ്യഥാൎത്തയായ ജംബുകി മുന്നോട്ടുവന്നു പട്ടിയെ ആകൎഷിച്ചു സംഘക്കാരുടെ അടുക്കലേക്കു ആനയിക്കുവാൻ വട്ടംകൂട്ടുകയായിരുന്നു. രണ്ടുമൂന്നുദിവസം പണിപ്പെട്ടിട്ടും പ്രതീകാരം ഫലിച്ചില്ല. പിന്നെ കുറച്ചുദിവസത്തേക്കു യാതൊരുപദ്രവവുമുണ്ടായില്ല. കത്തനാർ സമാധാനപ്പെട്ടു ഇനി ഉപദ്രവമുണ്ടാവുകയില്ലെന്നു വിചാരിച്ചു കത്തനാരുടെ കരുതലിനും അല്പം ലോപം സംഭവിച്ചു. ദിവസം പിന്നെയും കുറച്ചുകൂടിക്കഴിഞ്ഞു. ഒരുദിവസം രാവിലെ കത്തനാർ എഴുന്നേററപ്പോൾ പട്ടിയെ കാണ്മാനില്ല. കത്തനാർ പരിഭ്രമിച്ചു. പട്ടിയെ അവിടെയെല്ലാം തിരക്കി. വിളിച്ചു ഒരു ഫലവുമുണ്ടായില്ല. ഒടുവിൽ മുമ്പു കുറുക്കന്റെ കൂട്ടവിളികേട്ട സ്ഥലത്തുചെന്നു നോക്കി. അവിടെ വളരെ മുറിവുകളോടുകൂടി രക്തത്തിൽ മുഴുകി ആ നായ് മരിച്ചുകിടക്കുന്നുണ്ടായിരുന്നു ഒട്ടുവളരെ പട്ടികൾ തമ്മിൽ ഒരു വലിയ യുദ്ധം നടന്നതിന്റെ ലക്ഷണവും കാണ്മാനുണ്ടായിരുന്നു കത്തനാർ ഉറങ്ങിയതിനുശേഷമാണു ആ പ്രാവശ്യം ജംബുകിവന്നു പട്ടിയെ ആകൎഷിച്ചതു്. രണ്ടു ജന്തുക്കളുടെ പദചിഹ്നം കത്തനാരുടെ കട്ടിലിനു സമീപം മുതൽ ഘോരസമരംനടന്ന പാടംവരെ കാണ്മാനുണ്ടായിരുന്നു. നാലഞ്ചു പട്ടികൾകൂടിയാലും തോൽവിപററാത്തവിധം അത്ര വിരുതനും ശക്തനുമായിരുന്നു കത്തനാരുടെ പട്ടി. പക്ഷെ ഒട്ടുവളരെ ജംബുകങ്ങൾ കൂടിയാൽ അവനെന്തുചെയ്യും?

II

ആയാംകുടിയിൽ ഒരു നംപൂതിരിയുടെ ഇല്ലത്തു് ഏതുവിധമോ ഒരു പെൺപട്ടി വന്നുചേൎന്നു. മോഷ്ടിച്ചുതിന്നുവാൻ അവളെപ്പോലെ സാമൎത്ഥ്യം വേറേ ആൎക്കുമില്ല. അവൾക്കു ഉടമസ്ഥനെയെന്നല്ല പോലീസുകാരെക്കൂടി, ചുരുക്കത്തിൽ സീ. ഐ. ഡി. ക്കാരെപ്പോലും, ഭയമുണ്ടായിരുന്നില്ല. ആരുവന്നാലും അവൾ, ഓടിയൊളിക്കാൻ നിവൃത്തിയില്ലെങ്കിൽ, മലൎന്നുകിടന്നുകൊണ്ടു പല്ലിളിച്ചു കാണിക്കും. അപ്പോൾ ഒരുമാതിരി ഹൃദയമുള്ളവർ ഉപദ്രവിക്കയില്ല അല്ലാത്തവർ ചവിട്ടും തൊഴിയും അടിയും ഏറും ഒക്കെ കൊടുത്തുവെന്നും വരാം. അങ്ങനെ അവൾക്കു ധാരാളം കിട്ടിയിട്ടുമുണ്ടു്. പക്ഷെ അതൊന്നും അവളുടെ ദേഹത്തു കാണ്മാനില്ല. നാഴിയൊഴിച്ചാൽ മുന്നാഴിവടിക്കാം. അത്ര കൊഴുത്താണിരിക്കുന്നതു്.

നംപൂതിരിയുടെ ഇല്ലത്തുനിന്നു അധികം ഉപദ്രവമൊന്നും അവൾക്കു സിദ്ധിച്ചിട്ടില്ല. പട്ടിയെതൊട്ടാൽ ശുദ്ധംമാറുമെന്ന ആചാരം അവളെ വളരെ സഹായിച്ചു പക്ഷെ വാലിയക്കാരെ അവൾക്കു വലിയ ഭയമായിരുന്നു- അവരിൽനിന്നു ഒഴിഞ്ഞുമാറാനുള്ള തക്കവും തഞ്ചവുമൊക്കെ അവൾക്കറിയാം. ഏതായാലും നംപൂതിരിയുടെ ഇല്ലത്തു അവളെക്കൊണ്ടുള്ള ഉപദ്രവം ദുസ്സഹമായി. ശബ്ദംകേൾപ്പിക്കാതെ വാതൽതുറക്കാനും ഒച്ചയുണ്ടാക്കാതെ കഞ്ഞി കുടിക്കാനും അനക്കാതെ പാത്രംതുറക്കാനുമൊക്കെ അവൾക്കു വളരെ വശമുണ്ടായിരുന്നു. ഒരുദിവസം നംപൂതിരിയുടെ കല്പനപ്രകാരം അവളെ സൂത്രത്തിൽ പിടിച്ചു ആറും തോടും കരിനിലങ്ങളും കടത്തി രണ്ടുനാഴികദൂരമുള്ള അടുത്ത

ഒരു കരയിൽ അവിടുത്തെ ഭക്തനായ ഒരു വാലിയക്കാരൻ കൊണ്ടുചെന്നാക്കി. ഭൃത്യൻ അല്പം ഈശ്വരവിശ്വാസമുള്ളവനാണെന്നറിയാമായിരുന്നതിനാൽ സാത്വികനായ നംപൂതിരി അയാളെത്തന്നെ അതിനു നിയോഗിച്ചതു് അവളുടെ ഭാഗ്യമായി മൂന്നു ദിവസം കഴിഞ്ഞപ്പോൾ അവൾ ഏതുവിധമോ ഇല്ലത്തു ഹാജരുണ്ടു്. ആറും തോട്ടും ചേറുനിറഞ്ഞ കരിനിലങ്ങളുംകടന്നു അവൾ എങ്ങനെ വന്നുവെന്നു ആൎക്കും നിശ്ചയമില്ല. നമ്പൂതിരി വിഷമിച്ചു. അവളെ കൊല്ലിക്കുവാനുള്ള ക്രൌൎയ്യം നമ്പൂതിരിക്കും ഭക്തനായ ആ വാലിയക്കാരനുമില്ല. പിന്നെയും അല്പകാലംകൂടി അവൾ അവിടെ സ്വഛന്ദം വിഹരിച്ചു. ഇവളൊരുത്തി കാരണം ചോറും കറിയും പൂജാദ്രവ്യങ്ങളും മററും പലപ്പോഴും വെളിയിൽ കളയേണ്ടി വന്നിട്ടുണ്ടു്. പിന്നീടൊരുദിവസം നമ്പൂതിരി വൈക്കത്തമ്പലത്തിൽ ഒരു സദ്യയ്ക്കു പോയപ്പോൾ ആ വള്ളത്തിൽ അവളെക്കൂടി കയററിക്കൊണ്ടുപോയി, വൈക്കത്തു കൊണ്ടുചെന്നുവിട്ടു ഇല്ലത്തുനിന്നു വൈക്കത്തേക്കു വള്ളത്തിൽ ഏഴുമൈലും കരയ്ക്കു പത്തുമൈലും അകലമുണ്ടു്. വൈക്കം അന്നദാനപ്രഭുവിന്റെ സങ്കേതമാണു്. അവിടെ ധാരാളം പട്ടികളുമുണ്ടു്. പക്ഷേ അവിടവും അവൾക്കു രസിച്ചില്ല. ഒരാഴ്ചക്കുമുമ്പു അവൾ പഴയപോലെ നമ്പൂതിരിയുടെ ഇല്ലത്തു ഹാജർകൊടുത്തു. എല്ലാവരും വളരെ വിസ്മയിച്ചു. ഈ പ്രാവശ്യം നമ്പൂതിരിതന്നെയാണു നാടുകടത്തിയതു്. അവൾ പഴയനടപടിക്കു മാററം വരുത്തിയില്ല. അവളുടെ ഉപദ്രവങ്ങൾ മുഴുത്തു തന്നെ വന്നു എങ്കിലും നമ്പൂതിരിക്കു അവളെ ഹിംസിപ്പിക്കുവാൻ മനസ്സുണ്ടായില്ല. ദിവസങ്ങൾ പലതു പിന്നെയും കഴിഞ്ഞു. ഒരിക്കൽ നംപൂതിരിക്കു പള്ളിപ്പുറത്തു ഒരുകുടിയാനവനെ കാണ്മാൻ പോകേണ്ട ആവശ്യം നേരിട്ടു. അദ്ദേഹം ആ വള്ളത്തിൽ നമ്മുടെ ശുനകിയെക്കൂടി കൊണ്ടുപോയി. പല തോടുകളും ആറുകളും വേമ്പനാട്ടുകായലും കടത്തി അവളെ തിരുവിതാംകൂറിലെ ആറാട്ടുമാന്നിൽ കൊണ്ടുചെന്നു തള്ളി. നമ്പൂതിരി ആശ്വസിച്ചു. അവൾ നംപൂതിരിയെ വിട്ടുപിരിയാൻ അല്പം വൈമനസ്യം ഭാവിച്ചുവെങ്കിലും ഗത്യന്തരമില്ലായ്കയാൽ അങ്ങനെ ചെയ്തു. നംപൂതിരി അന്നുതന്നെ തിരിച്ചുപോന്നു. ആറുകളും തോടുകളും കായലും കടന്നു ഇനി അവൾ തിരിച്ചുവരികയില്ലെന്നു എല്ലാവരും നിശ്ചയിച്ചു. പക്ഷേ ഫലം വിപരീതമായിരുന്നു. പതിനഞ്ചുദിവസം കഴിഞ്ഞപ്പോൾ അവൾ എങ്ങനെയോ നംപൂതിരിയുടെ ഇല്ലത്തു ഹാജർകൊടുത്തു. ഇതിൽ എന്തോ ദൈവികശക്തിയുണ്ടെന്നു പലരും പറഞ്ഞു. നംപൂതിരി അതൊന്നും വിശ്വസിച്ചില്ല. ഉപദ്രവം അദ്ദേഹത്തിനാണല്ലോ ഉണ്ടാകുന്നതു്.

മാസം രണ്ടുമൂന്നുകഴിഞ്ഞു. അവൾ ദൈനംദിനം കൊഴുത്തുതടിച്ചുതന്നെ വന്നു. ഏറും തല്ലും അവളെ തെല്ലും അല്ലൽപ്പെടുത്തിയതായിക്കണ്ടില്ല. അയൽപക്കത്തു പാൎത്തിരുന്ന ദരിദ്രന്മാരെ അവൾ അത്ര ഉപദ്രവിച്ചിരുന്നില്ല. അവൾക്കങ്ങനെയൊരു ഗുണമുണ്ടായിരുന്നു. കുറച്ചുദിവസങ്ങൾ കഴിഞ്ഞപ്പോൾ അവിടുത്തെ മഹൻനംപൂതിരിക്കു ഒരു ദീനംസംബന്ധിച്ചു ഒരു മൂസ്സതിനെ കാണേണ്ട ആവശ്യം നേരിട്ടു. മഹൻ യാത്ര പുറപ്പെട്ട വള്ളത്തിൽ അകമ്പടിയെന്നപോലെ നമ്മുടെ ശ്വാനനാരിയേയും കയററി വള്ളം വിട്ടു. പല പുഞ്ചനിലങ്ങളും ഇടത്തോടുകളും ആറുകളുംകടന്നു വള്ളം പത്തുപതിനഞ്ചുനാഴിക ദൂരമുള്ള ഒരു ദിക്കിൽ എത്തി എല്ലാവരും കരയ്ക്കിറങ്ങി. അവളേയും ഇറക്കി. അവൾ ദീനഭാവത്തിൽ നംപൂതിരിയെ വീക്ഷിച്ചു. അദ്ദേഹം വക വെച്ചില്ല. അവൾ വാലാട്ടിക്കൊണ്ടു കുറച്ചുദൂരം പുറകെ നടന്നു അപ്പോൾ ഭൃത്യന്മാർ അവളെ ആട്ടിപ്പായിച്ചു. അവൾ ദയനീയഭാവത്തിൽ ഓടിമറഞ്ഞു.

നമ്പൂതിരി അന്നവിടെ താമസിച്ചു എങ്കിലും പിന്നീടു് അവളെ കാണ്മാൻ കഴിഞ്ഞില്ല. അടുത്തദിവസം രാവിലെ രോഗവിവരങ്ങൾ പറഞ്ഞു ചികിത്സ നിശ്ചയിപ്പിച്ചുകൊണ്ടു വിജയഭാവത്തിൽ ഇല്ലത്തേക്കു പുറപ്പെട്ടു. ഹിംസിക്കാതെ അവളുടെ ബാധ ഒഴിച്ചതുകൊണ്ടു നമ്പൂതിരിക്കു വളരെ കൃതാൎത്ഥതയുണ്ടായി. ആറും, തോടും, പാടവും കടന്നു തിരിച്ചുവരുവാൻ അവൾക്കു സാദ്ധ്യമല്ല. കരവഴിക്കു അകലം അധികമുണ്ടെന്നുമാത്രമല്ല അവൾക്കു മാൎഗ്ഗപരിചയവുമില്ല. മഹൻ തിരിച്ചുചെന്നയുടനെ അഛൻ അവളുടെ കാൎയ്യം അന്വേഷിച്ചു സന്തുഷ്ടനായി.

൩ മാസം മൂന്നുതികഞ്ഞു. അവളുടെ കഥ തന്നെ എല്ലാവരും മറന്നു. അവൾ അത്ര പ്രസിദ്ധയുമായിരുന്നില്ലല്ലോ പക്ഷേ അവൾക്കു ആ ഇല്ലത്തെ മറക്കുവാൻ സാദ്ധ്യമായില്ല. അവൾ ഏതുവിധമോ നാലാം മാസത്തിൽ അവിടെ എത്തി. ഈ പ്രാവശ്യം ഒരു പ്രസവംകഴിഞ്ഞതാണു പ്രത്യാഗമിച്ചതു്. സന്താനങ്ങളൊന്നും കൂട്ടത്തിലുണ്ടായിരുന്നില്ല. എല്ലാവരും വളരെ അത്ഭുതപ്പെട്ടു. പലരും ദൈവശക്തിയെ വാഴ്ത്തി. ഇനി അവളെ ബഹിഷ്കരിക്കരുതെന്നു പലരും അഭിപ്രായപ്പെട്ടു. ഒടുവിൽ അവിടുത്തെ ഭക്തനായ ശിഷ്യൻ അവൾക്കു തടവുശിക്ഷ വിധിച്ചു അന്നുമുതൽ അവളെ ബന്ധിക്കുവാൻ ഒരുമ്പെട്ടു ഒന്നാമതു പിടികിട്ടാൻ വിഷമം. ഒരുവിധം പിടിച്ചു ബന്ധിച്ചാൽ "ചെവിതല കേൾക്കാൻ" വയ്യാ. രാത്രിയും പകലും കുന്നുകഠോരമായ ശബ്ദം. അഴിച്ചുവിട്ടാൽ പഴയ ജോലി തുടരും. ആകപ്പാടെ വിഷമിച്ചു ഒടുവിൽ നമ്പൂതിരി ക്രൂരത കാണിക്കുവാൻ തന്നെ നിശ്ചയിച്ചു. നിൎദ്ദയന്മാരായ വാലിയക്കാരെവിളിച്ചു അവൎക്കൊരു ചെറിയ സമ്മാനവും കൊടുത്തു് "ഇനി ഒരിക്കലുമിവിടെ വരാത്തവിധം അവളെ എവിടെയെങ്കിലുംകൊണ്ടുപോയിക്കളയുവിൻ" എന്നു് ഉഗ്രശാസനയും നൾകി. ശാസനയുടെ പരോക്ഷമായ അൎത്ഥം അവർ വഴിപോലെ ഗ്രഹിച്ചു. അന്നുതന്നെ അവർ അവളെ പിടിച്ചു കൂച്ചിക്കെട്ടി വള്ളത്തിലിട്ടുകൊണ്ടു പോയി. അവൾ ഉറക്കെ നിലവിളിച്ചു. നമ്പൂതിരിയുടെ ഹൃദയം അലിഞ്ഞില്ല, പിന്നെ അവളെ ആരും കണ്ടിട്ടുമില്ല

ഒരുവൎഷം തികയുന്നതിനുമുമ്പു് അഛൻ നമ്പൂതിരി വിഗതഭാൎയ്യനും രോഗിയുമായി. അല്പംകഴിഞ്ഞപ്പോൾ മഹൻനമ്പൂതിരിയുടെ പത്നി ഉന്മാദരോഗിണിയുമായി. ഈ സംഭവത്തിനും ശുനകിയുടെ വേൎപാടിനും തമ്മിൽ വല്ല ബന്ധവുമുണ്ടോ എന്നു് എനിക്കു നിശ്ചയമില്ല. സംഭവം യഥാൎത്ഥമാണു.

ബുദ്ധമതതത്വങ്ങൾ.

കെ. പി ഗോപാലമേനോൻ. (ഹൈക്കോടതിജഡ്ജ്)

അദ്ധ്യായം ൨.

മായാബന്ധങ്ങൾ

"ഭൂമിനന്ദനസ്സൂനുരൂപനായ് ശോഭിച്ചീടും
ഭൂമിപാലകബാലൻ തന്നെക്കണ്ടവർകളും
ആനന്ദാംബുധിതന്നിൽ വീണുടനമുഴകിനാർ
മാനവവീരൻവാഴ്കെന്നാശിയുംചൊല്ലീടിനാർ."

രാമായണം—ബാലകാണ്ഡം

ബാല്യദശയിൽതന്നെ, സിദ്ധാർത്ഥൻ വിദ്യാഭ്യാസത്തിൽ അസാധാരണമായ സാമർത്ഥ്യവും, ജ്ഞാനത്തിൽ ദൈവികശക്തിയും, സകല ജന്തുവർഗ്ഗങ്ങളോടും അളവററ സ്നേഹവും, കാണിച്ചുവരികയും, കണ്ടവൎക്കും കേട്ടവൎക്കും എല്ലാം വലുതായ അത്ഭുതംതോന്നിക്കുകയും ചെയ്തുവന്നു.

യൗവനമായതോടുകൂടി തന്റെ പുത്രനു വിവാഹം ചെയ്തുകാണണമെന്നു മഹാരാജാവിനു താല്പര്യം ഉണ്ടാകുകയും ഇതിനായി ജ്ഞാതികളായ എല്ലാ രാജകുടുംബത്തിലേയും രാജകുമാരികളെ തന്റെ അരമനയിൽ കൊണ്ടുവരുവാൻ, ആ രാജാക്കന്മാരോടു ആവശ്യപ്പെടുകയും ചെയ്തു. അരമനയിൽ വന്നുചേരുന്ന രാജകുമാരികളിൽ, ഒരാളെ തന്റെ പുത്രൻ സ്വയംവരിക്കണമെന്നാണു മഹാരാജാവു നിശ്ചയിച്ചതും താല്പര്യപ്പെട്ടതും. ഇക്കാര്യത്തിൽ മാതാപിതാക്കന്മാരോ മററു ബന്ധുക്കളോ പ്രവേശിച്ചു തീർച്ചയാക്കുന്നതു നന്നല്ലെന്നുള്ള വിശ്വാസം ഇദ്ദേഹത്തിനു അന്നേ ഉണ്ടായിരുന്നു.

ആവശ്യപ്പെട്ടിരുന്ന രാജകുടുംബങ്ങളിലെ അനേകം രാജാക്കന്മാർ നേരെവന്നു മഹാരാജാവിനോടു "അല്ലയോ രാജൻ! സിദ്ധാർത്ഥൻ വളരെ ചെറുപ്പമല്ലേ. ദേഹശക്തിയും പോരല്ലൊ യുദ്ധാഭ്യാസം ഒട്ടും ഉണ്ടായിട്ടും ഇല്ലല്ലൊ. അരമനയിൽ വളൎന്നുവന്നതല്ലാതെ വിദേശയാത്ര ചെയ്തിട്ടില്ലല്ലോ. ഈ സ്ഥിതിക്കു ഇപ്പോൾ വിവാഹംചെയ്യിച്ച് ആ ഭാരംകൂടി ഏല്പിക്കുന്നതു നന്നാണോ?" എന്നു ചോദിക്കയുണ്ടായി.

സ്വതെ ശാന്തനും ദൈവീകചിന്തയിൽ തന്നെ കാലംകഴിച്ചുവരുന്നവനുമായ രാജകുമാരൻ, അഹോരാത്രം തന്റെ പിതാവിന്റെ ജംബുവനത്തിലുള്ള ഒരു വലിയ ജംബുവൃക്ഷത്തിന്റെ നിഴലിൽഇരുന്ന്, ഇഹലോകത്തിൽ നടക്കുന്ന ഓരോ സംഭവങ്ങളേയും കണ്ടുംകേട്ടും പരബ്രഹ്മത്തെ സങ്കല്പിച്ചും കാലം കഴിച്ചുവന്നു. ഇങ്ങിനെയിക്കെ മററുരാജാക്കന്മാർ തന്നേപ്പററി പറഞ്ഞതുകേട്ടു ഒരുദിവസം നേരെ അച്ഛന്റെ അടുക്കൽച്ചെന്നു "അല്ലയോ പിതാവേ എനിക്കു ശക്തിയില്ലപോലും, പഠിപ്പുപോരാപോലും, സാമർത്ഥ്യമില്ലപോലും, എന്നെല്ലാം നമ്മുടെ ബന്ധുക്കൾ പറഞ്ഞതായി കേട്ടു. അവരാരെങ്കിലും വേണമെങ്കിൽഎന്നോവന്നു നേരിൽ പരിക്ഷിച്ചുനോക്കട്ടെ." എന്നു സവിനയം പറഞ്ഞു. തന്റെ പ്രിയപുത്രന്റെ താല്പര്യപ്രകാരം മഹാരാജാവു് മററു രാജാക്കന്മാരെ വരുത്തുകയും, കപിലവസ്തുവിലുള്ള ജനങ്ങൾ എല്ലാപേരും കൂടുകയും ചെയ്തു. സകലശാസ്ത്രങ്ങളിലും, പരിക്ഷിച്ചവർ എല്ലാം തോററു. കായികാഭ്യാസത്തിൽ രാജകുമാരനെ തോൽപിക്കുവാൻ ഒരുവരേയും കണ്ടില്ല. വന്നു എതിരിട്ടവരെല്ലാം തോററു തോററു ഓടി. ഇതെല്ലാം കാണുകയും കേൾക്കുകയുംചെയ്തുലോകം ഒന്നുവിസ്മയിച്ചു. എല്ലാററിലും ജയിച്ച രാജകുമാരനു തുല്യനായി ഒരുവനുമില്ലാ, എന്നു മനസ്സിലായ എല്ലാരാജാക്കന്മാരും ഉടനെ അത്യാസക്തിയോടുകൂടി തങ്ങളുടെ രാജകുമാരികളെ കണക്കില്ലാത്ത ആഭരണങ്ങളും വിലപിടിച്ച ആടകളും ധരിപ്പിച്ചു രംഗത്തിൽ കൊണ്ടുവരികയും സിദ്ധാർത്ഥൻ അവരിൽ ഏററവും ശാന്തസ്വഭാവയും ഗുണഭൂയിഷ്ഠയുമായ "യശോധര"യെന്ന രാജകുമാരിയെ സ്വയംവരംചെയ്യുകയും, വളരെ കെങ്കേമമായി വിവാഹം ആഘോഷിക്കപ്പെടുകയും ചെയ്തു. അനന്തരം രാജാക്കന്മാർ ഭഗ്നോത്സാഹരായി താന്താങ്ങളുടെ രാജകുമാരികളേയുംകൊണ്ടു മടങ്ങി പോകേണ്ടിവന്നു.

സിദ്ധാർത്ഥനും യശോധരയും സന്തോഷത്തോടുകൂടി ദാമ്പത്യജീവിതം നയിക്കുകയും അതിന്റെ ഫലമായി അവൎക്കു ഒരുപുത്രനുണ്ടാകയും ചെയ്തു തനിക്കു ഒരു പൗത്രനുണ്ടായതിൽ മഹാരാജാവു വളരെ സന്തോഷിച്ച് ഒരുമണ്ഡലകാലത്തേക്കു രാജ്യത്തിൽ എല്ലാവൎക്കും സുഭിക്ഷമായ ഭക്ഷണം കൊടുക്കയും, ദേവാലയങ്ങളിൽ മുമ്പുനടത്താത്തതുപോലെ ഉൽസവാദികൾ നടത്തുകയും, ഒരുകൊല്ലത്തെ കരം പ്രജകൾക്കുവിട്ടുകൊടുക്കുകയും, ചെയ്തു. രാജകുമാരനു ഒരു പുത്രനുണ്ടായതിനാൽ ഇനിമേൽ അവൻ ലൗകികവ്യാപാരങ്ങളിൽ പ്രവേശിച്ച്, രാജ്യഭാരവുംഏററു തനിക്കു സ്വസ്ഥമായിരിക്കുവാൻ അവസരം നൽകുമെന്നു് മഹാരാജാവു വിചാരിച്ചുവന്നു. തന്റെ വംശക്കാരാൽ തന്നെ എന്നും രാജ്യം ഭരിക്കപ്പെടുമെന്നുള്ള വിശ്വാസവും മഹാരാജാവിനുണ്ടായി. എന്നാൽ സിദ്ധാർത്ഥനോ, ദിനംപ്രതി ഗംഗാസ്നാനം, പൂജ, വേദപാരായണം ഇതുകളിൽ ആസക്തികൂടി ലോകത്തിനു നിർവ്വാണം ഉണ്ടാകുവാനുള്ള മാർഗ്ഗങ്ങളെ ആലോചിച്ചു കാലം കഴിച്ചുവന്നു.

(തുടരും)

ഉൽക്കണ്ഠ.

(ഇടപ്പള്ളി ആർ. രാഘവൻപിള്ള).

അന്ധകാരത്തിന്നടിത്തട്ടിലാരുടെ
ചെന്താരടികളെപ്പൂൽകുന്നുഞാൻസദാ;
ആരുടെപാദരജസ്സുമിന്നാമിന്നു-
ങ്ങായിപ്പറന്നുതെളിയുന്നിരുളിലും;
നിശ്ശബ്ദതതന്റെനിശ്ചലതന്ത്രിയിൽ
നിർഗ്ഗളിച്ചീടുന്നസംഗീതമേതുതാൻ
യാമിനിതന്നിലത്താരാകുമാരികൾ
യാതൊന്നുതാനേററുപാടുന്നനാരതം
പ്രേമവിവശഹൃദയബാഷ്പത്തിനാ-
ലേതൊരുകല്പകവൃക്ഷംതഴയ്ക്കയാം?
ആവശ്യമുള്ളോൎക്കദൃശ്യമായ്നിന്നിട്ടു-
മാവശ്യരൂപമൊന്നെന്നടുത്തെത്തുകിൽ!

II

ഇല്ലായ്മതന്നിൽനിന്നുണ്ടായിവന്നൊര-
ക്കല്യാണരൂപിയെക്കണ്ടുകൈകൂപ്പുവാൻ;
ഏങ്കരംതന്നിലെശ്ശൂന്യമാംജീവിത-
ത്തങ്കച്ചഷകം തിരിച്ചുകൊടുക്കുവാൻ,
എന്നുള്ളിലെന്നും ചിറകടിച്ചാൎക്കുന്ന
പൊന്നിൻകിളിയെപ്പുറത്തയച്ചിടുവാൻ,
ആനന്ദദീപംകൊളുത്തി യുലകിലീ-
ഞാനെന്നപാഴ്നിഴൽമാച്ചുകളയുവാൻ;
നിട്ടുററരാഗപരവശയാകുമീ-
നീഹാരനീൎക്കണംനീരാവിയാകുവാൻ;
എത്രദിനകരമണ്ഡലംമേലിലു-
മസ്തശൈലത്തിൽതടഞ്ഞുതകരണം!!

III

മൽപ്രാണവായുവിൽസൌരഭംവീശുമ-
പ്പൊൽപ്പൂതുപ്പൂവിന്റെപുഞ്ചിരികാണുവാൻ
ക്ഷാളനംചെയവുഞാനെൻകൺകൾമാന-
നാളമുരുകിവരുന്നബാഷ്പത്തിനാൽ (സ-
കാലമടിക്കടിക്കാഞ്ഞടിച്ചേററുന്ന
കാളാംബുദത്താലിരുളുന്നപിന്നെയും!!
മർമ്മരംമൂളുന്നപത്രങ്ങൾനിശ്ചലം
കർമ്മപ്രവാഹത്തെനോക്കിനിന്നീടവേ,
ഏകാന്തതയിലിരുന്നുഞാൻനാഥന്റെ
നാകസംഗീതംശ്രവിക്കാനൊരുങ്ങവേ,
ഭഞ്ജിക്കയാണെന്റെശാന്തത,യേറുമെൻ
നെഞ്ഞിടി,ഞാനിതടക്കുന്നതെങ്ങിനെ?

IV

നീളെപ്പടൎന്നുപിടിക്കുംനിശീഥമാം
ചോലവൃക്ഷത്തിന്റെതുഞ്ചത്തുദൃശ്യമായ്
ശ്രീളാസമന്വിതംമോഹനാകാരയാം
"നാളെ"യാംപൂമൊട്ടൊളിച്ചുകളിക്കുകിൽ,
സ്വാന്തംതിരയാൽത്തകൎക്കുമിസ്സിന്ധുവിൽ
ശാന്തിതൻതല്പവുംസജ്ജമാണെപ്പൊഴും!
പൂന്തെന്നൽപോലുമിളകാത്തവേദിയിൽ
പൂന്തിങ്കൾശൈത്യംകലരുമാമെത്തയിൽ
നിത്യതതന്നിൽനിന്നുൽഗ്ഗമിച്ചീടുമാ-
നിസ്തുലഗാനംനുകൎന്നുകൎന്നലം
ആമോദഭാരാൽതകരുവാൻ,ഞാനെന്റെ
പ്രേമോദയത്തെപ്രതിക്ഷിച്ചിരിക്കയാം!!

തൂലികാചിത്രവാർത്ത,

ഡാക്ടർ ഗോമ പൊതുയോഗത്തിൽ

ഗുട്ടർജി ഡാക്ടരുടെ ബുദ്ധിയേ അസ്ഥാളിപ്പിക്കുന്നു.

(ജീ. പി.)

(തുടർച്ച്)

അനന്തരം മംഗളത്തിനുശേഷം സ്വാഗതപ്രസംഗവും സെക്രട്ടറിയുടെ റിപ്പോർട്ടുവായനയും കഴിഞ്ഞു അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗമാരംഭിച്ചു. അദ്ദേഹത്തിൻെറ ഇടിനാദം പന്തലിൻെറ ഒരററംമുതൽ മറേറ അററംവരെ മുഴങ്ങി. പൊതുകഥയില്ലായ്മ പ്രസ്ഥാനത്തിൻെറ ജനയിതാക്കളിൽ ഒരാൾ താനാണെന്നും പേരിൽനിന്നുതന്നെ പ്രസ്ഥാനത്തിൻെറ സ്വഭാവത്തെയും ഉദ്ദേശത്തെയും ഏറെക്കുറെ ഏവർക്കും ഊഹിക്കാവുന്നതാണെന്നും ഇതു സമത്വം സമുദായങ്ങളുടെ ഇടയിൽ പ്രചരിപ്പിക്കുവാനുള്ള ഒരു മഹായത്നമാണെന്നും ഇതു അസമത്വമനുഭവിക്കുന്ന എല്ലാവർക്കും ചേരുവാനുള്ള ഏകപ്രസ്ഥാനമാണെന്നും അധികാരം അടക്കിവച്ചിരിക്കുന്ന സമുദായത്തോടുള്ള ഒരു പോർവിളിയാണിതെന്നും അദ്ധ്യക്ഷൻ തുറന്നുപറഞ്ഞു. ബ്രാഹ്മണൻമുതൽ ചണ്ഡാളൻവരെയുള്ളവരിലും ക്രിസ്ത്യാനികളിലും മുസ്ലിമീങ്ങളിലും എല്ലാം അസമത്വമുണ്ടായിരുന്നതിനാൽ അസമത്വമനുഭവിക്കുന്ന സമുദായക്കാരെന്നു പറഞ്ഞതു അവിടെ ഒരു വാദവിഷയമേ ആയില്ല. ഓരോ സമുദായത്തിലുംപ്പെട്ടവരും അന്യസമുദായക്കാരാണ് അധികാരമെല്ലാം അടക്കിവച്ചിരിക്കുന്നതെന്നു സിവിൽലിസ്റ്റ്നോക്കി അനുമാനംചെയ്തു വച്ചിരുന്നതിനാൽ തത്സംബന്ധമായ തർക്കങ്ങൾ കൂടാതെയും പ്രസംഗം മുന്നോട്ടുപോയി. ഒടുവിൽ അദ്ധ്യക്ഷൻ അത്യുച്ചത്തിൽ ബധിരഗണത്തോടു സംഭാഷണം ചെയ്യുന്നതിൻവണ്ണം വിളിച്ചുപറഞ്ഞു. "നിങ്ങൾ ആളുകളെ നോക്കുക നിങ്ങൾ വിദ്യാഭ്യാസം ചെയ്യുന്നതു നോക്കുക, നിങ്ങൾ ആരോഗ്യത്തെയും കായപരിമാണത്തെയും നോക്കുക, നിങ്ങൾ പോക്കിനെയും വരവിനെയും നോക്കുക, വേഷത്തെയും ഭാഷയേയും നോക്കുക, അവരുടെ നിലങ്ങളിൽ വളരുന്ന നെൽച്ചെടികളെയും പുരയിടങ്ങളിൽ വളരുന്ന തെങ്ങുകളെയും നോക്കുക നിങ്ങൾ പേരെണ്ണിനോക്കുക അപ്പോൾ അറിയാം അധികാരം അടക്കിവച്ചിരിക്കുന്നവർ ആരെന്ന്. നാം അനവധിലക്ഷമുണ്ട് നമ്മിലോരോരുത്തനും പെണ്ണിനും, ആണിനും, കുഞ്ഞിനും കുട്ടിക്കും ഗവർമ്മെൻറുദ്യോഗം വേണം. ഇതാണ് പൊതുകഥയില്ലായ്മപ്രസ്ഥാനത്തിൻെറ ഉദ്ദേശം". ഈ അവസരത്തിൽ എല്ലാം ആളുകൾ "കേൾക്കുക! കേൾക്കുക!! എന്നു വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു. അദ്ധ്യക്ഷൻെറ ഉപക്രമപ്രസംഗം തീർന്നപ്പോൾ അതിലുണ്ടായിരുന്ന കാര്യഭാഗങ്ങളെയെല്ലാം മഹാനുഭാവന്മാരായ സഭാവാസികൾ മറന്നു. അവർ ഡാക്ടർ ഗോമ പ്രസംഗിക്കണമെന്ന് വളിവിളി കൂട്ടിത്തുടങ്ങി. അദ്ധ്യക്ഷൻ ആഞ്ഞു ഡാക്ടരുടെ ചെവിയിൽ എന്തോ മണത്തുനോക്കി ഡാക്ടർ ഗോമ തൻെറ ദന്താഗ്രങ്ങളെയെല്ലാം സദസ്സിനെ കാട്ടി. അനന്തരം ഡാക്ടർ അദ്ധ്യക്ഷൻെറ ചെവിയും മണപ്പിച്ചു. അവർ രണ്ടുപേരും തുപ്പുരായതിൻവണ്ണം അങ്ങോട്ടുമിങ്ങോട്ടും മാറി പഴയപടി നിവർന്നിരുന്നു. അദ്ധ്യക്ഷൻ എണീററ്, ഡാക്ടർ ഗോമ അല്പം വിശ്രമിച്ചുകൊള്ളട്ടെ എന്നും രണ്ടു പ്രാസംഗികന്മാർ ഉള്ളവർ അവരുടെ പ്രസംഗം മതിയാക്കുമ്പോൾ താൻ പ്രസംഗിച്ചുകൊള്ളാമെന്നു അദ്ദേഹം സമ്മതിക്കുന്നതായും സദസ്യരെ അറിയിച്ചു. ആ മാന്യന്മാർ സമ്മതിച്ചു. ഉടൻതന്നെ അദ്ധ്യക്ഷൻ പേരുവിളിച്ചതനുസരിച്ചു ഒരു പ്രസംഗകൻ മുന്നോട്ടു പാടിവീണു. അയാളുടെ കണ്ണുരുട്ടും പല്ലുകടിയും മുഷ്ടിചുരുട്ടലും എല്ലാം കണ്ടു സഭാവാസികൾ ഒന്നാകെ ആ പൊതുജനവക്താവിനു അപസ്മാരത്തിൻെറ സുഖക്കേടാണെന്നു ശങ്കിച്ചു. കോപംകൊണ്ടു അയാളുടെ മുഖം രക്തവർണ്ണമായി. അയാളുടെ കഴുത്തിൽ ഞരമ്പുകളെല്ലാം പിടച്ചു കുറുകി; ശരീരം വിറച്ചു. "അധികാരമെല്ലാമടക്കിവച്ചിരിക്കുന്ന സമുദാ ....."എന്നു രുഷ്ടനായി കട്ടിയോടെ പറഞ്ഞതും അധികാരമടക്കിയതുകൊണ്ടുള്ള ക്രോധാധിക്യത്തെ താങ്ങാൻ ശക്തിയില്ലാതെ അയാൾ ചക്കവെട്ടിയിട്ടപോലെ നിലത്തുവീണു വിദ്യുച്ഛക്തിപ്രപാതമുണ്ടായതിൻവണ്ണം വിറച്ചുതുടങ്ങിയതും ഒന്നിച്ചുകഴിഞ്ഞു. ആളുകൾ അല്പം സംഭ്രമിച്ചുവശായെങ്കിലും വാളണ്ടിയർമാർ വന്നു പ്രാസംഗികനെതൂക്കിയെടുത്തുകൊണ്ടുപോയി പ്രഥമശുശ്രൂഷകൾ ചെയ്തപ്പോൾ അയാളുടെ സുഖക്കേടു അൽപം വാശിയായി. പിന്നത്തെ പ്രാസംഗികൻ മുന്നോട്ടുവന്നു അവശസമുദായത്തെയും അധികാരമടക്കിയതിനെയും പററിയാണ് അയാളും പറഞ്ഞതു. തൻെറ പുരോഗാമിയെപ്പോലെ രണ്ടാമത്തെ പ്രസംഗകൻ അദ്ദേഹത്തിൻെറ പ്രസംഗത്തെ അത്ര മൂർച്ഛിപ്പിച്ചില്ല. എങ്കിലുംഅദ്ദേഹ നല്ലവണ്ണംവിറച്ചു. അയാൾതുള്ളിക്കൊണ്ടുപ്രസംഗമണ്ഡപത്തിൻെറ മുൻപിൽ ഗമിച്ചുതുടങ്ങി. അതിനിടയിൽ സഹ്യപർവതത്തെ കലുക്കണമെന്നും അറേബ്യൻകടലിനെ കലക്കണമെന്നും വഞ്ചിഭൂമിയെ മറിച്ചുവയ്ക്കണമെന്നും മററും വിളിച്ചുപറയുകയുമുണ്ടായി. ഒടുവിൽ അയാൾ സദസ്യരുടെയിടയിലേക്കു ചാടുമെന്നു കണ്ടപ്പോൾ അദ്ധ്യക്ഷൻെറ അധികാരമുപയോഗിച്ച് പ്രസംഗത്തിൽനിന്നും വിരമിപ്പിച്ചു അനന്തരം ഡാക്ടർ ഗോമ കരഘോഷമദ്ധ്യേ എണീററുനിന്നു. ഡാക്ടർ ഒരു കൈകൊണ്ട് തൻെറ വലിയ വടിയൂന്നിയും മറുകൈകൊണ്ടു കഷണ്ടി തലോടിയും വന്ദനംപറഞ്ഞിട്ട് തുടങ്ങി. "ഊഷരപ്രസ്ഥാനക്കാലത്തേതിൽനിന്നും എൻെറ അഭിപ്രായത്തിന് സാരമായ യാതൊരു വ്യത്യാസവുമില്ലെന്ന് ഞാൻ പൊതുജനങ്ങളെ അറിയിച്ചുകൊള്ളുന്നു. കുഴപ്പമൊക്കെ നമ്മുടെ തലയിലാണെന്നാണു ഇപ്പോഴും എൻെറ ദൃഢമായ വിശ്വാസം. ഞാൻ തലയേമാത്രമാണു ഇന്നും ലക്ഷ്യമാക്കിയിട്ടുള്ളതും. എനിക്കുതന്നെ ഈ നാട്ടിൽ ആയതോടുകൂടി തലയ്ക്കു അല്പമൊരു ഭാവവ്യത്യാസം വന്നിട്ടുണ്ടോഎന്നു സംശയമില്ലാതെയില്ല. ഇവിടെനിന്നും അന്യരാജ്യങ്ങളിൽ രക്ഷപെട്ടാൽ തലക്ക് ഒരു തെളിച്ചം നിശ്ചയമായും ഉണ്ടാകുമെന്നാണു എൻെറ ബലമായ വിശ്വാസം. എന്തെന്നാൽ അവിടെ ഓരോ പ്രവൃത്തിപദ്ധതിക്കും അതതിൻെറ ശാസ്ത്രീയമായ ചിന്താപദ്ധതിയുമുണ്ടു. ഇവിടത്തെ പോളിററിക്സ് കൊള്ളചെയ്യപ്പെടുക്കുന്ന മുതലുകൾ പങ്കിടുന്ന മാന്യന്മാരുടെ ഒരു കടിപിടിപോലെയാണു കുറഞ്ഞോരുനാളായി എനിക്കു അനുഭവപ്പെടുന്നതു്. ഊഷരപ്രസ്ഥാനം തുടർന്നുപോയിരുന്നെങ്കിൽ സമുദായങ്ങളും ഉപവിഭാഗങ്ങളും ഒന്നിനൊന്നു തിരിഞ്ഞു് ശകാരിക്കയും കുടുത്തടിവച്ച് അടിക്കയും ചെയ്യുന്നതു കാണാമായിരുന്നു. പൊതുകഥയില്ലായ്മപ്രസ്ഥാനമെന്നുള്ള പേർ നല്ലതുതന്നെ. പക്ഷേ അതു് ഊഷരപ്രസ്ഥാനമായി രൂപാന്തരപ്പെടാതെ പൊതുജനങ്ങളും നേതാക്കന്മാരും എപ്പോഴും സൂക്ഷിക്കേണ്ടതാണു്. നമ്മുടെ തലയുടെ കാര്യമാലോചിക്കുമ്പോൾ എനിക്കു അത്യന്തം ഭയമാകുന്നു. നമ്മുടെ പ്രാസംഗികന്മാരുടെ ഇന്നത്തെ പ്രസംഗരീതി തുടർന്നുപോകുന്നതായാൽ എങ്ങിനെ അവസാനിക്കുമെന്നു എനിക്കറിഞ്ഞുകൂടാ. ചിന്തിച്ചും തമ്മിൽ പറഞ്ഞും മനസ്സിലാക്കിയും കാര്യങ്ങൾ തീർക്കുന്നതിൻെറ ഇടയിൽ കോപിക്കുന്നതിൻെറയും ശകാരിക്കുന്നതിൻെറയും കാര്യമെന്തെന്നു എനിക്കു മനസ്സിലാകുന്നില്ല. മനഃശാസ്ത്രസംബന്ധമായ ഒരു തത്വം നിങ്ങളുടെ മുൻപാകെ ഞാൻ സമർപ്പിച്ചുകൊള്ളുന്നു. ഉള്ളതിനെ ഒട്ടും മനസ്സിലാക്കാത്തവർ, മറിച്ചു മനസ്സിലാക്കുന്നവർ,ഉള്ളതു ഉള്ളപോലെ മനസ്സിലാക്കുന്നവർ എന്നിങ്ങനെ മൂന്നുതരം ഹൃദയക്കാരാണു നമ്മുടെകൂട്ടത്തിലുള്ളതു്. അതിൽ രണ്ടാമതുപറഞ്ഞവരാണു ഇന്നു മുന്നോട്ടുകയറിയിരിക്കുന്നതെന്നാണു എൻെറ വിനീതമായ അഭിപ്രായം. ഏതായാലും ഉഷ്ണകാലങ്ങളിലെങ്കിലും നമ്മൾകുറേശ്ശ നെല്ലിക്കാത്തളംപരിശീലിക്കുന്നതു നന്നായിരിക്കുമെന്നാണു എനിക്കു അവസാനമായി നിങ്ങളോടു പറയാനുള്ളതു്." മുൻപന്തിലിരുന്ന വെഞ്ചാമരത്താടിക്കാരനായ ഒരു പടുവൃദ്ധൻ ഡാക്ടർ ഗോമയുടെ പ്രസംഗംകേട്ടു രസിച്ചുരസിച്ചു ദന്തവിഹീനമായ അയാളുടെവായ് ക്രമാധികം തുറന്നുപോയി. ആളുകൾ കയ്യടികൊണ്ടു അവിടമെല്ലാം മുഴക്കി.

ഈസമയം സ്വാഗതസംഘാംഗങ്ങളിൽ ഒരാളായ ശിംശിമാരൻപിള്ളവന്നു അദ്ധ്യക്ഷന്റെ ഇടത്തുവശത്തെ ചെവി എങ്ങിനെയിരിക്കുന്നുവെന്നു മണത്തുനോക്കി; അദ്ധ്യക്ഷൻ ഡാക്ടർ ഗോമയെനോക്കി പതുക്കെ "എങ്ങിനെയാ-ശ്രീമാൻ ഛട്ടർജിക്കു ഒന്നുപ്രസംഗിക്കണമെന്നു പറയുന്നല്ലോ." ഡാക്ടൎക്കു ഛട്ടർജി എന്നുവച്ചാൽ ആരെന്നു മനസ്സിലായില്ല. ലോഹ്യമായി ഓഹോ ആകട്ടെ, ആകട്ടെ, എന്നു അദ്ദേഹം സമ്മതിച്ചു. അദ്ധ്യക്ഷൻ ഛട്ടർജിക്കു അഞ്ചുമിനിട്ടു നേരം അനുവദിച്ചു. ഛട്ടർജിയെന്നുവച്ചാൽ ശുഷ്കിച്ചു് കാഴ്ചയിൽ വലിയ ദൈന്യവും പരാധീനതയും തോന്നുന്ന ഒരു മനുഷ്യജീവിയായിരുന്നു. അയാൾ മുഖംവീൎപ്പിച്ചു ലജ്ജാഗാത്രനായി മുന്നോട്ടു ചാടിനിന്നപ്പോളാണു താന്നാട്ടു 'ഗോബായ്ക്കു' പറഞ്ഞ ആളാണു ഛട്ടർജിയെന്നു് ഡാക്ടൎക്കു മനസ്സിലായതു്. ശ്രീമാൻ ഛട്ടർജി ചുരുചുറെപ്പറഞ്ഞുതുടങ്ങി. "മുതലാളിയും തൊഴിലാളിയും മുതലാളിയും തൊഴിലാളിയും മുതലാളിയും തൊഴിലാളിയും. തൊഴിലാളിയില്ലാതെമുതലാളിയില്ല. തൊഴിലാളികളെ സംഘടിക്കുവിൻനിങ്ങൾ സ്റ്റ്റൈക്കുചെയ്യുവിൻ മുതലാളികളെ സ്റ്റ്റൈക്കുചെയ്യുവിൻ. അനേകംപേർ ദുരിതമനുഭവിക്കുമ്പോൾ ചുരുക്കംപേർ സുഖമനുഭവിക്കുന്നു. വിവാഹംവേണ്ട, വ്യവസ്ഥയൊന്നുംവേണ്ട. എനിക്കു കടവയറുള്ളവരേയും തടിച്ചവരെയുംകണ്ടുകൂടാ. അവർ ബൂർഷ്വാകളാണു്. ഡാക്ടർ ഗോമയെപ്പോലുള്ള മുതലാളിബൂർഷകൾ കമ്മിററിയന്വേഷണത്തിനു വരുമ്പോൾ എതിർപ്രകടനം നടത്തേണ്ടതാണു്." ഛട്ടർജിക്കു ഡാക്ടർ ഗോമയുടെ സൎവ്വംസഹമായ ശീലമറിയാമായിരുന്നതിനാൽ പ്രസംഗം മൂത്തുമൂത്തുവന്നു. അപ്പോൾ സ്ഥലത്തെ ഒരു സ്വത്തുകാരനും സമ്മേളനസ്ഥലത്തിന്റെ ഉടമസ്ഥനുമായ ഇലഞ്ഞിപ്പുരയ്ക്കലേ കുഞ്ഞുപിള്ള അദ്ദേഹം ചാരുകസേരയിൽനിന്നും എണീററു. അൻപതിയെട്ടുവയസ്സോളമായെങ്കിലും ചുവന്നുതടിച്ച ആ കർഷകപ്രമാണി വലിയ ബലിഷ്ഠനും ചിലപ്പോൾ പരുഷസ്വഭാവനുമായിരുന്നു. കോപിച്ചുചെമന്ന മുഖത്തോടെ വിറച്ചുകൊണ്ടു് "ഛീ! നിറുത്തെടാ" എന്നു കതിനാവെടി വയ്ക്കുംപോലെ കുഞ്ഞുപിള്ളക്കാരണവർ ആജ്ഞാപിച്ചു. "എടാ നീ ഛഷ്ഠർജിതന്നെയാടാ, ആരെയാടാ നീ പറയുന്നതെല്ലാം. എടാ അദ്ദേഹം ഈ നാട്ടിൽവന്നിരിക്കുമ്പോൾ അദ്ദേഹത്തെ അപമാനിക്കാതെയയക്കാനുള്ള ചൊമതല എനിക്കുമൊണ്ടടാ. അദ്ദേഹത്തിനു കൊടവയറും വണ്ണവുമൊണ്ടെങ്കിൽ നിന്റെകൂട്ടു തെണ്ടിനടന്നിട്ടല്ലാ വല്ലതും കഴിച്ചിട്ടാണു്. ആങ്ഹാ! നീ ആണുങ്ങളെ ആക്ഷേപിച്ചുതൊടങ്ങിയോ. നിന്റെ മൊതലാളീം തൊഴിലാളീം! നെനക്കു വിവാഹം വേണ്ട. എടാ- നീ ഇവിടത്തുകാരനല്ല്യോടാ. നിന്നെ എനിക്കറിയാമെടാ. എത്ര പെമ്പുള്ളരെപെഴപ്പിച്ചേച്ചു നടക്കുന്ന യന്ധ്യാനിയാടാ നീ (അദ്ദേഹത്തിനു ദേഷ്യം മൂത്തു.) നിന്നെ ഞാൻ വെറുതെവിടുകയില്ല." ഇത്രയുംപറഞ്ഞു് എന്തെങ്കിലും ഒരായുധത്തിനായി കുഞ്ഞുപിള്ളക്കാരണവർ നാലുപാടും ദ്രുതഗതിയിൽ നോക്കി, അകലെക്കണ്ട ഒരു കുറുന്തടിയുടെ നേക്കു കുതിച്ചു. അദ്ധ്യക്ഷനും മാന്യസഭാവാസികളും വളരെ പരിഭ്രാന്തരായി. ഇതിനിടയ്ക്കു കുഞ്ഞുപിള്ളക്കാരണവരുടെ അനന്തരവരിൽ ഒരാളായ ശിംശിമാരൻപിള്ള, കണ്ണുമഞ്ഞിയ ഒരു ഊളനെപ്പോലെ അവിടെനിന്നു കറങ്ങുന്ന ഛട്ടർജിയേപ്പിടിച്ചുകൊണ്ടുപോയി. കുഞ്ഞുപിള്ളക്കാരണവർ തല്ലുമെന്നുപറഞ്ഞാൽ തല്ലുന്ന ആളാണെന്നു നല്ലപോലെ അറിയാമായിരുന്നതിനാൽ രണ്ടുമൂന്നുപേർകൂടി പിടിച്ചൊതുക്കി ഛട്ടർജിയെ ഒരു വലിയ കുട്ടയുടെ കീഴിലിട്ടടച്ചു് മുകളിൽ ഏതാണ്ടെല്ലാം പെറുക്കിവയ്ക്കുകയുംചെയ്തു. കുഞ്ഞുപിള്ളക്കാരണവർ "എവിടെടാ അവൻ" എന്നു ഗർജിച്ചുകൊണ്ടു പ്രസംഗവേദിയുടെ പിൻഭാഗത്തുവന്നു ചുററിനടന്നിട്ടും തന്റെ ക്രോധവിഷയത്തെ കണ്ടില്ല. ഒടുവിൽ അദ്ദേഹം ക്രമേണ ശാന്തനായി സ്വസ്ഥാനത്തെ അവലംബിച്ചു എങ്കിലും പ്രസ്തുത പരാക്രമംമൂലം പിന്നീടു അവിടത്തെ നേതാവായി സ്വയം അഭിമാനിച്ചു "എന്നാൽ തൊടങ്ങിക്കോട്ടെ. ഇനി ഇങ്ങിനൊള്ളോനെയൊന്നുംപിടിച്ചു പ്രസങ്ങിപ്പിക്കരുതു ഈ സ്ഥലം എന്റെവകയാ. ഞാൻ കരം കൊടുക്കുന്നതാണു്" എന്നു കുഞ്ഞുപിള്ളക്കാരണവർ ആജ്ഞാപിക്കയും സ്വാധികാരത്തിന്റെ വലിപ്പത്തെ സൂചിപ്പിക്കയും ചെയ്തു. അദ്ധ്യക്ഷന്റെ ഉപക്രമപ്രസംഗം വളരെനേരം നീണ്ടുനിന്നു. കുട്ടയുടെ അടിയിൽകിടന്ന ഛട്ടർജിയുടെകഥ എല്ലാവരും വിസ്മരിച്ചുപോയി. ഛട്ടർജിയാകട്ടെ കുറേനേരമായപ്പോൾ വിമ്മിഷ്ടംതോന്നുകയാൽ ഒരു പൂച്ചയെപ്പോലെ കുട്ടയുടെ ഉള്ളിൽ കിള്ളുകിള്ളെന്നു അള്ളിപ്പറിച്ചു. അവിടെക്കിടന്നുകൊണ്ടു് "അസേ-ശിംശിമാരൻപിള്ളേ! ഇതൊന്നു പൊക്കോ ശ്വാസംമുട്ടുന്നു" എന്നെല്ലാം പറഞ്ഞെങ്കിലും കൃതജ്ഞതാപ്രകടനത്തിന്റെ ബഹളത്തിനിടയിൽ ആയതൊന്നും ആരും കേട്ടില്ല. ഒടുവിൽ ഡാക്ടർഗോമയുമൊന്നിച്ചു ഭക്ത്യാദരനമ്രശീർഷനായ കുഞ്ഞുപിള്ളക്കാരണവർ വീട്ടിലേക്കു പോയതിൽപിന്നീടാണു ചിലരെല്ലാംകൂടി ഛട്ടർജിയുടെ കാൎയ്യമോർത്തു കുട്ടപൊക്കിനോക്കിയതു്. അപ്പോഴേക്കും അദ്ദേഹം വളരെ ക്ഷീണിച്ചുപോയി. ശിംശിമാരൻപിള്ളമുതലായവർ അദ്ദേഹത്തെ അടുത്തുള്ള വസതിയിലേക്കു വളരെ ആശ്വസിപ്പിച്ചയച്ചു. കാറൽമാർക്സെന്ന പാശ്ചാത്യസാമ്പത്തികശാസ്ത്രജ്ഞൻ, താൻ എഴുതിയ ഗ്രന്ഥത്തെ ഇപ്രകാരം അബദ്ധമായി മനസ്സിലാക്കി വിദൂരദേശത്തിലുള്ള ഒരു ഛട്ടർജി ഈവിധം ഒരു അത്യാ ത്തിൽ കുടുങ്ങുമെന്നു ഒരുകാലത്തും വിചാരിച്ചിരുന്നില്ല.

ഛട്ടർജിയുടെ ആകൃതിയും പ്രകൃതിയുംചേഷ്ടകളും ശബ്ദരീതിയും ഡാക്ടർ ഗോമയുടെ മനസ്സിൽനിന്നും എന്തായിട്ടും മാഞ്ഞുപോയില്ല. അദ്ദേഹം കൂടെക്കൂടെ ആ മനുഷ്യജീവിയെ ഓർത്തു ഏകാഗ്രനായിത്തീൎന്നു. സന്ധ്യകഴിഞ്ഞു വിശാലമായ നടപ്പുരയിൽ കുഞ്ഞുപിള്ളക്കാരണവരും അയൽപക്കക്കാരായ മററുചിലരുമൊത്തു അതുമിതുംപറഞ്ഞുകൊണ്ടിരുന്നതിനിടയിൽ അത്ഭുതനായ ഛട്ടർജിയേപ്പററിവിചാരിച്ചു് ഡാക്ടർ പരിതഃസ്ഥിതികളെ മറന്നു വിളവായിലെനിഃശ്ശൂന്യമായ തന്റെ മുറിയിലെന്നപോലെ ഡാക്ടർ എണീററു അതിവേഗത്തിൽ ഉലാത്തിത്തുടങ്ങി. അവിടെ ഇരുന്നവരെല്ലാം ഇതുകണ്ടു വായ്പൊളിച്ചു തമ്മിൽതമ്മിൽ നോക്കി. ഒരുവിധത്തിൽ കുഞ്ഞുപിള്ളക്കാരണവർ എണീററു വളരെ വിനീതനായി "ഒന്നിരിക്കരുതോ" എന്നു ചോദിച്ചതിൽ പിന്നിടാണു് ഡാക്ടർ തന്റെ പരിതഃസ്ഥിതിയിലേക്കു പോന്നതു്. ഡാക്ടർ മന്ദഹസിച്ചുകൊണ്ടു "ഹോ-ഇരിക്കാമേ" എന്നു ഏററവും വിനീതനായിപ്പറഞ്ഞു് അവിടെ ഇരുന്നു എങ്കിലും ഡാക്ടരുടെ മനസ്സ് പിന്നെയും ആലോചനയിലേക്കു ചായാൻതുടങ്ങി. "എന്താ ഇത്ര വെഗ്രത?" എന്നു കുഞ്ഞുപിള്ളക്കാരണവർ തന്റെ തടിച്ചുപരന്നസ്വരത്തിൽ ചോദിച്ചു "എനിക്കു ആ ഛട്ടർജിയെ ഒന്നു അടുത്തുപരിശോധിച്ചാൽ കൊള്ളാമായിരുന്നു" എന്നു ഡാക്ടർ പറഞ്ഞു. ഛട്ടർജിയെന്നു കേട്ടമാത്രയിൽ "ഫൂ" എന്നു ഫൂൽകാരംചെയ്തു കുഞ്ഞുപിള്ളക്കാരണവർ പറഞ്ഞു:—"കൊള്ളാം. അതിനെന്താ പട്ഷേ അവൻ ഇവിടെ വരികേല്ല. എങ്കിലും ഏർപ്പാടുചെയ്യാം." കുഞ്ഞുപിള്ളക്കാരണവർ 'ശിംശിമാരാ' എന്നു ഉറക്കെ വിളിച്ചു. അപ്പോൾ ഒരു യുവാവു് വിളികേട്ടുകൊണ്ടു അവിടെ വന്നു "നീ ആ കുട്ടൻ ചെറുക്കനെ ഡാക്ടരുടെ മുമ്പിലൊന്നു് നിറുത്തിക്കൊടുക്കണം. അദ്ദേഹത്തിനു ഒന്നു പരിശോധിക്കാനാ. വല്ലോം ഗുണമൊണ്ടായാലവനും നല്ല്യതല്ല്യോ" എന്നു കുഞ്ഞുപിള്ളക്കാരണവർ പറഞ്ഞു. ഛട്ടർജി എന്തായാലും അങ്ങോട്ടു ചെല്ലുകയില്ലെന്നും അയാൾ വളരെ ഭയന്നിരിക്കയാണെന്നും ശിംശിമാരൻപിള്ള അറിയിച്ചു. ഒടുവിൽ അവിടെയുണ്ടായിരുന്ന എല്ലാപേരുംകൂടി ആലോചിച്ചു ഒരു വഴി കണ്ടുപിടിച്ചു ശിംശിമാരൻപിള്ള അടുത്തദിവസം നേരം 'പരപരാന്നു വെളുത്തു'തുടങ്ങുമ്പോൾ ഒന്നുമറിയാത്തമട്ടിൽചെന്നു കുട്ടർജിയെ അയാളുടെതാമസസ്ഥലത്തുനിന്നും ഇണക്കിവിളിച്ചു ആ വെളിസ്ഥലത്തിന്റെ വടക്കുപടിഞ്ഞാറെമൂലയിൽ കൊണ്ടുവരണമെന്നും ഡാക്ടർ ഒരു വഴിപോക്കന്റെമട്ടിൽ തലവഴിഇട്ടുമൂടപ്പുതച്ചുചെന്നു സംശയം തോന്നാത്തമട്ടിൽ അടുത്തു പരിശോധിച്ചുകൊള്ളണമെന്നുമായിരുന്നു ഗൂഢാലോചനത്തീരുമാനം. ഇതിനൊക്കെപ്പുറമെ ഡാക്ടരോടു തോന്നിയ അതിബഹുമാനംമൂലം ഛട്ടർജി ഓടുന്നപക്ഷം അയാളെ പിടിച്ചുനിർത്തിക്കൊടുക്കാൻ ഭീമകായനായ താച്ചൻ അടുത്തൊരിടത്തു പതുങ്ങിയിരിക്കണമെന്നു മററാരുമറിയാതെ കുഞ്ഞുപിള്ളക്കാരണവർ ഉറങ്ങാൻ പോകുന്നതിനുമുൻപു് പ്രത്യേകം ഏർപ്പാടുചെയ്തിരുന്നു. അത്യുത്സാഹത്തോടുകൂടി ഉറങ്ങാൻകിടന്ന ഡാക്ടർഗോമ ഛട്ടർജിയെന്ന കമ്മ്യൂണിസ്റ്റിനെ പരിശോധിക്കുന്നതായി സ്വപ്നം കണ്ടുകണ്ടാണു് രാത്രിമുഴുവൻ കഴിച്ചുകൂട്ടിയതു്.

ചന്ദ്രോദയം.

(തുടർച്ച്)

അദ്ധ്യായം നർ.

പിറേറദിവസം അപരാഹ്നത്തിൽ കേശവക്കുറുപ്പിന്റെ ബംഗ്ലാവിൽ കേമമായ ഒരു ചായസൽക്കാരം നടത്തപ്പെട്ടു. തന്റെ ഉത്തമസുഹൃത്തിന്റെ പുത്രന് ന്യായമായി ലഭിക്കേണ്ട സ്വത്തുക്കൾ വഴക്കും വ്യവഹാരവും ഒന്നുംകൂടാതെ കൈവശം വന്നതിലുള്ള ആഹ്ലാദത്തിന്റെ സൂചകമായിരുന്ന ആ തേയിലസൽക്കാരാഘോഷം അതിഥികളെസൽക്കരിച്ചിരുത്തുന്നജോലിയിൽ വ്യാപൃതനായി രാമചന്ദ്രൻ സർവ്വവ്യാപിയെപ്പോലെ കാണപ്പെട്ടു. അവിടെ സന്നിഹിതരായിരുന്ന അതിഥികളിൽ പ്രഥമഗണനീയരായിരുന്നതു കുഞ്ഞുലക്ഷ്മിയമ്മയും സരളയും ആണ്. ജോലിസ്ഥലമായ മദ്രാസിൽ അകപ്പെട്ടതുകൊണ്ടു സുരേന്ദ്രനു ഈ ആനന്ദസന്ദർഭത്തിൽ ഭാഗഭാക്കാകാൻ സാധിച്ചില്ല. കുറുപ്പിന്റെ നിഴൽപോലെയുള്ള പരമുപിള്ളയെ കണ്ടതിലല്ല കാണാതെയിരുന്നെങ്കിലാണു ആശ്ചര്യപ്പെടേണ്ടിയിരുന്നതു്. മുകുന്ദൻ, ചായക്കടക്കാരൻ, കല്യാണിയമ്മ, മാപ്പുസാക്ഷിയായതിനാൽ ശിക്ഷകൂടാതെ രക്ഷപ്പെട്ട കുഞ്ഞിരാമൻ എന്നിവരും പ്രസ്താവ്യരായ വിരുന്നുകാർതന്നെ. സൽക്കരിക്കാൻ നിൽക്കുന്ന രാമചന്ദ്രനെക്കണ്ടപ്പോൾ കുഞ്ഞിരാമനും കല്യാണിയമ്മയ്ക്കും ഒരു വല്ലായ്മയുണ്ടായി; അതു ക്ഷണനേരത്തേക്കെ നിന്നുള്ളു. രാമചന്ദ്രന്റെ പ്രസന്നമായ മുഖഭാവംകണ്ടു അവരും പ്രസന്നരായി.

വിരുന്നിനു സകലവിധങ്ങളായ പലഹാരങ്ങളും ധാരാളം ഉണ്ടായിരുന്നു കാപ്പി, കൊക്കോ മുതലായ പാനീയങ്ങളും അങ്ങനെതന്നെ. "മതിയേ മതിയേ" എന്നു രണ്ടുതരം വിളിച്ചെങ്കിലല്ലാതേ വിളമ്പുകാരി മാധവിഅമ്മ നിറുത്തുകയില്ല. കുഞ്ഞിരാമന്റെ മുമ്പിൽ വീഴുന്ന ബോളികൾ തെരുതെരെ മറയുന്നതും, കല്യാണിയമ്മയുടെ മുമ്പിൽ ഉയരുന്ന പൊടിമാസുകുന്നുകൾ അവളുടെ ഉദരഗഹ്വരത്തിൽ തിരോധാനം ചെയ്യുന്ന അത്ഭുതവിദ്യയും, ജഹ്നുമഹർഷി ഗംഗയെ മുഴുവൻ പാനംചെയ്തമട്ടിൽ ചായക്കടക്കാരൻ കൊക്കൊപ്രവാഹത്തെയും മുകുന്ദൻ ചായപ്രവാഹത്തെയും ഉൾക്കൊള്ളുന്നതും മററും ആതിഥേയന്മാർക്കു ആഹ്ലാദവും വിളമ്പുകാർക്കു ഉത്സാഹവും അടിക്കടി വളർത്തിക്കൊണ്ടിരുന്നു.

അപ്പോൾ വെളിയിൽ ഒരു കാർ വന്നശബ്ദം കേൾക്കപ്പെട്ടു. ഇളംതവിട്ടുനിറത്തിലുള്ള കോട്ടും കാൽശരായിയും ധരിച്ച ഒരാൾ കാറിൽനിന്നു മുററത്തേക്കു ചാടി. ഇടത്തുവശത്തു താഴത്തെ കീശയിൽ ഒരു റബ്ബർവളയം കാണുന്നതുകൊണ്ടു ആഗതൻ ഒരു ഡാക്ടരാണെന്നു ഊഹ്യമാണു്.

കേശവക്കുറുപ്പ്:—ഹാ കൃഷ്ണമേനവൻ! അങ്ങു വരാത്തതുകൊണ്ടു ഞങ്ങൾ വിഷമിച്ചിരിക്കയായിരുന്നു.

കൃഷ്ണമേനവൻ:—എനിക്കു അത്യാവശ്യമായിട്ടു ഒരു രോഗിയെ നോക്കാൻ പോകേണ്ടിയിരുന്നു. അവിടുന്നു നേരെ ഇങ്ങോട്ടുപോന്നതാണ്.

കേശ:—ഇപ്പോഴെങ്കിലും വരാൻ സാധിച്ചതു വലിയ കാര്യമായി.

ഇങ്ങനെ സംസാരിച്ചുകൊണ്ടു അവർ തളത്തിലേക്കു പ്രവേശിച്ചു. അതിഥികൾ അപ്പോഴും ലഘുഭക്ഷണം കഴിച്ചു കഴിഞ്ഞിരുന്നില്ല.

ചില ആളുകൾ "മതിമതി" എന്നു വിലക്കുന്നതുകേട്ടു മാധവിയമ്മ പറഞ്ഞു:— അതാ ഡാക്ടർ വന്നു. ഇനിയും ഒരുപേടിയും വേണ്ട. നല്ലവണ്ണം കേററിയടിച്ചുകൊള്ളാം

ഡാക്ടർ:—തരക്കേടില്ല—പക്ഷെ ഞാൻ ബില്ല ഇങ്ങോട്ടയയ്ക്കും.

മാധവി:—വില്ലോ അമ്പോ എന്തുവേണമെങ്കിലും അയക്കണം. ഇവിടെ ഭയമൊന്നുമില്ല.

ഇങ്ങനെ അവിടുത്തെ കാപ്പിസൽക്കാരരംഗം തുലോം ഉല്ലാസപ്രദമായിരുന്നു. കാപ്പികുടികഴിഞ്ഞു എല്ലാവരും പ്രാസാദത്തിന്റെ രണ്ടാംനിലയിലേക്കുപോയി. അത്യന്തവിശാലമായ ആ മാളികപ്പുറത്തു സപുഷ്പശയ്യകളണിഞ്ഞ ഈട്ടിക്കസാലകളും വിലപ്പിടിച്ച വിരിപ്പുകളിട്ട മേശകളും അവയിൽ കളഭതാംബൂലാദികൾ സംഭരിച്ചിട്ടുള്ള വിശിഷ്ടഭാജനങ്ങളും സജ്ജീകൃതങ്ങളായിരുന്നു അതിഥികളിൽ ഓരോരുത്തരുടെയും ഇഷ്ടം അനുസരിക്കുവാൻ രാമചന്ദ്രൻ ബദ്ധോൽക്കണ്ഠനായി അവിടെ നിൽക്കുന്നുണ്ടു്. അധികം പൊക്കമില്ലാത്തതും അഷ്ടകോണാകൃതിയിലുള്ളതുമായ ഒരു ചെറിയ ഈട്ടിമേശയിൽ ഒരു ഹാർമ്മോണിയപ്പെട്ടിയും സമീപത്തുഒരു കൊച്ചുകസേരയുംകാണപ്പെട്ടു. ആ ആഹ്ലാദരംഗത്തെ ഗാനസ്വരമാധുരിയിൽ ആറാടിക്കാൻപോകുന്നതു ആരാണെന്നു ചിലർ കുതുകോത്തരംഗിതരായിരിക്കവേ സരളയും കുറുപ്പും ഡാക്ടരും മററും അവിടെ പ്രവേശിച്ചു സദസ്യരെ അപഹൃതചിത്തവൃത്തികളാക്കിക്കൊണ്ടു സരള കുറച്ചുനേരം ഹാർമ്മോണിയം വായിക്കയുണ്ടായി അവളുടെ അംഗുലികളുടെ സ്പർശത്താൽ ഹാർമ്മോണിയത്തിൽനിന്നുഉൽഗളിച്ച സംഗീതം അവിടെ ഇരുന്നവരുടെ "ചെവികളിരെ മധുളീമാധുരി"പെയ്തു കുറേനേരം ഉല്ലാസപൂർവ്വമായി സല്ലാപംചെയ്തശേഷം അതിഥികൾ എല്ലാം യാത്രപറഞ്ഞു പിരിഞ്ഞു.

അദ്ധ്യായം ൯൦.

മുകുന്ദന്റെ അമ്മയും ധൂർത്തനായ മുകുന്ദനുംകൂടി ഏകദേശം ഒന്നരവ്യാഴവട്ടംകൊണ്ടു ദുർവ്വിനിയോഗം ചെയ്തു നീക്കിയാൽ ചന്ദ്രശേഖരൻപിള്ളയുടെ സ്വത്തു മൂവായിരംരൂപയിൽ കൂടുതൽ കാണുകയില്ല. അച്ഛന്റെ വിൽപത്രം അനുസരിച്ച് ഈ സ്വത്തിന്റെ സിംഹഭാഗത്തിനും ഉടമസ്ഥൻ രാമചന്ദ്രൻ ആയിരുന്നു. എന്നാൽ കേശവക്കുറുപ്പിനോടു ആലോചിച്ചശേഷം ആ സ്വത്തിന്റെ നേർപകുതി രാമചന്ദ്രൻ മുകുന്ദനുനൽകി. പന്നീടു അവൻ തനിക്കുള്ള ഭാഗത്തിൽ അഞ്ഞൂറുരൂപയുടെ വസ്തുക്കൾ തന്റെ ബാല്യകാലധാത്രിയായിരുന്ന കല്യാണിയമ്മയ്ക്കും ഇഷ്ടദാനമായി അർപ്പിച്ചു. അവൾക്കു അതു ലഭിച്ചപ്പോഴുണ്ടായ ആനന്ദം സീമാതീതമായിരുന്നു. ആ പണത്തിന് ഒരു ചെറിയ തുണ്ടു സ്ഥലംവാങ്ങി പഴയ കച്ചവടം നടത്തി അവൾ ക്രമേണ അഭിവൃദ്ധിയെ പ്രാപിച്ചു.

മുകുന്ദനുകിട്ടിയ വസ്തുക്കൾ അവൻ അപ്പൊഴേ വിലയെഴുതി; അതിൽനിന്നുകിട്ടിയ പണവുംകൊണ്ടു മദ്രാസിൽ പോയി ധൂർത്തടിച്ചു ആ പണം തീർന്നപ്പോൾ അവൻ പഴയപടി കള്ളപ്രമാണനിർമ്മാണം, വഞ്ചന മുതലായ കുററങ്ങൾ ചെയ്തു. ഒടുവിൽ ബ്രിട്ടീഷിൻഡ്യയിലെ ഒരു കാരാഗൃഹത്തിൽ അവനു ജീവപര്യന്തം സ്ഥാനം ലഭിച്ചു.

കുറുപ്പിന്റെയും കുഞ്ഞുലക്ഷ്മിയമ്മയുടെയും നിർബന്ധം നിമിത്തം സുരേന്ദ്രൻ ജനറൽ ആശുപത്രിയിൽ ഒരു സർജിയൺ ആയി തിരുവനന്തപുരത്തുതന്നെ വാസം ഉറപ്പിച്ചു അചിരേണ അദ്ദേഹം സരളയെ പാണിഗ്രഹണം കഴിച്ചു. അവരുടെ വിവാഹമഹോത്സവം കുചേലനും കുബേരനും ഒരുപോലെ മൃഷ്ടാഷ്ടിയും തുഷ്ടിയും നൽകുന്നതായിരിക്കാൻ കുഞ്ഞുലക്ഷ്മിയമ്മ പ്രത്യേകം ശ്രദ്ധിച്ചു.

കേശവക്കുറുപ്പു രാമചന്ദ്രനെ പുത്രനായി ദത്തെടുത്തു; അവന്റെ ചേതസ്സിനു സംസ്കാരം സിദ്ധിക്കാൻ വേണ്ട വിജ്ഞാനസമ്പത്തും ഉണ്ടാക്കിക്കൊടുത്തു. വിദ്യാസമ്പത്തുകൊണ്ടു അവന്റെ ശിരസ്സ് വിനയനമ്രമായി; ഹൃദയം ആകാശമണ്ഡലംപോലെ വിശാലവും വിശദവും ആകയുംചെയ്തു അവൻ സർവ്വജീവികളോടും പ്രണയവും അനുകമ്പയുംസംവഹിച്ചു അവന്റെരണ്ടുകൈകളും ദീനജനോദ്ധാരണത്തിനു സദാ പ്രവർത്തിച്ചുകൊണ്ടിരുന്നു. അവന്റെ ധനവും സ്വാധീനശക്തിയും ജീവിതക്ലേശോഷ്മാവാൽ തപ്തരായുള്ളവരെ കുളുർപ്പിക്കുന്ന രണ്ടു വെൺചാമരങ്ങളായി പരിലസിച്ചു. ആർക്കെങ്കിലും ഒരു ചെറിയ ഗുണമെങ്കിലും ചെയ്യാത്ത ഒരു ദിവസവും തന്റെ ജീവിതത്തിൽ ഉണ്ടായിരിക്കരുതെന്നുള്ള ദൃഢവ്രതത്തെ ആജീവനാന്തം പരിപാലിക്കുവാനുള്ള മഹാഭാഗ്യം അവനു ലഭിക്കയും ചെയ്തു.

പാചകകല.

എസ്സ്. എ. പിള്ള, കടയ്ക്കൽ.

രണ്ടാംഭാഗം (തുടച്ച്.)

5. ചക്ക ഉപ്പേരി. ഇതിന്ന പലഹാരങ്ങളുടെ കൂട്ടത്തിലും ഒരു നല്ല സ്ഥാനമുണ്ട്. സ്വാദും വളരെ കടന്നനിലയിലാണെന്ന തീർച്ചതന്നെ. ഉപയോഗിക്കുന്ന ചക്ക നല്ലതുപോലെ വിളഞ്ഞതായിരിക്കണം. എന്നാൽ പഴപ്പിൻെറ ലേശംതട്ടിയിരിക്കയുമരുതു്. ചുള എടുത്തു അകത്തെ കുരുവും പാടയും കളഞ്ഞു ഓരോ ചുളയും നാലോ അഞ്ചോ ആയി കീറി ശുദ്ധജലത്തിൽ കഴകി പാകത്തിന്ന ഉപ്പും അല്പം മഞ്ഞളും (ഇതു നിറക്കൂട്ടത്തിന്നവേണ്ടിയാകുന്നു) ചേൎത്തു കൊള്ളണം. അടുപ്പിൽ വെളിച്ചെണ്ണ തിളയ്ക്കുമ്പോൾ അതിൽ കുറേശ്ശയായി വാരിയിട്ടു ശരിയായി മൂപ്പിച്ചു കോരിഎടുക്കണം. ചുളയ്ക്കു പഴപ്പിൻെറലേശം തട്ടിയിരുന്നാൽ ഉപ്പേരി പാകത്തിന്ന മൂക്കുകയില്ല. എണ്ണ ധാരാളം ചിലവുവരും. ദുസ്സ്വാദിന്നും കാരണമാകും. ചിലതു കടിച്ചാൽ പൊട്ടാത്തമാതിരിയിലും വന്നുപോകും. ഇപ്പറഞ്ഞ ദൂഷ്യങ്ങളുടെ ഗുണദോഷം ചിന്തിച്ചു ഇതിലേക്കു ഉപയോഗിക്കുന്ന ചക്ക തിരഞ്ഞെടുത്തുകൊള്ളേണ്ടതാകുന്നു

6. ചീവക്കിഴങ്ങുപ്പേരി. ഇവയുടെ തൊലിപോക്കുന്നതിനാണ വൈഷമ്യമുള്ളതു്. വെള്ളത്തിൽഇട്ടു് വിരൽകൊണ്ടു് അമൎത്തിത്തേച്ചോ, വളരെയുണ്ടെങ്കിൽ ഒരു ചൂരൽകുട്ടയിൽ തട്ടി ഒരു ചെമ്പിൽ വെള്ളം ഒഴിച്ചു് അതിൽ കുട്ട ഇറക്കിവച്ചു് ചവട്ടിതിരുമിയൊ തൊലി പോക്കാവുന്നതാണു്. തൊലിമുഴുവൻ പോയാൽ വീണ്ടും ഒന്നു രണ്ടു തവണകൂടി വെള്ളത്തിൽ കഴകി പാകത്തിന് ഉപ്പുംചേൎത്തു വെളിച്ചെണ്ണയിൽ ഉട്ടുവറുത്തു് പാകത്തിന്ന എടുത്തുകൊള്ളണം. ഇതു് മററു ഉപ്പേരികളെപ്പോലെ മുറുകി മൊരിയുകയില്ല അപ്രകാരം മൊരിക്കുന്ന പക്ഷം അതിൻെറ യഥാൎത്ഥമായ നല്ല സ്വാദും നഷ്ടമാകുന്നതാണു്. ഇതു് രണ്ടു ദിവസത്തെ ഉപയോഗത്തിന്ന നന്നായിരിക്കും.

7. ശക്കരവള്ളി (മധുര) കിഴങ്ങുപ്പേരി. ഇതിൻെറ തൊലിചുരണ്ടി കനംകുറച്ചു് വട്ടത്തിൽ നുറുക്കി വൃത്തിയായി കഴുകി ഉപ്പും ചേൎത്തു വെളിച്ചെണ്ണയിൽ മൂപ്പിച്ചെടുത്തുകൊള്ളണം. ഉപ്പു ചേൎക്കുന്നതിനോടുകൂടി അല്പം നല്ലമുളകു് നേൎമ്മയായി അരച്ചു് പിരട്ടിക്കൊണ്ടാൽ വളരെ രുചിപ്രദമായിരിക്കും

8. മരച്ചീനിഉപ്പേരി. ഇതിലേക്കു വാടിയകിഴങ്ങു് നന്നല്ല. ഉപ്പേരിക്കു് അപ്പോൾ പറിച്ച കിഴങ്ങുതന്നെ ആയിരിക്കണം പുറന്തൊലിയും അതിനകത്തുള്ള കനത്ത വെള്ളത്തൊലിയും പോക്കി വററലിന്ന പറഞ്ഞപ്രകാരം കനംകുറച്ചു നുറുക്കി കഴുകി അല്പം മഞ്ഞളും ഉപ്പും ചേൎത്തു് വെളിച്ചെണ്ണയിൽ വറുത്തു മൂപ്പിച്ചെടുക്കണം. കണ്ടാൽ ഏകദേശം ചക്കച്ചുളഉപ്പേരിയെന്നോണം തോന്നുമെങ്കിലും വായിലിട്ടാൽ സ്വാദുകൊണ്ടുമാത്രം തരംതിരിച്ചറിയാൻ സാധിക്കുന്നതാണു്. പാകത്തിന്ന വറുത്തെടുത്ത മരച്ചീനിഉപ്പേരി വളരെ സ്വാദുള്ളതായിരിക്കും.

9. കാച്ചിൽഉപ്പേരി. കാച്ചിലുകൾ പലജാതിയുണ്ടു്. അവയെല്ലാം ഉപ്പേരിക്കു് യോഗ്യവുംതന്നെ. വളരെ വലുതായോ തീരെ ചെറുതായോ പോകാതെ ഏകദേശം മുക്കാൽഇഞ്ചു് നീളംവീതി കനത്തിൽ നുറുക്കിക്കൊള്ളണം. കൊഴുപ്പുള്ളതാകയാൽ രണ്ടുമൂന്നുപ്രാവശ്യം ശുദ്ധജലത്തിൽ (കാച്ചിലിൻെറ കൊഴുപ്പു എത്രതന്നെ കഴുകിയാലും വിട്ടുമാറുകയില്ല. പക്ഷെ വറുക്കുമ്പോൾ ആ കൊഴുപ്പു നശിക്കുന്നതാണു്) കഴുകി പാകത്തിന് ഉപ്പും അല്പം മഞ്ഞളുംചേൎത്തു പിരട്ടി വെളിച്ചെണ്ണയിൽ വറുത്തെടുക്കണം.

10. വഴതനങ്ങാഉപ്പേരി ഇതു് അധികം വിളഞ്ഞതായിരിക്കരുതു്. ഞെട്ടോടുകൂടി വഴതനങ്ങാ ഒന്നരഅംഗുലം നീളത്തിൽ നുറുക്കി ഓരോന്നും നാലായിമുറിച്ചുകൊള്ളണം. ഈ കഷണങ്ങളെ കറപോക്കി പിന്നീടു ശുദ്ധജലത്തിൽ രണ്ടുതവണ കഴുകി പാകത്തിന് ഉപ്പുംചേൎത്തു വെളിച്ചെണ്ണയിൽ വറുത്തെടുക്കണം. എടുത്തു അല്പസമയത്തിനുള്ളിൽ തണുത്തുപോകും. എങ്കിലും രുചിക്കുറവിന് വഴിയില്ല. വഴതനങ്ങയിൽ രുചയേറിയഭാഗം അതിൻെറ ഞെട്ടാണെന്നും അതുകൂടി ചേൎത്തു് വറുത്തുകൊള്ളേണ്ടതാണെന്നും പ്രത്യേകം ധരിച്ചിരിക്കണം.

11. പാവയ്ക്കാഉപ്പേരി. ഇതിന് കൊമ്പൻപാവയ്ക്കായും ഉണ്ടപ്പാവയ്ക്കായും നന്നുതന്നെ. ഉണ്ടയാണെങ്കിൽ ഓരോന്നും രണ്ടോ മൂന്നോ കഷണമാക്കിക്കൊള്ളണം. കൊമ്പൻപാവയ്ക്കാ രണ്ടുമൂന്നു നെല്ലിട കനത്തിൽ വട്ടമായോ, ഒന്നോ ഒന്നരയോ അംഗുലം നീളത്തിലോ കഷണമാക്കണം. തൈരിൽ പാകത്തിന് ഉപ്പുചേൎത്തു അതിൽ കഷണംതട്ടി ഒരുമണിക്കൂർനേരം വച്ചിരുന്നശേഷം (ഉപ്പും തൈരും ശരിയായി പിടിക്കാൻ ഇത്രയുംസമയം ആവശ്യമാണു്.) വെളിച്ചെണ്ണയിൽ വറുത്തു പാകത്തിന് മൂപ്പിച്ചുകൊള്ളേണ്ടതാണു്. മോരുകൂട്ടിയുള്ള ഭക്ഷണത്തിന് പാവയ്ക്കാഉപ്പേരി ഒരു പ്രധാനകൂട്ടാന്നായിരിക്കും. ഇതിൻെറ പാകത്തിൽ ഒരു സംഗതി പ്രത്യേകം ഓൎമ്മിക്കേണ്ടതുണ്ടു്. അതായതു പാവയ്ക്കാ ശുദ്ധജലത്തിൽ കഴുകിതോൎന്നതിന്നശേഷം കഷണമാക്കിക്കൊള്ളണമെന്നതുതന്നെ. നുറുക്കി കഴുകാൻ ഇടയായാൽ കൈപ്പു അധികരിക്കുന്നുണ്ടു്. നൈപ്പാവയ്ക്കാഎന്ന ഇനത്തിന് അശേഷം കൈപ്പില്ലഎന്നും അതിന് തൈരുചേൎക്കേണ്ട ആവശ്യമില്ലെന്നും അറിയണം.

12. ശക്കരപിരട്ടിഉപ്പേരി. പായസവൎഗ്ഗങ്ങളിൽ പ്രഥമസ്ഥാനം പാൽപ്രഥമന്ന ലഭിച്ചിരിക്കുന്നതുപോലെ ഉപ്പേരിജാതികളിൽ ഒന്നാംസ്ഥാനം ലഭിച്ചിട്ടുള്ളതു ഇതിന്നാണു്. ഇതിലേക്കു ഉപയോഗിക്കുന്ന നേന്ത്രക്കാ (ഏത്തൻകായ്) നല്ലതുപോലെ വിളഞ്ഞതും എന്നാൽ പഴപ്പിൻെറ ഗന്ധംപോലും തട്ടീട്ടില്ലാത്തതുമായിരിക്കേണ്ടതു അത്യാവശ്യമാകുന്നു. കായുടെ തൊലിപോക്കി ഉടൻ വെള്ളത്തിൽഇട്ടു് ഓരോന്നും രണ്ടായി നടുവേകീറി ഒരംഗുലംകനത്തിൽ കവിയാതെ നുറുക്കി മോരൊഴിച്ചു ശുദ്ധിചെയ്തുകൊള്ളണം. ഇതിന് മഞ്ഞളും ഉപ്പും പിരട്ടേണ്ടതില്ല. കുറേശ്ശ എടുത്തു വെളിച്ചെണ്ണയിൽഇട്ടു പാകത്തിന് വറുത്തു മൂപ്പിക്കണം ഇടിച്ചാൽ തവിടുപോലെപൊടിഞ്ഞുപോകുന്ന പാകത്തിൽ കോരി ഒരു പുതിയ മൺകലത്തിൽ മൂന്നുമണിക്കൂർ നേരം ഇട്ടുവയ്ക്കുക. അത്രയും സമയംകൊണ്ടു് അതിലുള്ള എണ്ണമയംമുഴുവൻ അതിൽനിന്നു് വിട്ടുപോകുന്നതാണു്.

അടുത്തതായി ശക്കര പാവുകാച്ചുകയാണുവേണ്ടതു്. ഒരുതുലാം വറുത്തകഷണത്തിന്ന മുക്കാൽതുലാം നല്ല ഉണ്ടശ്ശക്കര(ഈതോതനുസരിച്ചു് കുറഞ്ഞഅളവിനും ചേൎത്തുകൊള്ളണം.) ഇരുനാഴിഉരി വെള്ളത്തിൽ കലക്കി അററിച്ചു് ഇറക്കി കോരിയാൽ കമ്പിപോലെ വരുന്നപാകത്തിൽ അല്പംകൂടി കുറുകുമ്പോൾ അതിൽ ഉപ്പേരിക്കഷണങ്ങൾ വാരിയിട്ടു ഓട്ടുചട്ടുകംകൊണ്ടു പാവു കഷണങ്ങളിൽ ശരിയായി പിടിക്കത്തക്കവണ്ണം സാവധാനത്തിൽ ഇളക്കണം. അതോടുകൂടിത്തന്നെ അല്പം ചുക്കും ജീരകവും (സുഗന്ധത്തിന്) പൊടിച്ചു അല്പം പഞ്ചസാരകൂടി കലൎത്തി ഇടയ്ക്കിടയ്ക്കു വിതറി ഇളക്കി യോജിപ്പിച്ചുകൊള്ളണം. ഇതിൻെറ (പൊടിയുടെ) ആവശ്യം രണ്ടുപ്രകാരത്തിലത്രെ 1. ഉപ്പേരിക്കു ശരിയായ സുഗന്ധം ഉണ്ടാകുന്നു. 2. ഉപ്പേരി തമ്മിൽചേൎന്നുകൂട്ടിപ്പിടിച്ചുപോകാതിരിക്കയും ചെയ്യും. പഞ്ചസാര വളരെ കുറച്ചുമാത്രമെ ഉപയോഗിക്കാവൂ. ഈ ഉപ്പേരി മലയാളരീതിമാത്രം അനുസരിച്ചുള്ള പാചകക്രമത്തിൽ ഉൾപ്പെടുന്നു. മററുള്ള ഉപ്പേരികളൊക്കെയും ദ്രാവിഡാദിപാചകസമ്പ്രദായങ്ങളിലും സ്ഥലം പിടിച്ചിട്ടുള്ളവയത്രെ

(13) സമയഉപ്പേരി:—(ത്ധടുതി ഉപ്പേരി) ഇതു വളരെ വേഗത്തിൽ പെട്ടെന്നു നിൎമ്മിക്കുന്ന ഒരു ഉപ്പേരിയാകുന്നു ആഹാരമെല്ലാം തയാറായി ഉണ്ണാറാകുമ്പോൾ അഥവാ ഊണിനിരുന്നുകഴിയുമ്പോൾ പാകപ്പെടുത്തി എടുക്കേണ്ട ഒരു സാധനമാണിതു്. ചൂടോടുകൂടിത്തന്നെ ഉപയോഗിക്കേണ്ട ഒരു പദാൎത്ഥമാകയാലാണു തൽക്ഷണം പാകപ്പെടുത്തിയെടുക്കുന്നതു്. ചൂടാറുന്തോറും ഇതിൻെറ സ്വാദും ക്രമേണ കുറഞ്ഞുവരും. അധികം വിളഞ്ഞിട്ടില്ലാത്ത പടററുകായാണു് ഇതിന്ന വേണ്ടതു്. ഓരോന്നും നാലായി കീറി വളരെ കനംകുറച്ചു അവൽപോലെ നുറുക്കിഎടുത്തു കഴുകാതെ (കറപോലും കളയാതെ) കാച്ചുപ്പുതന്നെ ശരിയായി പിരട്ടി വെളിച്ചെണ്ണയി

ലൊ നെയ്യിലൊ വറുത്തു അധികം മൂത്തുപോകാതെ കോരി ചൂടോടുകൂടി ഇലയിൽ വിളമ്പേണ്ടതാകുന്നു.

മെഴുക്കുപിരട്ടികൾ

ഇതിനെ "പിരട്ടി ഉപ്പേരി"എന്നു ചില ദേശങ്ങളിൽ പറഞ്ഞുവരുന്നുണ്ടു്. ഇതിന്റെ പാചകസമ്പ്രദായം സുഗമമമാണു്. ഇതിലേക്കുള്ള കഷണങ്ങൾ ശരിയായി ശുദ്ധിചെയ്തിരിക്കണം. പാകത്തിനു ഉപ്പും അല്പം മഞ്ഞളുംചേൎത്തു ശുദ്ധജലത്തിൽ ആദ്യമായി വേവിക്കണം. പിന്നീടു അതിൽ അല്പം വെളിച്ചെണ്ണവീഴ്ത്തി അല്പമായി ഒന്നു വററ്റി ചെറുചൂടോടുകൂടി ഉപയോഗിക്കേണ്ടതാകുന്നു. മിക്കസസ്യാദികളും മെഴുക്കുപിരട്ടിയാക്കാവുന്നതും, ഓരോന്നു തനിച്ചും, രണ്ടോമൂന്നോതരം യോജിപ്പിച്ചും പാകംചെയ്യാവുന്നതാണു്. വെളിച്ചെണ്ണയിൽ മൂപ്പിക്കുമ്പോൾ അതിൽക്കിടന്നു ജലമയംമുഴുവൻ വററി അല്പം ഒന്നുവെന്തു മൊരിഞ്ഞു തുടങ്ങേണ്ടതു് അവയുടെ പൂൎണ്ണമായ സ്വാദിനു അത്യന്താപേക്ഷിതമാകുന്നു. എല്ലാ വാഴയ്ക്കാവൎഗ്ഗങ്ങളും മെഴുക്കുപിരട്ടിക്കു നന്നുതന്നെ. പ്രധാനമെഴുക്കുപിരട്ടികളെമാത്രം ഇവിടെ പ്രസ്താവിക്കുന്നു.

(1) പടററുകാ മെഴുക്കുപിരട്ടി:—നല്ലതുപോലെ വിളഞ്ഞിട്ടുള്ള പടററുകായ് പുറത്തെ നാരുമാത്രം ഉരിച്ചുകളഞ്ഞു(തൊലിമുഴുവൻ വൎജ്ജിക്കരുതു്) നാലായികീറിവച്ചുകൊണ്ടു കനം നല്ലതുപോലെ കുറച്ചരിഞ്ഞു കറപോക്കി ഉപ്പും മഞ്ഞളുംചേൎത്തു വേവിച്ചു വെള്ളം വററുമ്പോൾ അതിൽ വെളിച്ചെണ്ണ ധാരാളംവീഴ്ത്തി അടുപ്പിൽ ഉള്ള കനൽതിയിൽക്കിടന്നു ശരിയായി മൊരിയണം. വളരെ സ്വാദുണ്ടായിരിക്കും. മോരുകൂട്ടി ഭക്ഷിക്കുമ്പോൾ ചെറുചൂടോടുകൂടി ഉപയോഗിക്കാൻ രുചിപ്രദമായിരിക്കും.

നേന്ത്രക്കാ, മററു വാഴയ്ക്കാകൾ ഇവയും മെഴുക്കുപിരട്ടിയാക്കാം. പാകരീതി മേൽക്കാണിച്ചിരിക്കുന്നതുപോലെതന്നെ. ഒരേകനത്തിൽ വളരെ ചെറുതായി അരിഞ്ഞു വെളിച്ചെണ്ണയിൽ അധികസമയം ഇട്ടിരുന്നു മൊരിച്ചു ഉപയോഗിക്കണമെന്നുമാത്രം ഓൎത്തുകൊണ്ടാൽ മതി.

(2) അച്ചിങ്ങാമെഴുക്കുപിരട്ടി:—പയറിന്റെ ഇളയകായ്ക്കാണു അച്ചിങ്ങയെന്നു പറയുന്നതു്. ഇതു ഒരംഗുലം നീളത്തിൽമുറിച്ചു കീറിയ പച്ചമുളകും ഉപ്പും മഞ്ഞളും ചേൎത്തു വേവിച്ചു വെള്ളം വററുമ്പോൾ ധാരാളം വെളിച്ചെണ്ണഒഴിച്ചു അതിൽക്കിടന്നു ശരിയായി മൊരിയുമ്പോൾ വാങ്ങി ഉപയോഗിച്ചുകൊള്ളണം.

(3) പാവയ്ക്കാമെഴുക്കുപിരട്ടി:—എല്ലാജാതി പാവയ്ക്കായും ഇതിനുപയുക്തമാണു. പാവയ്ക്കാതനിച്ചും, അതോടുകൂടി പച്ചമുളകു നടുവേകീറി ചേൎത്തും പാകം ചെയ്യാം. ഇതിനു മഞ്ഞൾ ചേൎക്കേണ്ട ആവശ്യമില്ല. പാവയ്ക്കാ ചെറുതായി അരിഞ്ഞു പച്ചമുളകും യോജിപ്പിച്ചു പാകത്തിനു ഉപ്പുംചേൎത്തുവേവിച്ചു വെളിച്ചെണ്ണവീഴ്ത്തി ശരിയായി മൊരിച്ചെടുക്കണം.

(4) വഴുതനങ്ങാമെഴുക്കുപിരട്ടി:—അധികം വിളയാത്ത വഴുതനങ്ങാതനിച്ചും അതോടുകൂടി പച്ചമുളകുകീറിച്ചേൎത്തും മെഴുക്കുപിരട്ടിയാക്കാം. വഴുതനങ്ങാ ചെറുതായി കീറി രണ്ടോമൂന്നോ ആയി നടുവേമുറിച്ചു പച്ചമുളകും പാകത്തിനു ഉപ്പുംചേൎത്തു വേവിച്ചു വെള്ളം വററുമ്പോൾ വെളിച്ചെണ്ണചേൎത്തിളക്കി മൊരിയിച്ചു വാങ്ങണം.

(5) ചേന മെഴുക്കുപിരട്ടി:—ഇതിൽ ചേനതനിച്ചും വാഴയ്ക്കാകൂടിച്ചേൎത്തും പാകംചെയ്യാം. ഇവ ചെറുതായി അരിഞ്ഞു കഴുകി (വാഴയ്ക്കാ കറ കളഞ്ഞുകൊള്ളണം) പാകത്തിനു ഉപ്പും അല്പം മഞ്ഞളുംചേൎത്തു ശരിയായിവെന്തു വെള്ളം വററിയാൽ വെളിച്ചെണ്ണ ഒഴിച്ചു മൊരിച്ചുകൊള്ളണം.

(6) താമരക്കിഴങ്ങു മെഴുക്കുപെരട്ടി:—ഇതോടുകൂട വേറെ യാതൊന്നും ചേൎക്കാൻ പാടില്ല. താമരക്കിഴങ്ങു ചെറിയ കഷണങ്ങളായി നുറുക്കി ആദ്യം ഒന്നു പുഴുങ്ങി ഊററിയശേഷം ഉപ്പും മഞ്ഞളുംചേൎത്തുവററിച്ചു വെളിച്ചെണ്ണയിൽ ശരിയായി മൊരിയിച്ചു ഉപയോഗിച്ചുകൊള്ളണം.

(7) കപ്പക്കീരമെഴുക്കുപിരട്ടി: ഇളയകീരയായിരിക്കണം. ഇല അരിയാതെ മുഴുവനായും അതിന്റെ ഇളംതണ്ടു് ചെറുതായും അരിഞ്ഞുയോജിപ്പിച്ചുകൊള്ളണം. പാകത്തിനു ഉപ്പും അല്പം വെള്ളവുംചേൎത്തുവേവിച്ചു് വററുമ്പോൾ അല്പം വെളിച്ചെണ്ണ ചേൎത്തു ശരിയായി വാട്ടിക്കൊള്ളണം.

(തുടരും)

THE MALAYALA RAJYAM

വിദ്യാരംഭവില്പന — വില കുറച്ചിരിക്കുന്നു.

വിദ്യാരംഭം പ്രമാണിച്ച് ഈ കന്നി ൧൫-ാംനു-മുതൽ അടുത്ത തുലാം ൧൫-ാംനു- വരെ ഞങ്ങളുടെ സ്വന്തം പ്രസിദ്ധീകരണങ്ങൾക്കു ൨൦ ശതമാനം കമ്മീഷൻ നൽകുന്നതാണ്.



നവരാത്രിദിനങ്ങളിൽ
പ്രത്യേകിച്ചും പാരായണയോഗ്യവും നവരാത്ര്യാഗമത്തിന്റെ സമ്പൂർണ്ണവിവരണങ്ങളടങ്ങിയതും ആകർഷകങ്ങളായ കാളിയുടെ വിവിധദശകളിലുള്ളതും ഇതിൽ കാണുന്ന വിധത്തിലുള്ളതും സപ്തചിത്രങ്ങളാൽ പ്രശോഭിതവും ആയ

ശ്രീമഹാദേവീഭാഗവതം

ഗദ്യഗ്രന്ഥം.

വിദ്യാരംഭവില രൂ ൧ ണ ൪.

ഭോഗാസക്തരായ ലൗകികന്മാരെ പിൻതിരിച്ച് മനസ്സിനു നിർവൃതി നൽകുന്ന അനവധി വിശിഷ്ട തത്വങ്ങൾ അടങ്ങിയ

ദിവ്യരഹസ്യപ്രകാശിക

ഒന്നാം ഭാഗം.

വിദ്യാരംഭവില രൂപാ ൧.

ജീവപരമാണുക്കളുടെ സംയോഗവിയോഗങ്ങളാൽ ഭവിക്കുന്ന ഛായാചലനം, ദൂരശ്രാവണങ്ങൾ, മരണാനന്തരം ആത്മാവ് അന്തരാളത്തിൽ കാര്യകാരണങ്ങളാൽ ഭൂതപ്രേതരൂപങ്ങളിൽ പരിണമിക്കുന്ന രീതി, ശരീരികളായിത്തന്നെ ജീവന്മുക്തരായി ദീർഘകാലം ജീവിക്കുന്നതിനുള്ള നിഗ്രഹോപദേശങ്ങൾ എന്നിവ സമഷ്ടിയായി കഥാരൂപേണ പ്രസ്താവിച്ചിട്ടുള്ള

ദിവ്യരഹസ്യപ്രകാശിക

രണ്ടാം ഭാഗം.

വിദ്യാരംഭവില അണ ൧൨.

മേൽ പറഞ്ഞിട്ടുള്ള ആത്മീയഗ്രന്ഥങ്ങൾ അവധാനപൂർവ്വം വായിച്ചു പരിശീലനം നടത്തുന്നവർക്കു ലൗകീകരീതിയിൽക്കൂടി ആത്മീയജീവിതം നയിക്കുന്നതിനും തദ്വാരാ സായൂജ്യപദവി അടയുന്നതിനും അനായാസേന സാധിക്കുമെന്നു ബോദ്ധ്യപ്പെടുന്നതാണ്.

N. B. ഈ സൗജന്യം ഹെഡാഫീസിൽ ആവശ്യപ്പെടുന്നവർക്കു മാത്രം.

ഇവിടെ ആത്മീയഗ്രന്ഥങ്ങൾ, ഇതിഹാസങ്ങൾ, പുരാണങ്ങൾ, വേദാന്തഗ്രന്ഥങ്ങൾ, സ്തോത്രഗ്രന്ഥങ്ങൾ, സാഹിത്യഗ്രന്ഥങ്ങൾ, ജീവചരിത്രങ്ങൾ, നോവലുകൾ, ചെറുകഥകൾ, വ്യാകരണഗ്രന്ഥങ്ങൾ, ജ്യോതിഷഗ്രന്ഥങ്ങൾ, വൈദ്യഗ്രന്ഥങ്ങൾ മുതലായ ഇനങ്ങളിൽ അനേകം ഉത്തമഗ്രന്ഥങ്ങളും, പലവകയിൽ ഉൾപ്പെട്ട അനവധി ബഹുരസികൻ ഗ്രന്ഥങ്ങളും എപ്പോഴും തയാറുണ്ട്. ഇവ കൂടാതെ ഞങ്ങളുടെ പ്രസ്സിൽ എല്ലാത്തരം അച്ചടിവേലകളും ചെയ്തുകൊടുക്കുന്നതാണ്. അച്ചടിയുടെ യഥാർത്ഥ മഹിമ അറിയേണ്ടവർ ഒരിക്കൽ ഇടപെട്ടു നോക്കിയാൽ അറിയാവുന്നതാണ്. കൂടാതെ ബ്ളാക്കുമേക്കിംഗ്, റബ്ബർസ്റ്റാമ്പുമേക്കിംഗ്, ബയന്റിംഗ്, റൂളിംഗ് മുതലായ എല്ലാ ജോലികളും കുറഞ്ഞ ചാർജ്ജിനു ക്ലിപ്തകാലത്തുതന്നെ വളരെ മിനുസമായി ചെയ്തുകൊടുക്കുന്നതിനും തയ്യാർ. കൂടുതൽ വിവരങ്ങൾ അറിയേണ്ടവർ വലിയ ക്യാററ്‌ലാഗിന് എഴുതുക.

മാനേജർ, ശ്രീരാമവിലാസം ബുക്കുഡിപ്പോ, കൊല്ലം.

ബ്രാഞ്ച്:—തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം.